F
-A

81686

# ആലത്തൂർ കാക്ക

(ചെറുകഥകൾ)

KOTTAYAM
കറന്റ് ബുക്സ് തൃശൂർ

മഹോപാദ്ധ്യായൻ,
എൻ. കേശവൻ നായർ.

LIBRARY
3273
KOTTAYAM.

പ്രസാധകന്മാർ,
വിദ്യാർത്ഥിമിത്രം ബുക്ക്ഡിപ്പോ,
ബേക്കർ റോഡ്, കോട്ടയം.
വില രൂപാ ഒന്ന്.

ഒന്നാംപതിപ്പ് കോപ്പി 1000

പകർപ്പവകാശം പ്രസാധകന്മാർക്ക്

1955 മാർച്ച്.

അച്ചടി

സർവ്വോദയം പ്രസ്സ്, കോട്ടയം

81686

# ഉള്ളടക്കം.

DISTRICT ... LIBRARY
No. ..........
KOTTAYAM.

| | | പുറം |
|---|---|---|
| 1. | പിച്ചക്കാരി | 1 |
| 2. | കവിയശഃപ്രാർത്ഥി | 8 |
| 3. | കുസുമ | 18 |
| 4. | ന്യൂസ്പേപ്പർ | 28 |
| 5. | പ്രണയകലഹം | 36 |
| 6. | പൊതുക്കാര്യപ്രസക്തൻ | 43 |
| 7. | ഗാന്ധിജയന്തി | 53 |
| 8. | കുരുപ്പിന്റെ ദുരവസ്ഥ | 64 |
| 9. | ആലത്തൂർകാക്ക | 76 |
| 10. | ബാലയോഗിനി | 93 |

81686

# I

# പിച്ചക്കാരി

**അന്നു്** ഒരൊഴിവു ദിവസമായിരുന്നു. ഊണു കഴിഞ്ഞു പത്രവും കൈയിലെടുത്തുകൊണ്ടു കസേരയിൽ ചെന്നുകിടന്ന ഞാൻ ഒന്നു മയങ്ങിപ്പോയി. "അമ്മാ ധർമ്മം തരണേ" എന്ന വിളികേട്ടു ഞാൻ ഞെട്ടി ഉണന്നു. ആറു മാസത്തിലധികം പ്രായമില്ലാത്ത ഒരു കോമളശിശുവിനെ എടുത്തുകൊണ്ടു് ഒരു യുവതി മുററത്തു നിൽക്കുന്നതായി കണ്ടു. ഇരുപതു വയസ്സോടടുത്തു പ്രായമുള്ള അവൾ ഒരു കുലീനയാണെന്നും ഏതോ കാലക്കേടുനിമിത്തം ഇങ്ങനെ അലഞ്ഞു നടക്കേണ്ടി വന്നതാണെന്നും എനിക്കു് പ്രഥമദൃഷ്ടിയിൽത്തന്നെ തോന്നി. അരിവയ്പുകാരൻ 'ധർമ്മം' കൊടുത്തിട്ടും അവൾ പോകാതെ കുഞ്ഞിനു കൊടുക്കാൻ അല്പം കഞ്ഞിവെള്ളംകൂടി ആവശ്യപ്പെട്ടുകൊണ്ടു് അവിടെ നിലകൊണ്ടു. ആ ശിശുവിൻെറ ദയനീയമായ സ്ഥിതികണ്ടു് മനസ്സലിഞ്ഞു കുറച്ചു കഞ്ഞി കൊടുക്കുവാൻ

ഞാൻ അവനോടാജ്ഞാപിച്ചു. മുററത്ത് ഒരു തണലിലിരുന്ന് അവൾ കൈയിലുണ്ടായിരുന്ന ചട്ടി താഴെ വച്ചു. ചന്തമേറിയ ആ ചപെതലിനേയും ആ യുവതിയുടെ ഭാവഭേദങ്ങളേയും ഞാൻ വളരെ സൂക്ഷിച്ചു. അവളുടെ പൂൎവ്വകഥയറിയുവാൻ എനിക്ക് അനല്പമായ താല്പൎയ്യമുണ്ടായി. ഏതായാലും ഭക്ഷണം കഴിച്ചു കഴിയട്ടെയെന്നു കരുതി അവൾക്കുകൂടി കഴിക്കത്തക്കവണ്ണം ആഹാരം കൊടുക്കുവാൻ ഞാൻ അരിവയ്പുകാരനെ ഏൎപ്പാടുചെയ്തു. ആഹാരം കഴിഞ്ഞു കൃതാൎത്ഥതയോടെ എന്നെയൊന്നു നോക്കിയിട്ട് അവൾ പോകാൻ തുടങ്ങി. ഞാൻ വിളിച്ചു, അവൾ തിരിഞ്ഞു നിന്നു. "വീടെവിടെയാണ്? മുൻപ് എവിടേയോ വച്ചു കണ്ടിട്ടുള്ളതായി തോന്നുന്നല്ലോ" എന്നു ഞാൻ ഉദാസീന ഭാവത്തിൽ പറഞ്ഞു. 'ഞാനൊരു പിച്ചക്കാരി, വീടും നാടുമില്ലാതെ ഇങ്ങനെ അലയുന്നു. ഈ ദിക്കിൽ തന്നെ പലപ്പോഴും വന്നിട്ടുമുണ്ട്.' എന്ന് അവൾ വ്യക്തമായ ഭാഷയിൽ മറുപടി പറഞ്ഞു. അവളുടെ സംസാരരീതികൂടി കേട്ടപ്പോൾ എൻെറ ജിജ്ഞാസ പൂൎവ്വാധികം വർദ്ധിച്ചു. 'ഈ രൂപത്തിൽ കണ്ടതായിട്ടല്ല എൻെറ ഓൎമ്മ. വിരോധമില്ലെങ്കിൽ പറഞ്ഞാൽ കൊള്ളാം' എന്നു ഞാൻ വീണ്ടും അഭിപ്രായപ്പെട്ടു. അവൾ അതിൽനിന്നും ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചെങ്കിലും എൻെറ നിൎബ്ബന്ധം തന്നെ ജയിച്ചു. അവൾ പറഞ്ഞു തുടങ്ങി.

'അങ്ങ് എനിക്കപരിചിതനാണ്. ഒരുപക്ഷേ നാം തമ്മിൽ ഇന്ന് ആദ്യമായിക്കാണുകയുമായിരിക്കാം.

എങ്കിലും ഒരാളൊഴിച്ചു മററാരും ഇന്നുവരെ അറിഞ്ഞിട്ടില്ലാത്ത എൻെറ ചില രഹസ്യങ്ങൾ അങ്ങയെ ധരിപ്പിക്കുവാൻ ഞാൻ ഒരുങ്ങുന്നു.' എളിയിലിരുന്നു ബഹളമുണ്ടാക്കിയ കുഞ്ഞിനെ അവൾ വാത്സല്യപൂർവ്വം ചുംബിച്ചിട്ടു തുടർന്നു:— 'ഞാൻ സാമാന്യം ധനസ്ഥിതിയുള്ള ഒരു കുടുംബത്തിലെ അംഗമായിരുന്നു. എൻെറ എട്ടാമത്തെ വയസ്സിൽ അച്ഛൻ മരിച്ചുപോയി. പതിനഞ്ചു വയസ്സുവരെ അമ്മാവൻെറ സംരക്ഷണയിൽ വളർന്നു. അക്കാലത്തു ഞാൻ സ്ക്കൂൾഫൈനൽ ക്ലാസ്സിൽ പഠിക്കുകയായിരുന്നു. കാലക്കേടുനിമിത്തം ഞങ്ങളുടെ സ്വത്തുക്കൾ പെട്ടെന്നു നിശ്ശേഷം നശിച്ചു. അല്പം അകലെയായി ഞങ്ങളുടെ ഒരു ബന്ധുഗൃഹം ഉണ്ടായിരുന്നു. എൻെറ ഭാവിയിൽ ആകാംക്ഷയുണ്ടായിരുന്ന അമ്മാവൻ എന്നെ അവിടെ കൊണ്ടുപോയി താമസിപ്പിച്ചു. പഠിത്തം മുടങ്ങിയെന്നല്ലാതെ അവിടേയും എനിക്കു പറയത്തക്ക അസുഖമൊന്നും ഉണ്ടായിരുന്നില്ല. നാലഞ്ചുകൊല്ലം ഞാൻ അവിടെ താമസിച്ചു. അവിടുത്തെ ഗൃഹനാഥൻ എൻെറ അകന്ന ഒരമ്മാവനായിരുന്നു. അക്കാലത്ത് അദ്ദേഹത്തിൻെറ മകൻ വിദേശത്ത് ഉന്നത വിദ്ദ്യാഭ്യാസം ചെയ്യുകയായിരുന്നു. അദ്ദേഹം ആണ്ടിലൊരിക്കൽ അവധിക്കാലത്തു രണ്ടുമാസം അവിടെ വന്നു താമസിക്കുമായിരുന്നു. അന്നെല്ലാം അദ്ദേഹം എന്നോടു വളരെ സ്നേഹമായും സ്വാതന്ത്ര്യത്തോടുകൂടിയും പെരുമാറി വന്നു. എൻേറയും അദ്ദേഹത്തിൻേറയും സ്ഥിതികൾക്കു തമ്മിലുള്ള വലിയ അന്തരം അറിഞ്ഞിരുന്ന ഞാൻ വളരെ കരുതിയേ

അവിടെപെരുമാറിയിരുന്നുള്ളു. പഠിത്തംകഴിഞ്ഞുവീട്ടിൽ തിരിച്ചെത്തിയ അദ്ദേഹം എന്തോ ചില ഉദ്ദേശങ്ങൾ സാധിക്കുന്നതിനായി പലവിധത്തിൽ പരിശ്രമിച്ചു തുടങ്ങി. എന്നെ വിവാഹം ചെയ്തുകൊള്ളാമെന്നും മററും പലതും പറഞ്ഞു് എന്നെ പ്രലോഭിപ്പിച്ചു. ഞാൻ ഒരു സ്ത്രീയല്ലേ? എനിക്കുമില്ലേ പല ആശകളും? കോമളനായ ഒരു പ്രഭുകുമാരന്റെ ഭാര്യയാകാമെന്നുള്ള സ്വാത്ഥചിന്ത, നാൾക്കുനാൾ തള്ളിക്കയറിവരുന്ന വികാരത്തെ ശമിപ്പിക്കുവാനുള്ള അത്യാശ ഇവ എന്നെ അദ്ദേഹത്തിന്റെ നിർബ്ബന്ധത്തിനു വഴിപ്പെടുത്തി. അചിരേണ ഞാൻ ഗർഭിണിയുമായി. കാലക്രമത്തിൽ എന്നിൽ ചില വ്യത്യാസങ്ങൾ കണ്ടുതുടങ്ങി. അതോടുകൂടി അദ്ദേഹം എന്നിൽ നിന്നും അകന്നകന്നു് എന്നെ അവിടെനിന്നും അകററുവാനുള്ള മാർഗ്ഗങ്ങൾ തെളിച്ചുകൊണ്ടിരുന്നു. എന്നിൽ ഗർഭലക്ഷണങ്ങൾ പ്രകടമായിത്തുടങ്ങി. ഞാൻ സൈ്വരിണിയാണെന്നും എന്നെ ഉടനെ അവിടെനിന്നും പറഞ്ഞയയ്ക്കണമെന്നും അദ്ദേഹം ശഠിച്ചു. 'നിരപാരാധി' യായ മകന്റെ അഭിപ്രായത്തെ മാതാപിതാക്കൾ ശരിവച്ചു. എന്നെ അവിടെനിന്നും എന്റെ വീട്ടിലേയ്ക്കു തന്നെ പറഞ്ഞയയ്ക്കാൻ അവർ തീരുമാനിച്ചു. എന്റെ കണ്ണീരും അപേക്ഷകളുമെല്ലാം വ്യത്ഥമായിത്തീന്നു. ഒടുവിൽ അവിടെനിന്നും ഞാൻ ഇറങ്ങേണ്ടിവന്നു. വളരെ കഷ്ടപ്പെട്ടു മനസ്സില്ലാമനസ്സോടെ വീട്ടിലെത്തി. വീട്ടുകാർ എന്റെ ഈ സ്ഥിതിയിൽ വ്യാകുലരായിത്തീന്നെങ്കിലും അവരും—അമ്മാവനെപ്പേടിച്ചു് എന്റെ അമ്മപോലും

—എന്നെ സ്വീകരിക്കാൻ മുതിൎന്നില്ല. 'സ്വത്തു മാത്രമേ നശിച്ചിട്ടുള്ളു, അഭിമാനം നശിച്ചിട്ടില്ല; നശിപ്പിച്ചിട്ടുമില്ല' എന്ന് എൻെറ അമ്മാവൻ അത്യന്തം ക്രുദ്ധനായിപ്പറയുന്നതു ഞാൻ കേട്ടു. അനന്യശരണയായ ഞാൻ അവിടെനിന്നും ഇറങ്ങി. അന്യരുടെ അപഹാസത്തിനു പാത്രമായി ജീവിക്കുന്നതിൽ ഭേദം മരണമാണെന്നു ഞാൻ നിശ്ചയിച്ചു. ആത്മഹത്യ തന്നെ ഈ ജീവിതഭാരത്തെക്കുറയ്ക്കട്ടെ എന്നുറച്ചു. എന്നാൽ ഒരു തെററും ചെയ്യാതെ ഉദരത്തിൽ കിടന്നിരുന്ന ഈ ശിശുവിനെക്കരുതി ഞാൻ അതിനൊരുങ്ങിയില്ല. പല സ്ഥലങ്ങളിലും അലഞ്ഞുനടന്നന്വേഷിച്ചിട്ടും ആരും എനിക്കഭയം നല്കിയില്ല. ഒടുവിൽ പ്രസവത്തിന് ഒരാഴ്ചയ്ക്കു മുൻപ് ഈശ്വരൻ എന്നെ ഒരാശുപത്രിയിൽ എത്തിച്ചു. അവിടെനിന്നും ഇറങ്ങിയിട്ട് അഞ്ചുമാസം കഴിഞ്ഞു. അന്നുമുതൽ വീണ്ടും ഒരു പിച്ചക്കാരിയായി ഇങ്ങനെ അലയുന്നു. ഇപ്പോഴും എനിക്കൊരു സമാധാനമുണ്ട്. പരിശുദ്ധയായ ഞാൻ സ്വൈരിണിയാണെന്ന് ആദ്യമേ വിധികല്പിക്കുകയും ലോകസമക്ഷം ബോദ്ധ്യപ്പെടുത്തുകയും എന്നെ ഒരു പിച്ചക്കാരിയാക്കിത്തീൎക്കുകയും ചെയ്ത ആ മഹാൻെറ അന്തഃകരണം, ഞാൻ പരിശുദ്ധയാണെന്ന് അദ്ദേഹത്തെ എപ്പോഴും ഉപദേശിക്കുന്നുണ്ട്. ഈ കുഞ്ഞ് അതിനു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. അദ്ദേഹം വിധിച്ച രൂപത്തിൽ ഒരു സ്വൈരിണിയായിക്കഴിയുന്നതു് എനിക്ക് ഏററവും അഭിമാനവും തന്നെ.'

അവശ നിന്നു. ആ മുഖഭാവം അവളുടെ വിശുദ്ധിയെ വ്യക്തമാക്കുന്നതായി എനിക്കു തോന്നി. ഒരു ജീവിതം ഇങ്ങനെ ക്ലേശഭ്രയിഷ്ഠമാക്കിത്തീർത്ത പുരുഷനേപ്പററി അറിയുന്നതിന് എൻെറ ഹൃദയം വെമ്പൽ കൊണ്ടു. 'നിങ്ങൾ പറയുന്ന ആളിൻെറ പേരെന്തു്? വീടെവിടെ? ഇപ്പോൾ ആ മനുഷ്യൻ എങ്ങനെ കഴിയുന്നു' എന്നു ഞാൻ ഉൽക്കണ്ഠയോടുകൂടി ചോദിച്ചു. 'അവരെല്ലാം വലിയ ആളുകൾ; അഭിമാനികൾ. ഞാനെന്തിന് അവരുടെ അഭിമാനത്തിനു കുറവു വരുത്തുന്നു? അതുകൊണ്ടു് അതിൽ എന്നെ നിർബ്ബന്ധിക്കരുതു്' എന്നവൾ മറുപടി പറഞ്ഞു. ഞാൻ അറിയുന്നതുകൊണ്ടു ദോഷമൊന്നുമുണ്ടാകാനിടയില്ലെന്നു വീണ്ടും നിർബ്ബന്ധിക്കുകയാൽ അവൾ പറഞ്ഞു തുടങ്ങി:— 'രാജശേഖരൻനായർ എന്നാണു് പേരു്. പിതാവിൻെറ പ്രതാപവും പണവും അദ്ദേഹത്തെ അക്കാലത്തുതന്നെ ഒരുദ്യോഗസ്ഥനാക്കിത്തീർത്തു. 'അദ്ദേഹം അന്നൊരു മുൻസിപ്പായിരുന്നു. പിന്നീടുള്ള വിവരങ്ങളൊന്നും എനിക്കറിഞ്ഞുകൂടാ.'

ഞാൻ അല്പനേരത്തേയ്ക്കു സ്തബ്ധനായിപ്പോയി. അവളുടെ എളിയിലിരുന്നുകൊണ്ടു് അടുത്തുനില്ക്കുന്ന റോസാച്ചെടിയിലെ പൂവു് പറിക്കുവാൻ വെമ്പൽകൊള്ളുന്ന ആ കുഞ്ഞിനെ ഞാൻ സൂക്ഷിച്ചുനോക്കി. സ്വപിതാവിൻെറ സുഖക്കേടുസംബന്ധിച്ചു് ഏതാനും ദിവസത്തെ അവധിയിൽ നാട്ടിൽ പോയിരിക്കുന്ന പ്രിയ സുഹൃത്തായ നായരേപ്പററിയാണു് അവൾ പറഞ്ഞതെന്നു് എനിക്കു ബോദ്ധ്യമായി. അതു് എന്നെ അത്യന്തം ചിന്താകുലനാക്കി.

വിവിധ വികാരങ്ങൾക്കു വിധേയനായി ഞാൻ കസേരയിലേയ്ക്കു വീണ്ടും മലൎന്നു. യാതൊരു ഭാവഭേദവും കൂടാതെ, എന്നോടു യാത്രപോലും പറയാതെ അവൾ ഝടിതിയിൽ അവിടെനിന്നും നടന്നു. അരിവയ്പുകാരനെ അയച്ചു വിളിപ്പിച്ചതിൽ അവൾ അതു കേട്ടതായി നടിക്കാതെ നടന്നു മറഞ്ഞതായിട്ടറിഞ്ഞു.

എന്റെ സ്നേഹിതനേക്കൂടി സംബന്ധിക്കുന്ന ഈ കഥ എന്നെ അത്യന്തം ചിന്താവിഷ്ടനാക്കി. അടക്കുവാനാവാത്ത ഹൃദയവ്യഥയോടുകൂടി ഞാൻ അവിടെത്തന്നെ കിടന്നു. അടുത്തുള്ള ദേവാലയത്തിലെ ഉച്ചമായ മണിനാദം കേട്ടു ഞാൻ ഞെട്ടിയുണൎന്നു. കണ്ണുതുറന്നു നോക്കിയപ്പോൾ എല്ലായിടത്തും അന്ധകാരം വ്യാപിക്കാൻ തുടങ്ങിയിരുന്നു.

DISTRIBUTING LIBRARY.
No.................
KOTTAYAM.

# II

## കവിയശഃപ്രാർത്ഥി.

ആ വിദ്യാലയത്തിലെ വാർഷികസമ്മേളനത്തിൽ ഒരു പ്രസംഗകർത്താവായി ഞാനും സംബന്ധിക്കേണ്ടിവന്നു. എന്നെക്കണ്ടു സമ്മതം വാങ്ങാൻ വന്നിരുന്നയാൾ എനിക്കു കേവലം അപരിചിതനായിരുന്നു. സാധാരണ ചെയ്യാറുള്ളതുപോലെ ആ ക്ഷണത്തിൽനിന്നും ഒഴിയുവാൻ ഞാൻ പലവിധത്തിൽ ശ്രമിച്ചുനോക്കി. ഒരു ഗ്രാമത്തിൽ ഉണ്ടാകാവുന്ന സദസ്സിനെക്കുറിച്ച് എനിക്കു ചില സങ്കല്പങ്ങളെല്ലാമുണ്ടായിരുന്നു. അതായിരുന്നു അങ്ങനെ ചെയ്യുവാൻ എന്നെ മുഖ്യമായി പ്രേരിപ്പിച്ചതു്. എന്നാൽ ആ മനുഷ്യന്റെ നിർബ്ബന്ധവും ഒരു വിധത്തിലും ഉപേക്ഷിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു സുഹൃത്തിന്റെ ശുപാർശയും നിമിത്തം ക്ഷണം നിരസിക്കുവാൻ എനിക്കു കഴിവില്ലാതെവന്നു. മറെറാരു പ്രസംഗകർത്താവു് എന്റെ ഒരു ചിരന്തന സുഹൃത്തായിരുന്നു.

പലപ്രസംഗവേദികളിലും ഞങ്ങൾ ഒരുമിച്ചു പങ്കെടുത്തി ട്ടുമുണ്ട്. ഇതും ആഗതനെ സാരമായിസഹായിച്ചു. യോഗ ദിവസം എന്നെ കൂട്ടിക്കൊണ്ടു പോകുവാൻ കാലേക്കൂട്ടി വ ന്നിരുന്ന ആളുമൊരുമിച്ചു ഞാൻ നേരത്തേ സമ്മേളന സ്ഥലത്തെത്തി. അന്നത്തെ അദ്ധ്യക്ഷൻ എനിക്കു നാമ മാത്രപരിചിതനും ഒരു ധനാഢ്യനും ഏതാനും ചില തോ ട്ടങ്ങളുടെ ഉടമസ്ഥനും ആയിരുന്നു. ആ വിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകൻെറ ഒരു പരോക്ഷരക്ഷിതാവു് എന്ന യോഗ്യതയായിരുന്നു ആ മഹാ സമ്മേളനത്തിലെ ആ ദ്ധ്യക്ഷ്യം അദ്ദേഹത്തിനു നൽകിയതു് എന്നു പിന്നീടു ഞാൻ മനസ്സിലാക്കി. നാട്ടുകാരുടെ സമയനിശ്ചയമനുസരി ച്ചു കൃത്യം രണ്ടുമണിക്കു യോഗം സമാരംഭിച്ചു. അദ്ധ്യക്ഷ ൻെറ അംഗരക്ഷകരെന്നു തോന്നുമാറു്, അദ്ധ്യക്ഷപീഠത്തി ന് ഇരുവശങ്ങളിലുമായി രണ്ടു കസാലകളിൽ ഞങ്ങളും ഇ രുന്നു. പതിവിൻപ്രകാരം ഈശ്വരപ്രാൎത്ഥന കഴിഞ്ഞു്, കാൽ നൂററാണ്ടിനകം പഴക്കമുള്ള ഒരു സ്വാഗതഗാന ത്തിൽ നിന്നും ചില ഭാഗങ്ങളെടുത്തുകളഞ്ഞു് ഞങ്ങളുടെ പേരുകൾ എച്ചുകെട്ടിയ സ്വാഗതഗാനം രണ്ടു വിദ്യാൎത്ഥിനികൾ പാടി. ആ സ്ക്കൂളിലെ കുട്ടികളെല്ലാം യോഗത്തിൽ സന്നിഹിതരായിരുന്നതിലുള്ള ചാരിതാൎത്ഥ്യം സ്വാഗതപ്രസംഗകൻ വ്യക്തമാക്കി. അദ്ധ്യക്ഷനേയും പ്രസംഗകൎത്താക്കളേയും വാനോളം പുകഴ്ത്തിക്കൊണ്ടുള്ള സുദീർഘമായ ആ പ്രസംഗം പ്രത്യക്ഷത്തിലുള്ള ഒരാക്ഷേപമായിട്ടാണു് എനിക്കപ്പോൾ തോന്നിയതു്. ആ അതിസ്തുതിയിൽ ഞാൻ വാസ്തവത്തിൽ വിഷമിക്കു

കയും വളരെ ലജ്ജിക്കുകയും ചെയ്തു. ഇതുപോലെതന്നെ മറെറാരു വൈതരണികൂടി അടുത്തു കടക്കേണ്ടതായിട്ടുണ്ടെന്നു് ഓർമ്മിച്ചപ്പോൾ എൻെറ വിഷമം ദ്വിഗുണീഭവിച്ചു. ഏട്ടിൽ കൊണ്ട ഈ സ്വാഗതപ്രസംഗവും, കൃതജ്ഞതാപ്രകടനവും ഈ രൂപത്തിൽ വേണ്ടെന്നു വയ്ക്കുവാനുള്ള മനസ്ഥിതി വന്നുചേരാൻ ഇനിയും എത്രനാൾ കൂടി കഴിയേണ്ടിവരുമെന്നും ഞാൻ ചിന്തിക്കാതിരുന്നില്ല പരസ്പരം പ്രശംസിക്കുക പ്രസംഗകർത്താക്കളുടെ ഒരു സാധാരണ സമ്പ്രദായമാണു്. അതിൽ സന്തോഷവും അഭിമാനവും തോന്നുകയും ചെയ്യും. എന്നാൽ ആദ്യമായി കേൾക്കുകയോ, കാണുകയോ ചെയ്യാറുള്ള ചിലരെപ്പററി, ദീർഘകാലമായി പരിചിതരെന്ന മട്ടിൽ നടത്തുന്ന ഇമ്മാതിരി അതിസ്തുതിയിൽ സന്തോഷിക്കുന്നവർ വിരളമായിരിക്കുമെന്നേ വിചാരിക്കാൻ വഴിയുള്ളു.

സ്വാഗതപ്രസംഗത്തിലെ പല ഭാഗങ്ങളും അദ്ധ്യക്ഷനു വളരെ രസിച്ചു എന്നു് അദ്ദേഹത്തിൻെറ മുഖഭാവം വ്യക്തമാക്കി. എനിക്കുണ്ടായിരുന്ന ഒരു വലിയ തെററിദ്ധാരണയെ ആ പ്രസംഗം തല്ക്കാലത്തേയ്ക്കൊന്നു ദൂരീകരിക്കുവാൻ തികച്ചും പര്യാപ്തമായിരുന്നുതാനും. 'സാഹിത്യകലാമർമ്മജ്ഞനും നിരൂപകകേസരിയുമായ ഒരു മഹാത്മാവിനെ ഈ മഹാസമ്മേളനത്തിൻെറ അഗ്രാസനാധിപതിയായി ലഭിക്കാനിടയായതിൽ സമ്മേളനഭാരവാഹികൾക്കുള്ള സീമാതീതമായ ചാരിതാർത്ഥ്യത്തെ' സ്വാഗതപ്രസംഗകൻ പ്രകടിപ്പിച്ചപ്പോൾ അദ്ദേഹത്തിൻെറ അന്തേവാസികളെക്കൊണ്ടു നിറഞ്ഞിരുന്ന ആ മഹാ

സദസ്സു ഹസ്തതാഡനംകൊണ്ടുമുഖരിതമായിത്തീൎന്നു. സ്വാഗതപ്രസംഗം കഴിഞ്ഞു് അദ്ധ്യക്ഷൻ, തുടൎന്നുള്ള ഹസ്തതാഡനങ്ങൾക്കിടയിൽ, ഉപക്രമപ്രസംഗം തുടങ്ങി. "എനിയ്ക്കു് എത്രയും പ്രിയമേറിയ കുഞ്ഞുങ്ങളും മഹാ ജനങ്ങളുമേ"— എന്നു തുടങ്ങി മുക്കാൽ മണിക്കൂർ സമയംകൊണ്ടു മുക്കിയും വിക്കിയും വായിച്ചുതീൎത്ത അദ്ധ്യക്ഷപ്രസംഗം ആ മഹാത്മാവിന്റെ നിലയ്ക്കും സ്വാഗതപ്രസംഗകൻെറ പ്രസ്താവനയ്ക്കും തികച്ചും അനുയോജ്യമായിരുന്നു. ഉപക്രമം ഒട്ടവസാനിക്കാറായതോടുകൂടി സദസ്സു തദ്ദേശവാസികളായ ഗ്രാമീണരേക്കൊണ്ടുമിക്കവാറും നിറഞ്ഞുകഴിഞ്ഞിരുന്നു. ദീർഘമായ പല പരിപാടികൾക്കിടയിൽ ഞങ്ങളുടെ കൃത്യം ഞങ്ങളും ഒരുവിധം ഭംഗിയായി നിൎവ്വഹിച്ചു. സദസ്സിൽനിന്നും തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരുന്ന അനുമോദനാരവങ്ങൾ എൻെറ പ്രസംഗം സദസ്സിനു വളരെ രസകരമായിരുന്നു എന്നു വ്യക്തമാക്കി. സമ്മാനദാനബഹളം കഴിഞ്ഞതോടുകൂടി സദസ്സു കേവലം ശുഷ്കമായി. മഹാമനസ്കനായ അഗ്രാസനർ "മഹാജനങ്ങളുടെ ക്ഷമയെ പരീക്ഷിക്കുവാൻ ഇനിയും ഒരുങ്ങുന്നില്ല" എന്നു പ്രസ്താവിച്ചു. അതത്ര പന്തിയായില്ല എന്നു കരുതിയിട്ടായിരിക്കാം ആ കൃത്യം ഏതാണ്ടു കുറവുകൂടാതെ അടുത്ത വേഷക്കാരൻ നിൎവ്വഹിക്കുകയും ചെയ്തതു്. ഇടയ്ക്കിടയ്ക്കു് അദ്ദേഹം ചില 'സ്വയംവര'ങ്ങളും നടത്താതിരുന്നില്ല. "ഞങ്ങളുടെ ക്ഷണനമനുസരിച്ചും അല്ലാതേയും സന്നിഹിതരായിരിക്കുന്ന എല്ലാ മാന്യമഹാജനങ്ങൾക്കും" ഒടുവിൽ ദേശീയഗാനം പാടാൻ തയ്യാറായി നില്ക്കുന്ന രണ്ടു കൊച്ചു

കട്ടികൾക്കുംകൂടി വിദ്യാലയത്തിൻെറ പ്രതിനിധി എന്ന നിലയിലും സ്വന്തനിലയിലും പൊതുവേയും പ്രത്യേകം പ്രത്യേകമായും കൃതജ്ഞതപ്രദർശിപ്പിച്ചു് അദ്ദേഹം സ്വ കൃത്യം ഭംഗിയായി നിർവ്വഹിച്ചു.

പ്രത്യേകം തയ്യാർ ചെയ്തിരുന്ന ഒരു സ്ഥലത്തേയ്ക്കു കാപ്പിസൽക്കാരത്തിൽ പങ്കുകൊള്ളാൻ യോഗാവസാന ത്തിൽ ഞങ്ങൾ ആനയിക്കപ്പെട്ടു. ബസ്സു കയറാൻ അവി ടെനിന്നും രണ്ടുമൂന്നുനാഴിക ദൂരം നടക്കേണ്ടിയിരുന്നതി നാൽ ഒടുവിലത്തെ ബസ്സെങ്കിലും കിട്ടത്തക്കവണ്ണം പുറ പ്പെടണമെന്നായിരുന്നു എൻെറ അപ്പോഴത്തെ ആഗ്രഹം. എങ്കിലും അപ്പോഴും അവരുടെ നിർബ്ബന്ധത്തിനു വഴി പ്പെടേണ്ടതായിത്തന്നെ വന്നുകൂടി. ആ ഗ്രാമത്തിലെ ചി ല 'പൗരപ്രമാണികൾ' ഉൾപ്പെടെ ഞങ്ങൾ ഏതാനും പേർ ഒരു വലിയ മേശയ്ക്കു ചുററും അപ്പോൾ കൊണ്ടുവ ന്നിട്ട കസാലകളിലിരുന്നു സംസാരിക്കുകയായിരുന്നു. അ തിനിടയ്ക്കു മദ്ധ്യവയസ്കനായ ഒരാൾ അത്യന്തം വിനീത നായി എൻെറ പുറകിൽ വന്നുനിന്നു കുനിഞ്ഞു് എന്നോ ടെന്തോ മന്ത്രിച്ചു. ബഹളത്തിനിടയിൽ എനിക്കതു വ്യ ക്തമായി ധരിക്കുവാൻ കഴിഞ്ഞില്ല. തിരിഞ്ഞു നോക്കി യപ്പോൾ എന്നിൽനിന്നും ഏതോ മറുപടി പ്രതീക്ഷിച്ചെ ന്നപോലെ അപരിചിതനായ ഒരാൾ അവിടെ നിൽക്കു ന്നതായിക്കണ്ടു. ഇതുപോലെ മറെറാരു "പരീക്ഷയിൽ അകപ്പെട്ടത്താൻ" അടുത്തുകൂടിയിരിയ്ക്കുന്ന ഒരാളായിരി ക്കാമെന്നു ഞാൻ സംശയിച്ചുപോയി. നാട്ടുപററാനുള്ള തിടുക്കംകൊണ്ടു്, കാപ്പിയും മററും കൊണ്ടുവരാൻ

പോയിരിക്കുന്നവർ വരാനമാന്തിക്കുന്നതിൽ മനസാ ശപി ച്ചുകൊണ്ടിരുന്ന എനിയ്ക്കു് അപ്പോൾ അത്ര സുഖമുള്ള ഒരു മുഖഭാവമല്ല ഉണ്ടായിരുന്നതു്. പൂർവ്വാധികം വിനീത നായി ആ അപരിചിതൻ എന്നെ അവിടെനിന്നും അല്പം അകലത്തേയ്ക്കു ക്ഷണിച്ചു. ഏതായാലും ചെല്ലുകതന്നെ യെന്നു ഞാനും ഉറച്ചു. "എന്നെ പരിചയമില്ലായിരി ക്കാം. ഞാൻ ഈ സ്ക്കൂളിലെ ഒരു അദ്ധ്യാപകനാണ്. അങ്ങയെ എനിക്കു കണ്ടും കേട്ടും അറിയാം. തമ്മിൽ പ രിചയപ്പെട്ടാൽ കൊള്ളാമെന്നാഗ്രഹിച്ചു തുടങ്ങിയിട്ടു നാ ളുകൾ കുറച്ചായി. ഇപ്പോൾ അതിനുള്ള ഭാഗ്യവും ലഭി ച്ചു." എന്നിങ്ങനെ എൻെറ ജിജ്ഞാസയേയോ ഇഷ്ടാ നിഷ്ടങ്ങളേയോ ഗണിക്കാതെ, വലിച്ചിഴച്ചു്, സ്വാഗത പ്രാസംഗികനേപ്പോലെ ദീർഘമായ ഒരു പ്രസംഗത്തിനു തന്നെ അയാൾ മുതിർന്നു. 'താനാരുമായിക്കൊള്ളട്ടെ. ത ൻെറ പരിചയംകൊണ്ടു തൽക്കാലം ഞാനൊന്നും നേടണ മെന്നുദ്ദേശിക്കുന്നില്ല.' എന്നെനിക്കു പറയാൻ തോന്നി യെങ്കിലും ആ സാധുവിൻെറ വിനീതമായ ഭാവം കണ്ടു് എൻെറ ഹൃദയത്തിലൊരനുകമ്പയാണ് അപ്പോൾ ഉ ണ്ടായതു്. അല്പ സമയത്തെ മൗനത്തിനു ശേഷം അയാൾ തുടർന്നു- "ഞാനൊരു കവിതയെഴുതിയിട്ടുണ്ടു്. അവിടുന്നു് അതൊന്നു വായിച്ചുനോക്കണം."

അയാൾ പോക്കററിൽനിന്നും ഒരു കവറെടുത്തു് അ തിനകത്തുണ്ടായിരുന്ന ഒരു കടലാസ്സ് എൻെറനേക്കു നീട്ടി. ഞാനതു വാങ്ങി. കവിതയുടെ പേരു കണ്ടപ്പോൾതന്നെ എനിക്കു വായിക്കണമെന്നു തോന്നിയില്ല. എങ്കിലും ഞാൻ

ആ ഭാവം പ്രകടിപ്പിക്കാതെവളരെക്ഷമയവലംബിച്ച് അതു വായിച്ചുതീർത്തു.

'ചോക്കു്' (ഗാഥ)

"കേൾക്കുവിൻ ബാലരേ, ചോക്കെന്നസാധനം
വെള്ളനിറമുള്ള വസ്തുവാണ്.
ഒടിച്ചാലൊടിയും പൊടിച്ചാൽ പൊടിയും
വെള്ളത്തിലിട്ടാലലിികയില്ല.
ബോർഡിലെഴുതീടാം പിഞ്ഞാണി ബട്ടൺസ്
ചിമ്മിനിയെന്നിവ വെളുപ്പിച്ചിടാം.
നമ്മുടെ നാട്ടിലെ മലയിൽനിന്നും
കല്ലുകൾ വെട്ടിയെടുക്കുംപോലെ
ഇംഗ്ലണ്ടിലുള്ള മലയിൽനിന്നും
ചോക്കുകൾ വെട്ടിയെടുത്തീടുന്നു."

വായിക്കുന്നതിനിടയിൽ ഞാൻ കൂടെക്കൂടെ അയാളുടെ മുഖത്ത് ഏറുകണ്ണിട്ടു നോക്കുന്നുണ്ടായിരുന്നു. അയാൾ ഉൽക്കണ്ഠയോടുകൂടി എന്നെത്തന്നെ ഉററുനോക്കിക്കൊണ്ടു നിൽക്കുന്നതായിക്കണ്ടു ഞാൻ ഗാഢമായി ആലോചിക്കുകയും അനല്പമായി രസിക്കുകയും ചെയ്യുന്ന ഭാവം നടിച്ചു. ആ സാധുവിൻെറ കഥയില്ലായ്മയേപ്പററി ഓർത്ത് ഞാൻ അറിയാതെയൊന്നു ചിരിച്ചുപോയി. പാവം; ഇതെല്ലാം കണ്ട് അയാളുടെ മുഖം പ്രസാദതരംഗിതമായിത്തീർന്നു 'താങ്കൾ ധാരാളം എഴുതാറുണ്ടെന്നു തോന്നുന്നല്ലോ. ഇതു താങ്കളുടെ ആദ്യ കവിതയായിരിക്കാനിടയില്ല'.

എന്നു ഞാൻ അനുമോദനരൂപത്തിൽ തട്ടിവിട്ടു. 'എനിക്കു ധാരാളം എഴുതിയാൽ കൊള്ളാമെന്നുണ്ടു്. എന്നാൽ അതിനു സമയമോ സൗകര്യമോ തിരെ കിട്ടുന്നില്ല ഇതു തന്നെ ഞാൻ ഒരു രാത്രികൊണ്ടെഴുതിത്തീർത്തതാണു്. ഞങ്ങളുടെ അദ്ധ്യാപകസംഘത്തിന്റെ ഈയാണ്ടത്തെ അവസാന സമ്മേളനം ഈയിടയ്ക്കാണു് കഴിഞ്ഞതു്. അതിൽ ഞാനൊരു പാഠമെടുക്കണമെന്നു നിർവാഹകൻ എന്നോടഭിപ്രായപ്പെടുകയും ഞാനതു സമ്മതിക്കുകയും ചെയ്തു. ഗാഢമായ ആലോചനയ്ക്കു ശേഷം ചോക്കിനെപ്പററി ഒരു സാധനപാഠം നടത്താമെന്നു തീരുമാനിച്ചു. അതിനായിട്ടെഴുതിയതാണു് ഈ കവിത. ആ പാഠം വളരെ ഫലിച്ചതായി എനിക്കുതന്നെ ബോദ്ധ്യമുണ്ടു്. അന്നത്തെ അദ്ധ്യക്ഷനും പല അദ്ധ്യാപകന്മാരും എന്റെ ആ പാഠത്തെപ്പററി വളരെ സ്തുതിച്ചു പറയുകയും ചെയ്തു. ആ സംഘത്തിൽ സംബന്ധിച്ചിരുന്നവരിൽ, വിശേഷിച്ചും കുട്ടികളിൽ, ഈ കവിത ഹൃദിസ്ഥമാക്കാത്തവരായി ആരുംതന്നെയില്ല. 'ഈ അദ്ധ്യാപകനെപ്പോലെ മാതൃകാപരമായരീതിയിൽ ക്ലാസ്സുകൾ നടത്താൻ എല്ലാ അദ്ധ്യാപകന്മാരും ശ്രമിച്ചിരുന്നെങ്കിൽ കുട്ടികളുടെ ഭാവി വളരെ ഭാസുരമായിത്തീരുമായിരുന്നു' എന്നും 'അദ്ധ്യാപകൻ മേലും ഇതേരൂപത്തിൽ ക്ലാസ്സുകൾ നടത്തുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കുന്നു' എന്നും അദ്ധ്യക്ഷൻ പ്രസ്താവിച്ചു. അതുകൊണ്ടു് ഈ കവിത മററു പള്ളിക്കൂടങ്ങളിലെ കുട്ടികൾക്കുകൂടി പ്രയോജനപ്പെടണമെന്നു കരുതി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയാൽ

കൊള്ളാമെന്നാശയുണ്ട്. അങ്ങയെപ്പോലുള്ള മഹാന്മാരുടെ പ്രോത്സാഹനം ഈ വിഷയത്തിൽ ഞാൻ തികച്ചും വിലമതിക്കുന്നു.'

ആ പരമ്പരവിഡ്ഢിയുടെ അച്ചടിഭാഷയിലുള്ള ഈ പ്രസംഗം അവസാനിക്കുന്നതിനുമുമ്പുതന്നെ എൻെറ കസാലയിൽ എനിക്കു വീണ്ടും ഇരിപ്പുറപ്പിയ്ക്കേണ്ടിവന്നു. അവിടെ അപ്പോൾ നടന്നുകൊണ്ടിരുന്ന വിനോദസംഭാഷണത്തിൽ പങ്കുകൊണ്ടിരുന്നവരിൽ ഒരു പക്ഷേ കൂടുതൽ രസിച്ചതു ഞാനായിരുന്നിരിക്കണം. ഇതിനിടയ്ക്ക് ഞങ്ങൾ തമ്മിൽ നടന്ന രഹസ്യസംഭാഷണത്തെപ്പററി എൻെറ സുഹൃത്ത് എന്നോടു ചോദിക്കാതെയുമിരുന്നില്ല. 'അദ്ദേഹം ഒരു കവിയാണ്'. അടുത്ത കാലത്ത് അദ്ദേഹം എഴുതിയ ഒരു കവിതയെപ്പററി എന്നോടു സംസാരിക്കുകയായിരുന്നു.' എന്നു ഞാൻ മറുപടി പറഞ്ഞു. യോഗാരംഭം മുതൽക്കേ ആ മനുഷ്യൻ ഒരു പൂർവ്വപരിചിതനേപ്പോലെ എന്നെത്തന്നെ ഉററുനോക്കിക്കൊണ്ട് ഒരു മൂലയിൽ ഒതുങ്ങി നിൽക്കുകയായിരുന്നു എന്നു ഞാൻ അപ്പോൾ എൻെറ സ്നേഹിതനിൽനിന്നും മനസ്സിലാക്കി. ഈ സാഹിത്യകാരന് അചിരേണ കൈവരാൻ പോകുന്ന കവിയശസ്സിനെപ്പററി ചിന്തിച്ചിട്ടുള്ളിലുണ്ടായ അസൂയ, കൈരളിയ്ക്ക് ഉടനെ ലഭിക്കാൻ പോകുന്ന ഒരു മഹാകവി ഇത്രനാളും ഛഡദീപമായി കഴിഞ്ഞുപോയതിലുള്ള കുണ്ഠിതം ഇങ്ങനെ പല വികാരങ്ങളും ഒരേ സമയത്തിൽ ഹൃദയത്തിൽ ഓളംതല്ലി. ഞാനൊന്നു തിരിഞ്ഞുനോക്കി. അപ്പോഴും ആ സാധു ഒരാശ്രിതനെന്നപോലെ എൻെറ

പിന്നിൽ അല്പം അകലെയായി നിൽക്കുന്നുണ്ടായിരുന്നു. സമ്മേളനത്തിന്റേയും തുടർന്നുള്ള പല കാര്യങ്ങളുടേയും നടത്തിപ്പിൽ ഈ മാതൃകാദ്ധ്യാപകനു യാതൊരു ചുമതലയും ഇല്ലാതിരുന്നതിനെപ്പററി ചിന്തിക്കാനുള്ള അവസരമോ ആവശ്യമോ എനിക്കപ്പോൾ ഉണ്ടായിരുന്നില്ല.

കാപ്പിസൽക്കാരം ഒരുവിധം ഭംഗിയായിക്കഴിഞ്ഞുകൂടി. അദ്ധ്യക്ഷന്റെ യാത്രയ്ക്കു തിടുക്കമായി. ഭാരവാഹികളുടെ അപേക്ഷയനുസരിച്ചാണെന്നു തോന്നുന്നു; മഹാമനസ്കനായ അദ്ധ്യക്ഷൻ ഞങ്ങളേക്കൂടി അദ്ദേഹം വന്ന കാറിൽ കൊണ്ടുപോകാമെന്നു സമ്മതിച്ചു. അതിനാൽ ഞങ്ങളും ഉടനെ അവിടെനിന്നും യാത്രപറഞ്ഞു. അപ്പോഴും ആ കവിയശഃപ്രാർത്ഥി അത്യന്തം വിനീതനായി 'കാതരമായ മിഴിയിണയാൽ' എന്നെത്തന്നെ നോക്കിക്കൊണ്ട് അവിടെ നിൽക്കുന്നുണ്ടായിരുന്നു.

# III

## കുസുമ.

### I

അയാളുടെ ചിരപ്രതീക്ഷിതമായ ആശ സാധിച്ചു. തൻെറ ജന്മം സഫലമായി എന്നയാൾ ഉറച്ചു. കുസുമയുടെ മുറിയിൽ അന്നുരാത്രിയിൽ ശശിക്കു പ്രവേശനം ലഭിച്ചു. ബുദ്ധിശൂന്യത കാണിക്കുകയില്ലെന്ന്—കിട്ടിയ സന്ദർഭം പാഴാക്കുകയില്ലെന്ന് — അയാൾ തീരുമാനിച്ചു. അവളുടെ തുടുത്ത കപോലങ്ങളിൽ ശശി തെരുതെരെ ചുംബിച്ചു. അരുണാധരങ്ങളെ അത്യാകാംക്ഷയോടെ മുകൻറു. ആ രാത്രി അവസാനിക്കരുതെന്ന് അയാൾ ആത്മാർത്ഥമായി ആഗ്രഹിച്ചു. അയാൾക്കു പലതും കുസുമയെ അറിയിക്കുവാനുണ്ടായിരുന്നു. സംസാരിക്കുവാൻ അയാൾക്കു നാവിളകിയില്ല. ഉന്മത്തനേപ്പോലെ ശശി എന്തൊക്കെയോ പ്രവർത്തിച്ചു. അതേ, ഒരു ഉന്മാദം!

താനൊരു ഘോരാപരാധം പ്രവർത്തിക്കുന്നതായി കുസുമയ്ക്കു തോന്നി. അവളുടെ ശരീരത്തോടൊപ്പം മനസ്സും തളൎന്നു. ഒന്നുറങ്ങുവാൻ അവൾ ആഗ്രഹിച്ചു. ഭീതയെന്നോണം അവൾ പറഞ്ഞു:— 'എനിക്കെന്തോ ഒരു ക്ഷീണം, ഒന്നുറങ്ങണം.'

"കുസുമേ, ഓമനേ, എത്ര നാളത്തെ പ്രതീക്ഷയുടെ ഫലമാണീ സമാഗമം? ബുദ്ധിശൂന്യരേപ്പോലെ നാം ഇതു പാഴാക്കുകയോ?" ശശിയുടെ പരവേശത്തോടൊപ്പം അവളുടെ ഭയവും വർദ്ധിച്ചു എങ്കിലും അവൾ ശശിക്കു വീണ്ടും വഴങ്ങുകതന്നെ ചെയ്തു.

നാഴിക നിമിഷമെന്നോണം കടന്നുപോകുന്നതായി അയാൾക്കു തോന്നി. ആലോചിച്ചുറച്ചിരുന്നതെല്ലാം അവളെ അറിയിക്കണമെന്ന് അയാൾ പല തവണ വിചാരിച്ചു. എങ്കിലും അയാൾക്കതിന് കഴിവുണ്ടായില്ല. എന്തോ ചിലതൊക്കെ അയാൾ പുലമ്പി.

രജനിയുടെ അന്തിമയാമത്തെ പൂങ്കോഴികൾ ഉദ്ഘോഷിച്ചു. മനസ്സില്ലാമനസ്സോടെ ശശി തൽക്കാലത്തേയ്ക്കു യാത്ര പറഞ്ഞു.

കുസുമ നെടുതായൊന്നു നിശ്വസിച്ചു.

## II

'കുസുമേ!'

അവൾ ഞെട്ടിയുണർന്നെഴുന്നേററു കതകു തുറന്നു. മാലതി മുറിക്കുള്ളിൽകയറി കുസുമയുടെ കട്ടിലിൽ ഇരുന്നു.

'കുസുമേ, നീ എഴുനേല്ക്കാൻ ഇന്നിത്ര താമസിച്ച തെന്തു്? നേരം വളരെ പുലൎന്നല്ലോ!

അവളുടെ കുഴിഞ്ഞ കണ്ണുകൾ, വാടിയ ചുണ്ടുകൾ, ഉയൎന്ന കുചങ്ങൾ, അഴിഞ്ഞുലഞ്ഞ കുന്തളങ്ങൾ ഇവയെല്ലാം കഴിഞ്ഞ രാത്രിയിൽ അവൾക്കുണ്ടായ അനുഭവങ്ങളെ നാത്തൂനോടു പറഞ്ഞറിയിക്കുന്നതായി അവൾക്കു തോന്നി. മാലതി അവളുടെ ചോദ്യം ആവൎത്തിച്ചു.

'എനിക്കിന്നലെ നല്ല സുഖമില്ലായിരുന്നു. ഒട്ടുവെളുപ്പായപ്പോഴാണു ഞാനൊന്നു മയങ്ങാൻ തുടങ്ങിയതു്.'

'എന്താ?'

'തലവേദന'

'നിന്റെ തലവേദന സാമാന്യമല്ലായിരുന്നു. ഈ കിടക്കതന്നെ അതു വിളിച്ചു പറയുന്നുണ്ടല്ലോ' അവൾ ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞു. മാലതി തന്നെ സംശയിക്കുന്നതായി കുസുമയ്ക്കു തോന്നി.

'ഇതിന്നു് വേണ്ടതു ചെയ്യുവാൻ നിന്റെ ചേട്ടനോടു ഞാൻ ഇന്നുതന്നെ പറഞ്ഞേയ്ക്കാം.'

'വേണ്ട. ഇപ്പോഴൊന്നുമില്ല. ഇന്നലെ രാത്രിയിൽ കുറച്ചു കൂടുതൽ സമയം പഠിച്ചുകൊണ്ടിരുന്നു. അതുകൊണ്ടായിരിക്കാം.'

'ഇങ്ങനെയിരുന്നാലോ? ഇന്നു കാളേജില്ലേ?'

'ഞാൻ ഇന്നു പോകുന്നില്ല.'

മാലതിയുടെ മനസ്സിൽ പല സംശയങ്ങളും സ്ഥലം പിടിച്ചു. അവർ പരസ്പരം ഹൃദയംതുറന്നു പെരുമാറി

യിരുന്നതിനാൽ അവർക്കു കുസുമയെ ബലമായി സംശയി ക്കുവാനും കഴിഞ്ഞില്ല. എങ്കിലും ആ ഭർത്തൃമതി കുസുമയ റിയാതെ അന്നുമുതൽ അവളെ സൂക്ഷിച്ചുതുടങ്ങി.

കുസുമ ഉന്മേഷരഹിതയായിരിക്കുന്നതു കഴിഞ്ഞ രാത്രിയിലുണ്ടായ തലവേദന നിമിത്തമാണെന്നേ അവളുടെ അമ്മ ധരിച്ചുള്ളു. പതിവുപോലെ അവൾ അന്നും പെരുമാറിയിരുന്നെങ്കിൽ മാലതിയും അവളെ സംശയിക്കുമായിരുന്നില്ല.

അനർഘമായ ഏതോ ഒന്ന് എന്നേയ്ക്കുമായി നഷ്ടപ്പെട്ടാലെന്നപോലെ ഒരു കുണ്ഠിതം കുസുമയെ ബാധിച്ചിരുന്നു ദിനകൃത്യങ്ങൾ മാലതിയെക്കരുതിമാത്രം അവൾ നിർവ്വഹിച്ചു. മിക്കവാറും സ്വന്തം മുറിയിൽത്തന്നെ അവൾ അന്നു കഴിച്ചുകൂട്ടി. 'കുസുമയ്ക്കെന്താ ഇന്നൊരു വല്ലായ്മ' യെന്ന് അവളുടെ അമ്മ കൂടെക്കൂടെ ചോദിക്കാറുണ്ടായിരുന്നു. "തലവേദന തീരെ വിട്ടുമാറിയിട്ടില്ല" എന്നു മറുപടി പറഞ്ഞു മാലതി ആ വൃദ്ധയെ സമാധാനിപ്പിച്ചു. കൂടുതലായിട്ടൊന്നും അന്നു കുസുമയോടു ചോദിക്കാൻ അവളൊട്ടു തുനിഞ്ഞതുമില്ല.

വല്ലവിധത്തിലും നേരമൊന്നു വൈകിയാൽ മതിയെന്നായിരുന്നു കുസുമയുടെ വിചാരം. അമ്മയുടെ ആശ്വാസസൂചകമായ വാക്കുകൾ കേട്ടും മാലതിയുടെ അർത്ഥഗർഭമായ പുഞ്ചിരികണ്ടും അവൾ ഒരുവിധത്തിൽ പകൽ കഴിച്ചുകൂട്ടി. സന്ധ്യ കഴിഞ്ഞതോടുകൂടി മുറിയ്ക്കുള്ളിൽ കയറി കതകുമടച്ചു.

കിടക്കയിൽ ചെന്നു കിടന്ന കുസുമയെ പലപല ചിന്തകൾ പൂർവ്വാധികം പീഡിപ്പിച്ചു. ക്ഷണികമായ ആ വികാരത്തിനു കീഴ്പ്പെട്ട ഹൃദയദൗർബ്ബല്യത്തെ അവൾ കണക്കററു പഴിച്ചു. മാലതിയുടെ സംശയത്തിനു പാത്രമായതോർത്ത് അവളുടെ സമാധാനം നിശ്ശേഷം നശിച്ചു. അവൾ പൊട്ടിക്കരഞ്ഞു പോയി

## III

ശശി പുസ്തകങ്ങളുമേന്തി പതിവുപോലെ കുസുമയുടെ വരവുകാത്തു വഴിയിൽ നിലയായി. അയാളുടെ സുഹൃത്തുക്കളും മററുള്ളവരുമെല്ലാം കടന്നുപോകുന്നതു് അയാൾ കണ്ടു. കാണേണ്ടയാളിനെമാത്രം കണ്ടില്ല. നിമിഷങ്ങളോരോന്നിനേയും അയാൾ കഠിനമായി ഭർത്സിച്ചുതുടങ്ങി. അടുത്തുള്ള കെട്ടിടത്തിൽ മണി പന്ത്രണ്ടടിക്കുന്നതു കേട്ടതോടുകൂടി അയാൾ തിരിയെ നടന്നു മുറി തുറന്നു പുസ്തകങ്ങളെല്ലാമെവിടെയോ വച്ചിട്ടു ചിന്താമഗ്നനായി കസേരയിൽ വീണു.

കാളേജു വിട്ടുവന്ന സുഹൃത്തുക്കൾ പലവിധത്തിൽ പരിശ്രമിച്ചിട്ടും ശശിയുടെ അസ്വാസ്ഥ്യത്തിൻെറ കാരണം ഗ്രഹിക്കാൻ കഴിഞ്ഞില്ല. അവരോടൊന്നിച്ചു പതിവുപോലെ അയാൾ സായന്തനസവാരിക്കിറങ്ങിയതുമില്ല. മാനസികമായ ഏതോ ഒരല്ലൽ ശശിയെ വല്ലാതെ ബാധിച്ചിട്ടുണ്ടെന്നു് അവർ തീരുമാനിച്ചു.

സ്നേഹിതന്മാരെല്ലാം പോയിക്കഴിഞ്ഞതിനുശേഷം ശശി വെളിയിലിറങ്ങി. ഉന്മത്തനേപ്പോലെ അയാൾ

കുസുമയുടെ ഗൃഹത്തിനു മുമ്പിൽക്കൂടി പലതവണ അങ്ങോട്ടുമിങ്ങോട്ടും നടന്നു. എന്നിട്ടും അവളെക്കാണാൻ അയാൾക്കു സാധിച്ചില്ല. നേരമിരുട്ടിയതോടുകൂടി അയാൾ നിരാശയോടെ മടങ്ങി. അടുത്ത രണ്ടുമൂന്നു ദിവസം കാളേജിനവധിയാണെന്നുള്ള വിവരമോർത്തു ശശി വളരെ വ്യാകുലചിത്തനായി. ലാഡ്ജിൽ ചെന്നപ്പോൾ സ്നേഹിതന്മാർ തന്റെ വരവു കാത്തിരിക്കുന്നതായിട്ടാണ് അയാൾ കണ്ടതു്. അവരുടെ നിർബ്ബന്ധപൂർവ്വകമായ ചോദ്യങ്ങൾക്കും അസഹ്യമായ പരിഹാസങ്ങൾക്കും ഒരു ശമനവും ഉണ്ടായില്ല. വീട്ടിലെ ചില അസ്വാസ്ഥ്യങ്ങൾ ഇന്നു കിട്ടിയ ഒരെഴുത്തിൽനിന്നും ഗ്രഹിക്കുകയാൽ താൻ ഇതികർത്തവ്യതാമൂഢനായിത്തീർന്നിരിക്കുകയാണെന്നു പറഞ്ഞു് അയാൾ ഒരുവിധത്തിൽ അവരിൽനിന്നും രക്ഷപ്പെട്ടു.

മറെറാന്നിലും മനസ്സുറയ്ക്കാതെ ശശി നേരത്തേ കിടക്കയെ അഭയം പ്രാപിച്ചു. കുസുമയെക്കാണാൻ, അവളുടെ വിവരമറിവാൻ, അയാളുടെ ഹൃദയം ഉഴറിക്കൊണ്ടിരുന്നു. അതിനായി പല മാർഗ്ഗങ്ങളും ആലോചിച്ചു. ഒടുവിൽ സമാധാനചിത്തനായി അയാൾ നിദ്രയെ പ്രാപിച്ചു.

അടുത്ത പ്രഭാതം ഉന്മേഷവാനായ ശശിയേയാണ് അയാളുടെ സ്നേഹിതന്മാർക്കു കാണിച്ചുകൊടുത്തതു്. ദിനകൃത്യങ്ങളിലും പഠനത്തിലും അയാൾ പൂർവ്വാധികം നിഷ്കർഷ കാണിച്ചു. പരീക്ഷ ഏററവും സമീപിച്ചിരുന്നതിനാൽ എപ്പോഴും അയാൾ പഠിച്ചുകൊണ്ടു തന്നെയിരുന്നു. അവധിദിവസങ്ങൾ കഴിഞ്ഞു. പരീക്ഷയ്ക്കെഴുതു

വാൻ തയ്യാറായി സുഹൃത്തുക്കളുമൊരുമിച്ചു ശശി കാളേജിലെത്തി. കുസുമയെ കാണാൻ ആ ഹൃദയം വെമ്പൽകൊണ്ടില്ല. കാണാതെ കഴിച്ചുകൂട്ടിയാൽ കൊള്ളാമെന്ന് അയാൾക്ക് ആഗ്രഹവുമുണ്ടായിരുന്നു.

## IV

കുസുമയുടെ ഹൃദയവ്യഥ രണ്ടുമൂന്നുദിവസങ്ങൾ കൊണ്ട് അവളുടെ ശരീരത്തെ വളരെ ശോഷിപ്പിച്ചു. ഒന്നിലും അവൾക്കൊരുന്മേഷം ഇല്ലാതായി അവളും പരീക്ഷയ്ക്കു കാളേജിലെത്തി. പരീക്ഷയെഴുതുന്നതിനേക്കാൾ അവൾ കൊതിച്ചതു് അവളുടെ ഹൃദയനാഥനെക്കാണുന്നതിനായിരുന്നു. ആ അഭിലാഷം സാധിക്കാതെ നിരാശയോടെ അവൾ രണ്ടുദിവസം വീട്ടിലേയ്ക്കു മടങ്ങി. മൂന്നാം ദിവസം വൈകിട്ടു് സ്നേഹിതന്മാരുടെ മദ്ധ്യത്തിൽ ഉന്മേഷവാനായി നില്ക്കുന്ന ശശിയെ അവൾ കണ്ടു. പല പൂർവ്വസ്മരണകളും കുസുമയുടെ ഹൃദയത്തിൽ ഓളംതല്ലി. അസാമാന്യമായ മനോവേദനയോടെ അന്നും അവൾ വീട്ടിലേയ്ക്കു മടങ്ങി. പരീക്ഷ കഴിഞ്ഞു് സ്വദേശത്തേക്കു പുറപ്പെടുന്നതിനു മുമ്പായി അദ്ദേഹം വന്നു തന്നെക്കാണുമെന്നും ആശ്വസിപ്പിക്കുമെന്നും അവൾ വിശ്വസിച്ചു. അതും അവളെ കൂടുതൽ നിരാശപ്പെടുത്തിയതേയുള്ളു.

ശശിയുടെ വാർത്തകളൊന്നുമറിയാതെ കുസുമ നാളുകൾ എണ്ണിയെണ്ണിക്കഴിച്ചു. അയാളുടെ പ്രശസ്തമായ പരീക്ഷാവിജയത്തിൽ മററാരേയുംകാൾ കൂടുതലായി അവൾ സന്തോഷിച്ചു. അതിൽ മതിമറന്ന അവൾക്ക്

41686 194-3273

അവളുടെ തോൽവിയിൽ അശേഷം സങ്കടം തോന്നിയില്ല. ഇനിയെങ്കിലും തന്റെ ഹൃദയനാഥനെക്കാണാൻ സാധിക്കുമല്ലോ എന്നവൾ സമാധാനിച്ചു. അന്നത്തെ ആ വാക്കുകൾ അവൾ ഓർത്തു. അതു നിറവേറുന്നതിനായി അദ്ദേഹം വീട്ടിൽ വരുമെന്ന് അവൾ ദിവാസ്വപ്നം കണ്ടുകൊണ്ടിരുന്നു. എല്ലാം വെറും മൃഗതൃഷ്ണയായി അവൾക്കനുഭവപ്പെട്ടു തുടങ്ങി. അവളുടെ ശരീരം അടിക്കടി ശോഷിക്കുകയും ഉദരം ക്രമേണ പോഷിക്കുകയും ചെയ്തുകൊണ്ടിരുന്നു.

കാളേജു തുറന്നു. ശശിയെ കാണാമെന്നു കുസുമയ്ക്കുണ്ടായിരുന്ന ആശ അപ്പോഴും വിഫലമായതേയുള്ളു. ആരുടേയോ നിർബ്ബന്ധംകൊണ്ടെന്നപോലെ അവൾ വീണ്ടും കാളേജിൽ പോയിത്തുടങ്ങി.

അന്നത്തെ പത്രം അവൾ കൈയിലെടുത്തു. അതിൽ അവളുടെ ദൃഷ്ടി ആദ്യമായി പതിഞ്ഞതു് ശശി ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ മകളെ വിവാഹം ചെയ്തതായും ഉപരിപഠനത്തിനായി ഉടൻതന്നെ വിദേശത്തേയ്ക്കു പുറപ്പെടാൻ ഉദ്ദേശിച്ചിരിക്കുന്നതായുമുള്ള വാർത്തയിലാണു്. പത്രം അവളറിയാതെ കൈയിൽനിന്നും താഴെവീണു. അവളുടെ ദേഹമാസകലം വിയർത്തു: ആവിടംമുഴുവൻ ഘോരാന്ധകാരം വ്യാപിക്കുന്നതായി അവൾക്കു തോന്നി. കോളേജ്കെട്ടിടം പമ്പരംപോലെ കറങ്ങുന്നതായി അവൾ വിചാരിച്ചു. വീഴാതിരിയ്ക്കാൻ കാലുകൾ തറയിൽ ഉറപ്പിക്കുകയും കസേരയിൽ ബലമായി പിടിക്കുകയും ചെയ്തു.



DISTRIBUTING LIBRARY
No.........
KOTTAYAM.

അവളുടെ ഈ ഭാവഭേദം കണ്ടറിഞ്ഞ കൂട്ടുകാർ ഓടി അടുത്തെത്തി വീശി അവളെ ആശ്വസിപ്പിച്ചു. അവളുടെ ക്ഷീണത്തെപ്പററി എപ്പോഴും സംസാരിക്കാറുണ്ടായിരുന്ന അവർ ഈ ഭാവഭേദത്തിൽ തെല്ലും സംശയിച്ചില്ല. മാലതിയെ ഭയന്നു് നേരത്തെ വീട്ടിൽപോകാതെ അവൾ ഒരു വിധത്തിൽ കാളേജ് വിടുന്നതുവരെ അവിടെ കഴിച്ചുകൂട്ടി. ചിന്ത അന്നുരാത്രി അവളെ തെല്ലുപോലും വിട്ടുപിരിഞ്ഞിരുന്നില്ല.

സമയം അവൾക്കുവേണ്ടി കാത്തുനിന്നില്ല. അവൾ ഉത്സാഹത്തോടുകൂടി സമയം കാത്തുനിന്നു. ദിനകൃത്യങ്ങളെല്ലാം ശരിക്കു നിർവ്വഹിച്ചു പതിവുപോലെ കാളേജിലേയ്ക്കു പുറപ്പെട്ടു. കൂട്ടുകാരുമായി അന്നവൾ പഴയപടി ആഹ്ലാദപൂർവ്വം പെരുമാറി. വൈകിട്ടു വീട്ടിലേയ്ക്കും തിരിച്ചു.

നേരം പുലർന്നിട്ടും കുസുമ എഴുന്നേററില്ല. അവളുടെ മുറിയുടെ വാതലിനുസമീപം പോയിനിന്നു മാലതി വിളിതുടങ്ങി. ഒടുവിൽ വിളി ഉച്ചത്തിലായി. ശബ്ദംകേട്ടു് കുസുമയുടെ അമ്മയും ജ്യേഷ്ഠനും ഓടിയെത്തി. ബലം പ്രയോഗിച്ചു കതകുതുറന്നു. വിറയ്ക്കുന്ന കൈകൊണ്ടു് എഴുതിയതുപോലെ അത്ര വ്യക്തമല്ലാത്ത ലിപിയിൽ എഴുതിയ ഒരു വലിയ കടലാസ് മുറിയുടെ വാതുക്കൽ കിടക്കുന്നതു് അവർ കണ്ടു; എങ്കിലും അപ്പോൾ അവരുടെ ശ്രദ്ധ പതിഞ്ഞതു് കട്ടിലിൽ ആപാദചൂഡം മൂടിപ്പുതച്ചു കിടന്നുറങ്ങുന്ന കുസുമയിലായരുന്നു. മാലതി ഓടിച്ചെന്നു്

അവളുടെ പുതപ്പു വലിച്ചുമാററി. ശരീരം മുഴുവൻ നീലിമ പൂണ്ടു് വിറകുകൊള്ളിപോലെ നീണ്ടുനിവന്നുകിടക്കുന്ന കുസുമയെക്കണ്ടതും 'സുമേ, എൻെറ മോളേ!' എന്നു് മാറത്തടിച്ചു നിലവിളിച്ചുകൊണ്ടു് അവളുടെ അമ്മ നിലംപതിച്ചതും ഒരേനിമിഷത്തിലായിരുന്നു.

# IV

## "ന്യൂസ്പേപ്പർ."

### I

കുട്ടൻപിള്ളയ്ക്കു് ഈയിടെയായി പത്രപാരായണത്തിൽ ഒരുവക ഭ്രാന്തുതന്നെയാണു്. ആ നാട്ടിലുള്ള ഒന്നു രണ്ടു വായനശാലകളിലും അടുത്തുള്ള ചില വീടുകളിലും വരാറുള്ള പത്രങ്ങളെല്ലാം അയാൾ പതിവായി നോക്കാറുണ്ടു്. പട്ടാളത്തിൽ പോകുന്നതിനു മുമ്പും സ്വന്തം കാപ്പിക്കടയിലെ കണക്കെഴുത്തു് പരസഹായം കൂടാതെയാണു് അയാൾ നിർവ്വഹിച്ചിരുന്നതു്. ഏതു വാർത്തയും ചൂടോടെ അറിയണമെങ്കിൽ കുട്ടൻപിള്ളയെ സമീപിച്ചാൽ മതിയെന്നു് ആ നാട്ടിലുള്ള ചിലർ പലപ്പോഴും പരിഹാസമായിപ്പറയാറുണ്ടു്. പട്ടാളജീവിതത്തിനു ശേഷം അയാൾക്കു നേരിട്ട ഈ 'മാനസാന്തര'ത്തെ നിർമ്മത്സരന്മാരായ ചിലർ പ്രശംസിക്കാതെയുമിരുന്നിട്ടില്ല. എന്നാൽ ഏതു പത്രമായാലും കൈയിൽ കിട്ടിയാലുടൻ അത്യാർത്തി

യോടെ മറിച്ചുനോക്കുന്ന പിള്ളയ്ക്കു് ഏഷ്യൻറിലേഷൻ സ്കാൺഫ്‌റൻസ്, മൗണ്ട്ബാററൻപ്രഭു ചാർജ്ജെടുത്തതിനു ശേഷമുള്ള ഇൻഡ്യൻസ്ഥിതിഗതികൾ, മദ്രാസിലെ പുതിയ മന്ത്രിസഭയുടെ പ്രവത്തനം, തിരുവിതാംകൂർ ഭരണപരിഷ്ക്കാരത്തിൽ വരുത്തിയ മാററം മുതലായ വിഷയങ്ങളുടെ സംഭവ വികാസങ്ങളെല്ലാം മനഃപാഠമാണെന്നു പലരും ധരിച്ചിരുന്നു. വാസ്തവത്തിൽ കുട്ടൻപിള്ളയ്ക്കു് അവയെപ്പററിയൊന്നുമറിഞ്ഞുകൂടാ; അറിയണമെന്നൊട്ടാശയുമില്ല നാട്ടിലുണ്ടായിരുന്ന കാലത്തുതന്നെ സാധനങ്ങൾ പൊതിയാനുപയോഗിക്കുകയെന്നതിൽ കവിഞ്ഞു പത്രങ്ങളുമായി മററു പറയത്തക്ക പൊരുത്തമൊന്നുമില്ലാതിരുന്ന കുട്ടൻപിള്ളയ്ക്കു് ബർമ്മാ-ആസ്സാം മലയിടുക്കുകളിലും മററുമായി കഴിച്ചുകൂട്ടേണ്ടിവന്ന ഔദ്യോഗികകാലത്തു പത്രപാരായണത്തിലുണ്ടാകാവുന്ന ആസക്തിയും സൗകര്യവും ഏറെക്കുറേ ഊഹിക്കാമല്ലോ. ഏതായാലും ചുരുങ്ങിയ ഒരു കാലംകൊണ്ടു 'ന്യൂസ്പേപ്പർ' എന്ന പുതിയ പേരിന് കുട്ടൻപിള്ള അർഹനായിക്കഴിഞ്ഞിരുന്നു.

ചില സായന്തനവേളകളിൽ വായനശാലയിൽ കൂടാറുള്ള യുവാക്കന്മാരുടെ വാത്താവിമർശനങ്ങളിൽ പങ്കെടുക്കുകയെന്ന ദൗർഭാഗ്യത്തെ ഇതുവരെ കുട്ടൻപിള്ളയ്ക്കു നേരിടേണ്ടിവന്നിട്ടില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നയതന്ത്രപരമായി വിജയപൂർവ്വം പിൻമാറുന്നതിനു മുന്നനുഭവങ്ങൾ പലപ്പോഴും അയാളെ സഹായിച്ചിട്ടുമുണ്ടു്.

കുടുംബഭാഗത്തിൽ സർവ്വസ്വാതന്ത്ര്യമായി തിരിച്ചു കിട്ടിയ വസ്തുവിൽ റോഡരികിൽ ഒരു കടയുണ്ടാക്കി കാപ്പിക്കച്ചവടം നടത്തിയാണു കുട്ടൻപിള്ള സ്വകുടുംബത്തെ സംരക്ഷിച്ചിരുന്നതു്. അന്നത്തെ നിലയ്ക്കു് അയാളും ഭാര്യയും രണ്ടു കുട്ടികളും ഉൾപ്പെട്ട ആ കുടുംബത്തിനു് സുഭിക്ഷമായി കാലക്ഷേപം ചെയ്യുന്നതിനുള്ള ആദായം കാപ്പിക്കച്ചവടംകൊണ്ടു പിള്ളയ്ക്കു ലഭിച്ചിരുന്നു. തന്നെപ്പോലെയുള്ള അയൽക്കാരികൾക്കു പട്ടാളത്തിൽനിന്നും മാസംതോറും പണം വരുന്നതു കണ്ടപ്പോൾ കുട്ടൻപിള്ളയുടെ സഹധർമ്മിണിക്കും അങ്ങനെയൊരാശ അങ്കുരിച്ചുതുടങ്ങി. അതു വളർന്നുവളർന്നു വന്നു് ഒടുവിൽ ഭർത്താവിനെ അറിയിക്കുവാൻതന്നെ ആസ്പദമായിത്തീർന്നു. കുറഞ്ഞൊരു നാളായി അയാളും ആഗ്രഹിച്ചുകൊണ്ടിരുന്ന ഒന്നായിരുന്നു അതു്. ഭാര്യയ്ക്കു തന്റെ അഭിപ്രായം അത്ര ഇഷ്ടപ്പെട്ടില്ലെങ്കിലോ എന്നു കരുതി ആ കുടുംബസ്നേഹി അവളെ അതറിയിക്കാതിരുന്നതാണു്. രണ്ടുപേരുടേയും അഭിപ്രായം ഒന്നായി വന്നതിൽ അയാൾ സന്തോഷിക്കുകയും പട്ടാളത്തിൽ ചേരുന്നതിനുറയ്ക്കുകയും ചെയ്തു. എങ്കിലും തന്റെ കാപ്പിക്കടയെ ഉപേക്ഷിച്ചുപോകുന്നതിൽ അയാൾക്കു് അനല്പമായ വൈമനസ്യവുമുണ്ടായിരുന്നു. ഗാഢമായ ആലോചനയ്ക്കുശേഷം കാപ്പിക്കടയും തന്റെ സർവ്വസ്വവും ഭാര്യയുടെ പേരിലാക്കുന്നതിനു് അയാൾ ഉറച്ചു. അങ്ങനെ ചെയ്തതിനുശേഷം, താൻ തിരിച്ചുവരുന്നതുവരെ

കാപ്പിക്കട പഴയതുപോലെ ഭംഗിയായി നടത്തുന്നതിന്നു ഭാര്യയെ പ്രത്യേകം ചുമതലപ്പെടുത്തി അയാൾ പട്ടാളത്തിൽ ആളെടുക്കുന്ന ദിവസം കാത്തു കഴിച്ചുകൂട്ടി.

പോലീസ് സ്റ്റേഷനിൽ ആളെടുപ്പുണ്ടെന്നറിഞ്ഞു കുട്ടൻപിള്ള നേരത്തെ അവിടെയെത്തി. ഓരോരുത്തരോടും ചോദിക്കുന്ന വിവരങ്ങളും അവരുടെ പരിശോധനയും അയാൾ വളരെ ശ്രദ്ധിച്ചു. അയാളും ഉദ്യോഗസ്ഥന്റെ മുമ്പിൽ ആനീതനായി. നിർഭാഗ്യവശാൽ കുട്ടൻപിള്ളയെ അന്നു തള്ളുകയാണുണ്ടായത്. നിരാശനായ പിള്ള അടുത്ത ആളെടുപ്പുവരെ കാത്തിരിക്കുകതന്നെ എന്നു തീരുമാനിച്ചു. ഏതാനും നാളുകൾ കഴിഞ്ഞു് ആളെടുപ്പുണ്ടായിരുന്ന മറെറാരു സ്ഥലത്തു കുട്ടൻപിള്ള ഹാജർ കൊടുത്തു. ഒരിടയ്ക്കു് അയാളുടെ കാപ്പിക്കടയിലെ 'സ്ഥിരം പുള്ളി'യായിരുന്ന ഒരു ഇഞ്ചാർജ്ജങ്ങുന്നിന്റെ ശുപാർശയനുസരിച്ചു കുട്ടൻപിള്ളയും തിരഞ്ഞെടുക്കപ്പെട്ടു. അന്നുതന്നെ സ്ഥലംവിടേണ്ടിയിരുന്നതിനാൽ അഡ്വാൻസായി ലഭിച്ച ഒരു പത്തുരൂപാനോട്ടോടുകൂടി അയാൾ വീട്ടിലേയ്ക്കു തിരിച്ചു. ഒരുവിധത്തിൽ കുടുംബത്തോടു യാത്രപറഞ്ഞു. കാപ്പിക്കടയുടെ കാര്യം പ്രത്യേകം ഏർപ്പാടുചെയ്യുന്നതിന് അപ്പോഴും അയാൾ വിസ്മരിച്ചില്ല. അന്നു രാത്രി അയാൾ ഉൾപ്പെട്ട സംഘം സ്ഥലംവിട്ടു.

## III

ഭർത്താവിനെപ്പിരിഞ്ഞ ഗൗരിയമ്മയ്ക്കു് ഒന്നുരണ്ടു മാസത്തേയ്ക്കു വളരെ സങ്കടമുണ്ടായിരുന്നു. കൂടെക്കൂടെ കിട്ടിക്കൊണ്ടിരുന്ന കത്തുകൾ മാത്രമേ അവൾക്കു തൽക്കാല

ത്തേയ്ക്ക് അല്പം ആശ്വാസമണച്ചിരുന്നുള്ളു. ഏതാനും നാളുകൾ കഴിഞ്ഞു് മുറയ്ക്കു പണം വന്നുതുടങ്ങിയതോടു കൂടി അവളുടെ സകല സങ്കടങ്ങളും അസ്തമിച്ചു. അവൾ ആകപ്പാടെ ആളൊന്നു മാറി. ചിലപ്പോഴെല്ലാം അവളുടെ കണ്ണുകൾ ഭർത്താവിനെ കാണാൻ കൊതിച്ചിരുന്നെങ്കിലും മൂന്നുകൊല്ലക്കാലത്തേയ്ക്ക് അതിനുള്ള ഭാഗധേയം ലഭിച്ചില്ല. ഇടയ്ക്ക് കൂടെക്കൂടെ അവിടെ കാപ്പികുടിക്കാൻ വന്നുകൊണ്ടിരുന്ന ഒരു ചെറുപ്പക്കാരൻ ഇപ്പോൾ അവിടെയൊരു നിത്യനായിത്തീർന്നു. അയാൾ കാപ്പിക്കടയിൽ ഗൗരിയമ്മയെ സാരമായി സഹായിക്കുകയും ചെയ്തിരുന്നു. ഇതിനിടയ്ക്ക് ആ കുടുംബത്തിലെ കുട്ടികളുടെ സംഖ്യ ഒന്നുകൂടി വർദ്ധിച്ചു.

യുദ്ധം അവസാനിച്ചു. പട്ടാളത്തിൽനിന്നും പിരിഞ്ഞു പലരും തിരിയെ നാട്ടിലെത്തിത്തുടങ്ങി. വിവരമറിഞ്ഞു ഗൗരിയമ്മയും അവരുടെ പുതിയ മിത്രവും വളരെ അമ്പരന്നു. രണ്ടുമൂന്നു മാസത്തിനകം പിരിഞ്ഞു നാട്ടിലേയ്ക്കു പുറപ്പെടാൻ സൗകര്യപ്പെട്ടുമെന്നു കാണിച്ചു കുട്ടൻപിള്ളയുടെ ഒരെഴുത്തും അവൾക്കു കിട്ടി. വളരെ കാലത്തിനിടയ്ക്കു കിട്ടിയ ആ എഴുത്ത് അവരെ കൂടുതൽ വിഷമിപ്പിച്ചു. പല രാത്രികളിലെ ദീർഘമായ കൂടിയാലോചനകളുടെ ഫലമായി സർവ്വസ്വവും വിററു നാടുവിടാൻ അവർ തീരുമാനിച്ചു. അവരുടെ തിരോധാനത്തേക്കാൾ നാട്ടുകാർക്കു സംഭാഷണവിഷയമായിത്തീർന്നതു സാധുവായ കുട്ടൻപിള്ളയുടെ ഭാവിയായിരുന്നു.

# IV

മധുരങ്ങളായ പല ദിവാസ്വപ്നങ്ങളും കണ്ടുകണ്ടു കുട്ടൻപിള്ള ഒരു സായാഹ്നത്തിൽ നാട്ടിലെത്തി. അയാളുടെ ഭാണ്ഡങ്ങളിൽ ഏറിയ പങ്കും സഹധർമ്മിണിക്കും കുട്ടികൾക്കുമായി കരുതിയിരുന്ന ചില വിശിഷ്ടവസ്തുക്കളായിരുന്നു. കാപ്പിക്കടെ അടച്ചിട്ടിരിക്കുന്നതു കണ്ടപ്പോൾ അയാൾ ജീവച്ഛവമായി. അവിടെ ആൾപാർപ്പുള്ള മട്ടും കണ്ടില്ല. ഗൗരിയമ്മ സർവ്വസ്വവും വിററു പുതിയ ഭർത്താവിനോട്ടും മൂന്നു മക്കളോടുംകൂടി സ്ഥലംവിട്ട വാർത്ത ചില അയൽക്കാരിൽനിന്നും അയാൾ അറിഞ്ഞു. കുട്ടൻപിള്ള കെട്ടിപ്പട്ടത്തിരുന്ന ആശാസൗധം പാടേ തകൎന്നുതരിപ്പണമായി. അത്യാവശ്യം വേണ്ട ചില സാധനങ്ങൾ മാത്രമെടുത്തു മററുള്ളതെല്ലാം ഉപേക്ഷിച്ചിട്ടു പ്രതികാരബുദ്ധിയോടുകൂടി അയാൾ അവരെ തേടി പുറപ്പെട്ടു. പലടത്തും അന്വേഷിച്ചിട്ടും ഒരു എത്തും പിടിയും കിട്ടാതെ അയാൾ നിരാശനായി. ശരീരവും, മനസ്സും, പണസ്സഞ്ചിയും ഒന്നുപോലെ ശോഷിച്ചു. എന്തെങ്കിലും ഒരുപജീവനമാൎഗ്ഗം സമ്പാദിച്ചു മേലുകാലം സ്വസ്ഥമായിക്കഴിയാമെന്നുറച്ചു് അതിനായി പലെടത്തും അലഞ്ഞു. പലരേയും സമീപിച്ചു. അതിലും അയാൾക്കനുഭവം നിരാശതന്നെയായിരുന്നു. ഒടുവിൽ പത്രത്തിൽ കണ്ട പരസ്യമനുസരിച്ചപേക്ഷിച്ചു് ഉദ്യോഗം ലഭിച്ച ഒരു യുവാവിനെ യാദൃച്ഛികമായിക്കണ്ടു ചില വിവരങ്ങൾ ലഭിച്ചതോടുകൂടി അയാൾ നിത്യവും പത്രവും നോക്കിക്കൊണ്ടു് ഒരു ഗ്രാമത്തിൽ ഒതുങ്ങിക്കഴിഞ്ഞുകൂടി.

## V

ഭാഗ്യദേവത കുട്ടൻപിള്ളയെ നിശ്ശേഷം കൈവെടിഞ്ഞിരുന്നില്ല. തന്റെ ആശ ഫലിച്ചതായി അയാൾ ഉറച്ചു. ഒരു കമ്പനിയിൽ ഒരു വാച്ചറെ ആവശ്യമുണ്ടെന്നും പട്ടാളത്തിൽനിന്നും പിരിഞ്ഞുവന്നിട്ടുള്ള അപേക്ഷകൾക്കു മുൻഗണന നൽകുന്നതാണെന്നും ഒരു പത്രത്തിലുള്ള പരസ്യം അയാളുടെ ദൃഷ്ടിയിൽപ്പെട്ടു. ദീനദയാലുവായ ഈശ്വരനെ അയാൾ ഉള്ളഴിഞ്ഞു സ്തുതിച്ചു. വളരെ പണിപ്പെട്ട് ആരും കാണാതെ കുട്ടൻപിള്ള ആ പത്രം കരസ്ഥമാക്കി. അടുത്ത പ്രഭാതത്തിൽത്തന്നെ കമ്പനിയിലേക്കു യാത്ര തിരിച്ചു പല വണ്ടികളും കുട്ടൻപിള്ളയെ കയററാതെ കടന്നുപോയി. അയാളുടെ ക്ഷമ കുറഞ്ഞുതുടങ്ങി. ലോകത്തിന്റെ കാപട്യത്തെയും സ്വാർത്ഥതാൽപ്പര്യത്തെയും അയാൾ കഠിനമായി ഭർത്സിച്ചു. ഒടുവിൽ ഒരു വണ്ടിയിൽ അയാൾക്കും ഇടംകിട്ടി. അതിന്റെ വേഗക്കുറവിനെപ്പററി പിള്ള പരാതിപ്പെട്ടു. വണ്ടിയിൽനിന്നും ഇറങ്ങി വീണ്ടും ബഹുദൂരം പോകേണ്ടിയിരുന്നു. പണം മിക്കവാറും തീർന്നിരുന്നതുകൊണ്ടു നടന്നും പട്ടിണി സഹിച്ചും മൂന്നാം ദിവസം അയാൾ കമ്പനിയിൽ എത്തി. ഒടുവിലത്തെ നാണയവും അതോടെ അവസാനിച്ചു. വളരെ പ്രയാസപ്പെട്ടതിനു ശേഷം മാനേജരെ കാണുവാൻ അനുവാദം ലഭിച്ചു. ആഗമനോദ്ദേശം അയാൾ മാനേജരെ അറിയിച്ചു. മാനേജരുടെ പല ചോദ്യങ്ങളും കുട്ടൻപിള്ളയ്ക്ക് അനല്പമായ ആശ്വാസമുളവാക്കിയെങ്കിലും തൽക്കാലം ഒഴിവൊന്നുമില്ലെന്ന് ഒടുവിൽ പറഞ്ഞ മറുപടി അയാളെ

വളരെ വിഷണ്ണനാക്കി; അതുകൊണ്ടും നിരാശനാകാതെ അയാാം കൈവശമുണ്ടായിരുന്ന പത്രമെടുത്ത് പരസ്യം മാനേജരെ കാണിച്ചു. ഏതാനും വാരങ്ങാംക്കു മുമ്പുണ്ടായിരുന്ന ആ പരസ്യമനുസരിച്ചു നിയമനം നടന്നുകഴിഞ്ഞ വിവരം മാനേജർ പറഞ്ഞപ്പോഴാണു് അതൊരു പഴയ പത്രമാണെന്ന് കുട്ടൻപിള്ള ധരിച്ചതു്. നിരാശനായി അയാാം അവിടെനിന്നും വെളിയിലിറങ്ങി. ഉദ്യോഗത്തിലെടുത്തുകഴിഞ്ഞാലുടൻ അഡ്വാൻസു കിട്ടുമെന്ന് മുന്നനുഭവമുണ്ടായിരുന്ന പിള്ളയ്ക്കു് അതു കിട്ടിയെങ്കിൽ മാത്രമേ എന്തെങ്കിലും ആഹാരം കഴിക്കുവാൻപോലും നിവൃത്തിയുണ്ടായിരുന്നുള്ളു. സ്വാൎത്ഥമാത്രനിരതമായ ലോകംതന്നെ അധിക്ഷേപിക്കുന്നതായി അയാാംക്കു തോന്നി. സ്ത്രീകളെപ്പോലെതന്നെ പത്രങ്ങളേയും ഒരിക്കലും വിശ്വസിക്കുവാൻ കൊള്ളുകയില്ലെന്നും രണ്ടും ഒന്നുപോലെ വ്യാജം നിറഞ്ഞതുതാണെന്നും അയാാംപിറുപിറുത്തു. ആ പത്രം നുറുനുറായി ചീന്തി കാററിൽ പറത്തി ഉന്മത്തനേപ്പോലെ എന്തൊക്കെയോ പുലമ്പിക്കൊണ്ട് എങ്ങോട്ടെന്നില്ലാതെ അയാാം നടന്നു.

# V

## പ്രണയകലഹം.

എന്താ പൊതികെട്ടു്?

സാരി.

ആൎക്കാ?

എനിക്ക്.

പിന്നെ; എന്നും സാരീംചുററിയല്ല്യോ നടക്കുന്നേ?

എന്താ, ഞാൻ സാരിയുടുത്താൽ കൊള്ളുകില്ലേ?

കൊള്ളുകില്ലെന്നാരു പറഞ്ഞു?

പിന്നെന്താ ആൎക്കാണെന്നു നീ ചോദിച്ചതു്?

എനിക്കറിഞ്ഞുകൂടാഞ്ഞിട്ടു്.

എന്തുകൊണ്ടാ നിനക്കറിഞ്ഞുകൂടാതെവന്നതു്?

എനിക്കറിഞ്ഞുകൂടാഞ്ഞിട്ടുതന്നെ.

ഞാനാൎക്കാണു സാരിയുംമററും സാധാരണ വാങ്ങിക്കാറുള്ളതു്?

ആൎക്കാ?

എന്താ, നിനക്കിത്ര സംശയം

എനിക്കു നിശ്ചയമില്ലാഞ്ഞിട്ട്.

അതെന്തുകൊണ്ടാണെന്നാ ഞാൻ ചോദിക്കുന്നത്?

എന്തുകൊണ്ടാണെന്നറിയാമല്ലോ.

ആക്കറിയാം?

അവിടെയറിയാം.

അതുകൊണ്ടുതന്നെയാണു വാങ്ങിച്ചത്.

അതുകൊണ്ടുതന്നെയാ ചോദിച്ചത് ആക്കാണെന്നും.

അതല്ലേ പറഞ്ഞത്.

കള്ളം പറഞ്ഞത്.

ഉള്ളതു പറഞ്ഞത്.

ഓഹോ, പറഞ്ഞു.

പിന്നേ; എന്റെ ഭാവം മാറുമേ.

അതെത്രയോ കണ്ടിരിക്കുന്നു.

അതുപോലെയല്ലിത്.

അതുതന്നെ ഞാനും പറയുന്നത്.

നീയെന്നെ വല്ലാതെ ദേഷ്യപ്പെടുത്തുന്നു.

എന്തേയാ.

അതെന്താ?

എന്താണെന്നൊന്നാലോചിച്ചുനോക്കു.

ഒന്നുമില്ല ആലോചിക്കാൻ.

എന്നാൽ ദേഷ്യപ്പെടാനുമൊന്നുമില്ല.

ഉണ്ട്, വളരെയുണ്ട്.

എന്നാൽ ആലോചിക്കാനുമുണ്ട്.

ഒന്നുമില്ല.

തീർച്ചയായുമുണ്ട്.

എന്തോന്നാ?

അതുതന്നെ.

ഏതു്?

അക്കാര്യം.

ഏതുകാര്യം?

ഞാനറിഞ്ഞ ആ കാര്യം.

നീയെന്തറിഞ്ഞു?

ഉള്ളതെല്ലാമറിഞ്ഞു.

അതങ്ങനെതന്നെയാണല്ലോ. അതിലെന്താ ഇത്ര പുതുമ?

ഒന്നുമില്ലേ?

ഇല്ല.

ഉണ്ടു്. ഞാനറിഞ്ഞു.

എന്തു്?

എവിടെപ്പോയതാണെന്നു്.

അതു ഞാൻ നിന്നോടു പറഞ്ഞിരുന്നല്ലോ.

അതു കള്ളമായിരുന്നു.

നിനക്കാ നിശ്ചയം?

അതേ, എനിക്കുമുണ്ടു കുറച്ചൊക്കെ.

നിനക്കു കുറച്ചല്ല, കൂടുതലുമുണ്ടു്.

അതു ബോദ്ധ്യമുണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊന്നും വരികയില്ലായിരുന്നല്ലോ.

എങ്ങനെ? സാരിയും കൊണ്ടുവരികയില്ലായിരുന്നെന്നോ?

അതല്ല.

അതല്ലെങ്കിൽ പിന്നേതാണു്?

എന്നോടു കള്ളം പറഞ്ഞിട്ടവിടെപ്പോയതു്.

നിന്നോടുള്ള തുപറഞ്ഞിട്ടാണു പോയതു്.

കള്ളം, പച്ചക്കള്ളം.

ഛേ ചൂലേ, നീയാരാ ഇതു പറയാൻ?

ഞാനാരെന്നു്! എൻെറ ദൈവമേ, എനിക്കിതു വന്നല്ലോ!

നിൻെറ ദൈവം! നിനക്കിതല്ല, ഇതിലപ്പുറവും വരാനിരിക്കുന്നു.

ഇതിലപ്പുറമിനിയെന്തു വരാനാ?

എന്തു വരാനാണെന്നോ? കാണാൻ പോകുന്ന പൂരം പറഞ്ഞറിയിക്കണോ?

ഇനിയൊന്നും വരാനും കാണാനുമിടയാക്കാതെ എന്നെ എൻെറ പാട്ടിനു വിട്ടേച്ചാമതി.

ഓഹോ, പരമണ്ട സമ്മതം.

എന്നിട്ടവിടെപ്പോയി പൊറുക്കാമെന്നായിരിക്കും ഭാവം.

അതേ. അങ്ങനെതന്നെ.

ഉം, പൊറുക്കും.

എന്നാലെന്താ?

എന്താണെന്നപ്പോഴറിയാം.

എന്തോന്നറിയാനാ?

അതപ്പോഴല്ലേ.

ആരാ അറിയിക്കാൻ?

ഞാൻ തന്നെ.

നീയതിനു വളൎന്നില്ല.
ഓഹോ, അതിനൊക്കെ വളൎന്നു.
എന്നാലിപ്പോൾത്തന്നെയാകട്ടെ.
ഇപ്പോഴതിൻെറ ആവശ്യമില്ലല്ലോ.
പിന്നെപ്പോഴാ?
എനിമവിടെപ്പോകുമ്പോൾ.
എവിടെ?
അവിടെ, ഇന്നലെപ്പോയടത്തു്.
അതു ഞാൻ നിന്നോടു നേരത്തേ പറഞ്ഞല്ലോ.
അതിൻെറ കാൎയ്യം ഞാനും നേരത്തേ പറഞ്ഞല്ലോ.
ഏതു കാൎയ്യം?
ഇന്നലെപ്പോയതവിടെയല്ലായിരുന്നു.
നിനക്കാ നിശ്ചയം?
അതേ.
പിന്നെവിടെയായിരുന്നു?
എന്നെക്കൊണ്ടുതന്നെ പറയിക്കണം?
വേണമെങ്കിൽ പറയണം.
പറയാം.
പറഞ്ഞോളു
അവിടെ. ആ തേവടിശ്ശീടെ വീട്ടിൽ.
ആരാ പറഞ്ഞതു്?
ഞാനല്ലേ പറഞ്ഞതു്.
ആക്കാ അതിലിത്ര ചേതം?
ആൎക്കാണെന്നോ?
ഓ, അതേ.

എനിക്ക്.

എന്താ?

അതറിയാമല്ലോ.

അതെൻെറ ആവശ്യം.

ഇതെൻേറം ആവശ്യം.

പിന്നെ, നിൻെറ മാത്രമാ?

അതേ, എൻെറ മാത്രമാ.

നീ മാത്രം നിശ്ചയിച്ചാൽ പോരല്ലോ.

മതിമതി. ഇനി ഞാൻ മാത്രം നിശ്ചയിച്ചാൽ മതി.

എങ്ങനെയാ?

അങ്ങനെയായിട്ട്.

എന്തോന്നാ?

ഇതെൻെറമാത്രമാവശ്യമാണെന്ന്.

അതു ഞാനാദ്യമേ പറഞ്ഞല്ലോ.

അതങ്ങ സമ്മതിച്ചാ മതി.

അതു സമ്മതിച്ചല്ലോ

ഏതാ?

ഇത്.

ഇതുതന്നെ ഞാനും പറഞ്ഞത്.

ആങ്ങനെ പറഞ്ഞാ മാത്രം മതിയോ?

പോരേ? എന്നാലിതാ.

സമ്മതിച്ചു.

ഹാ, എന്നുമിങ്ങനെയായിരുന്നെങ്കിൽ!

എന്നുമിങ്ങനെത്തന്നെയാണല്ലോ.

ഇങ്ങനെയങ്ങിരുന്നാ മതിയോ?

പോരേ?

ഇനി വല്ലോം കഴിച്ചിട്ടാകരുതോ?

പിന്നെ! വല്ലാതെ വിശക്കുന്നു.

എന്നാൽ വന്നാട്ടെ.

ഞാനിതാ വന്നുകഴിഞ്ഞു. വേഗമാകട്ടെ!

# VI

## പൊതുക്കാര്യപ്രസക്തൻ.

ഞങ്ങൾ ഒരു വിനോദയാത്ര പുറപ്പെട്ടിരിക്കയാണു്. എട്ടുപത്തു മണിക്കൂറോളം ബോട്ടിൽ കഴിച്ചുകൂട്ടണം. അതുകൊണ്ടു് അതിനുവേണ്ടിയുള്ള കരുതലോടുകൂടിയാണു പുറപ്പാടു്. രാത്രി 9-മണിക്കു ഞങ്ങൾ ബോട്ടു കയറി. ഏതാനും നേരം കഴിഞ്ഞു് എന്റെ സുഹൃത്തുക്കൾ രണ്ടുപേരും കുറച്ചിടമുണ്ടാക്കി കുംഭകർണ്ണസേവയ്ക്കുള്ള ഒരുക്കമായി. കുറേ ഇരുന്നു തൂങ്ങിയതിനു ശേഷം ഞാനും അവിടെ ചുരുണ്ടുകൂടാൻ തുടങ്ങി. അവിടത്തെ സ്ഥിരം പാർപ്പുകാരായ മക്കുണങ്ങൾ സുശക്തമായ ഒരാക്രമണത്തിനു തയ്യാറായി. ഞാൻ തോല്‌വി സമ്മതിച്ചു സ്ഥലമൊഴിഞ്ഞുകൊടുക്കേണ്ടതായിത്തന്നെ വന്നുകൂടി. ആരോടെന്നില്ലാതെ ദേഷ്യപ്പെട്ടും പിറുപിറുത്തുംകൊണ്ടു ഞാൻ വീണ്ടും കുത്തിയിരുന്നു തൂങ്ങിത്തുടങ്ങി. അങ്ങനെയിരുന്നിരുന്നു മുഷിഞ്ഞിട്ടു് ഒരു സിഗററെറ്റെടുത്തു കത്തിച്ചുവലിച്ചു.

ഇതിനിടയിൽ എതിരേയുള്ള ബഞ്ചിൽ സ്ഥാനംപിടിച്ചിരുന്ന ഒരു മദ്ധ്യവയസ്കൻ എന്നെത്തന്നെ ഉററുനോക്കിക്കൊണ്ടിരിക്കുന്നതായി ദൃഷ്ടിയിൽപ്പെട്ടു. ഇടയ്ക്കെവിടെയോ നിന്നു കയറിയ ഒരു യാത്രക്കാരനായിരുന്നു ആ മനുഷ്യൻ. മുറുക്കാൻപൊതിയഴിച്ചു ഞാൻ ഒരു മുറുക്കിനുവട്ടംകൂട്ടി. ഉടനെ ആ മദ്ധ്യവയസ്കൻ ചാടിയെഴുന്നേററ് എന്റെ സമീപമെത്തി. എൻെറ മുറുക്കാൻപൊതിക്ക് ഇത്ര വലിയ കാന്തശക്തിയുണ്ടോ എന്നു ഞാൻ അത്ഭുതപ്പെട്ടുപോയി. എന്നോടാമനുഷ്യൻ സംഭാഷണം തുടങ്ങി. 'നല്ല മുഖപരിചയം തോന്നുന്നു. എവിടെയാണു നാട്ട്?'

'ആലപ്പുഴ.'

'ടൗണിൽത്തന്നെയാണോ?'

'അല്ല, കുറെ കിഴക്കോട്ടു മാറിയാണ്.'

'ആലപ്പുഴവച്ചായിരിക്കാം, ധാരാളം കണ്ടിട്ടുണ്ട്. എവിടെപ്പോകുന്നു?'

'തിരുവനന്തപുരം വരെ.'

'വിശേഷിച്ച്?'

'വിശേഷിച്ചൊന്നുമില്ല.'

'വല്ല സ്ഥലംമാററമോ മറേറാ ഉദ്ദേശിച്ചായിരിക്കാം.'

'അങ്ങനെയൊരുദ്ദേശമേയില്ല.'

'പിന്നെന്താണുദ്ദേശം?'

'വിശേഷിച്ചൊന്നുമില്ലെന്നു പറഞ്ഞല്ലോ.'

അല്പം നീരസത്തോടുകൂടിയായിരുന്നു എൻെറ ഈ മറുപടി. ഇതിനിടയിൽ ആ മനുഷ്യൻ എൻെറ പൊതി

യിൽനിന്നും വെററില കൈയിലെടുത്തു കഴിഞ്ഞിരുന്നു. അതുകണ്ടു്, 'മുറുക്കണമെങ്കിൽ മുറുക്കാം' എന്നു ഞാനൊരു ക്ഷണനവും കഴിച്ചു. അതോടെ ആ മനുഷ്യൻ കൂടുതൽ അടുത്തുതുടങ്ങി.

'എന്നെ അറിയുകില്ലേ?'

'ഇല്ല' ഞാൻ തീർത്തുപറഞ്ഞു.

'കണ്ടിട്ടുമില്ലേ?'

'കണ്ടിട്ടുള്ളതായിട്ടോർമ്മിക്കുന്നുമില്ല.'

'ഞാൻ സാധാരണ ആലപ്പുഴ വരാറുണ്ടു്. ഇന്നും അവിടെയുണ്ടായിരുന്നു. ഓച്ചിറെ വന്നിട്ടുണ്ടോ?'

'ഉണ്ടു്.'

'എന്നാൽ അവിടെവെച്ചും കണ്ടിരിക്കാം. അവിടങ്ങളിൽ എന്നെ അറിയാത്തവരായി ആരുംതന്നെയില്ല.'

സ്വന്തം നാട്ടിൽ എല്ലാവരുമറിയുന്ന ആ മഹാനെപ്പററി എനിക്കു വലിയ മതിപ്പു തോന്നിയേക്കാമെന്ന് ആ സാധു ഒരുപക്ഷേ ഭ്രമിച്ചിരുന്നിരിക്കാം. ആ മനുഷ്യനെ ഞാൻ ആപാദചൂഡം ഒന്നു സൂക്ഷിച്ചു. കോടിമുണ്ടും കോടി ജുബ്ബായും സാധാരണ 'ഒരുതരക്കാർ' ഉപയോഗിക്കാറുള്ള കരയൻകോടിത്തുപ്പട്ടാവുമായിരുന്നു അയാൾ ധരിച്ചിരുന്നതെന്നു ഞാൻ നിഷ്പ്രയാസം മനസ്സിലാക്കി. അയാളുടെ വേഷവും ഭാഷയും ഭാവവുംമററും ചില സ്മരണകൾ എന്നിലുളവാക്കാതെയുമിരുന്നില്ല. ഉറക്കംതൂങ്ങി ആകപ്പാടെ വെറുത്തിരുന്ന ഞാൻ അയാളു

മായുള്ള സംഭാഷണം നീട്ടിക്കൊണ്ടുപോകാൻ ലേശവും ആഗ്രഹിച്ചില്ല. എന്നാൽ ആ മനുഷ്യൻ ആ അഭിപ്രായക്കാരനല്ലായിരുന്നു. സംഭാഷണം ദീർഘിപ്പിക്കാൻ തന്നെ അയാൾ ഒരുങ്ങി.

'ഞാൻ ഒരു പൊതുക്കാര്യപ്രസക്തനാണു സാർ. പൊതുക്കാര്യപ്രവർത്തനം പരമസുഖമാണെന്നാണു പലരുടേയും ധാരണ. എന്റെ അനുഭവം മറിച്ചാണു സാർ. ഞങ്ങളുടെ നാട്ടിൽ, വലുതായാലും ചെറുതായാലും, ഏതു കാര്യം നടക്കണമെങ്കിലും ഞാനിറങ്ങണം. എന്റെ ഗ്രഹപ്പിഴയെന്നല്ലാതെന്തു പറയാനാണു സാർ. നിങ്ങളുടെ നാട്ട് എങ്ങനെയുള്ള നാടാണു സാർ?'

ഞാൻ അതു കേട്ടതായി നടിച്ചില്ല. വീണ്ടും ആ ചോദ്യംതന്നെ പുറപ്പെട്ടു.

'അതൊരു നാട്ടിൻപുറമാണ്.'

'അവിടെയെന്തെല്ലാമുണ്ട്?'

എന്റെ ക്ഷമയസ്തമിച്ചു. സംഭാഷണം തുടരുന്നതിൽ എനിക്കശേഷം താൽപ്പര്യമില്ലെന്നു ധരിച്ചുകൊള്ളട്ടെയെന്നു കരുതി ഞാൻ പറഞ്ഞു 'അവിടെ മനുഷ്യരും മൃഗങ്ങളും മററു പലതുമുണ്ട്'.

തൃപ്തികരമല്ലാത്ത ഉത്തരം കിട്ടുമ്പോൾ അദ്ധ്യാപകൻ എന്നപോലെ പൊതുക്കാര്യപ്രസക്തൻ ഒരു വിശദീകരണത്തോടെ ചോദ്യം ആവർത്തിച്ചു.

'ഞങ്ങളുടെ നാട്ടിൽ നെല്ലും നാളികേരവും സമൃദ്ധിയായുണ്ട്.'

'അവിടത്തെ സഞ്ചാരസൗകര്യമെങ്ങനെയാണു സാർ?'

'റോഡില്ല. വണ്ടികളൊന്നുമില്ലാത്ത നാടാണ്. വള്ളമാണു കുട്ടനാട്ടുകാരായ ഞങ്ങളുടെ മുഖ്യമായ വാഹനം!

'കുട്ടനാടോ? അതെനിക്കറിയാം. ഞാൻ വന്നിട്ടുണ്ടു സാർ, കുട്ടനാട്ടിൽ. അവിടെ പലരും എൻെറ പരിചയക്കാരാണ്. അവിടെ ഏതു പാർട്ടിക്കാരാണു സാർ കൂടുതൽ, കാൺഗ്രസ്സോ കമ്മ്യൂണിസ്റ്റോ?'

'രണ്ടുമുണ്ട്.'

'ആകട്ടെ. ഇന്നത്തെ മന്ത്രിസഭയെപ്പററി എന്താണഭിപ്രായം?'

പൊതുസ്ഥലങ്ങളിലും വാഹനങ്ങളിലും മററും വച്ചു 'കക്ഷിരാഷ്ട്രീയ'ത്തെപ്പററി സംസാരിക്കുന്നതു് ഒരു മാതിരി അപകടമാണെന്നാണ് എൻെറയൊരു തോന്നൽ. ഞാൻ തന്ത്രത്തിൽ ഒഴിയാൻ ശ്രമിച്ചു. എന്നാൽ എന്നെ പാട്ടിലാക്കാൻ കാപ്പുകെട്ടിയിരിക്കുന്ന ആ മനുഷ്യനുണ്ടോ വിടുന്നു? അയാൾ സ്വയം തുടർന്നു 'ഇപ്പോഴത്തെ മന്ത്രിസഭ രാജ്യക്ഷേമത്തിൽ, വിശേഷിച്ചും സാധുക്കളുടെ ഉൽക്കർഷത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണെന്നു കൂടെക്കൂടെ പ്രസംഗിക്കാറുണ്ട്. അതൊക്കെ പ്രസംഗത്തിൽ മാത്രമാണു സാർ. ഞങ്ങൾ ഏതാനും പേർ ഈയിടെ മന്ത്രിമാരെക്കണ്ടു് ഏററവും പ്രധാനപ്പെട്ട ചില പ്രാദേശികാവശ്യങ്ങൾ അടങ്ങിയ ഒരു

നിവേദനം സമർപ്പിച്ചു, അതിനു കിട്ടിയ മറുപടി കേവലം നിരാശാജനകമായിരുന്നു. ഒന്നും ഗുണം പിടിക്കാൻ പോകുന്നില്ലസാർ.' തുടന്ന് അയാൾ മന്ത്രിസഭയെ നിശിതമായി വിമർശിച്ചുകൊണ്ടു ദീർഘമായ ഒരു പ്രസംഗം തന്നെ നടത്തി. ആ മനുഷ്യനു സ്ഥിരമായ ഒരഭിപ്രായമുണ്ടോ എന്നറിയാമെന്നു കരുതി ഞാനും എന്റെ അഭിപ്രായത്തിൽനിന്നും അല്പമൊന്നു വ്യതിചലിച്ചു 'അതിനോടു യോജിക്കാൻ നിവൃത്തിയില്ല ഇപ്പോഴത്തെ മന്ത്രിസഭ മുമ്പിലത്തെ എല്ലാ മന്ത്രിസഭയേക്കാളും എത്രയോ മെച്ചമാണ്. രാജ്യക്ഷേമത്തിനും സാധുക്കളുടെ ഉൽക്കർഷത്തിനും വേണ്ടി മറേറതു മന്ത്രിസഭ ഇത്രത്തോളം പ്രവത്തിച്ചിട്ടുണ്ടു്? ഇതു ജനങ്ങൾക്കു വേണ്ടിയുള്ള ഒരു മന്ത്രിസഭയാണെന്നുതന്നെയാണ് എന്റെ അഭിപ്രായം.

'ശരിയാണുസാർ. മററെല്ലാ മന്ത്രിസഭയേക്കാളും മെച്ചംതന്നെ ഈ മന്ത്രിസഭ'. ക്ഷീണം തീക്കുവാനെന്ന മട്ടിൽ അയാൾ വീണ്ടും ഒന്നു മുറുക്കുവാൻ തുടങ്ങി. ആ സംസാരസാഗരത്തിൽ നിന്നും കര പററുവാനുള്ള അവസരം ഇതുതന്നെയെന്നു കരുതി ഞാൻ നിദ്രാഭാവം നടിച്ചു. അയാൾ വിട്ടില്ല. മുറുക്കുകഴിഞ്ഞു സംഭാഷണം തുടന്നു.

'എത്ര കുട്ടികളുണ്ടു സാർ?'

'കുട്ടികളൊന്നുമില്ല.

'ഭാര്യയില്ലേ?'

'ഇല്ല.'

'ഓഹോ, വിവാഹം കഴിച്ചിട്ടില്ല. അല്ലേ?'

'ഞാൻ വിവാഹം കഴിച്ചിട്ടില്ല.'

'എന്താ, വിവാഹം വേണ്ടെന്നുണ്ടോ?'

'എന്നൊന്നുമില്ല.'

'പിന്നെന്താണു സാർ, ഇതുവരെ വിവാഹം കഴിക്കാഞ്ഞതു്? സാറിനോടെന്തോ അകാരണമായൊരു താല്പര്യം തോന്നുന്നതുകൊണ്ടു ചോദിക്കുകയാണു സാർ.'

'കഴിച്ചില്ലെന്നേയുള്ളു.'

'എന്നാൽ ഇനിയധികം നീട്ടരുതുസാർ. എത്രയോ മുൻപേ വേണ്ടതായിരുന്നു. ഇപ്പോൾ വയസ്സെത്രയായി സാർ?'

'മുപ്പത്തിരണ്ടു്.'

'മുപ്പത്തിരണ്ടോ? എന്നിട്ടും വിവാഹം കഴിച്ചില്ല, അല്ലേ? ഇക്കണക്കിനാണെങ്കിൽ പെൻഷൻപററിയതിനു ശേഷമായിരിക്കുമല്ലോ സാറിനു മക്കളെ സംബന്ധിച്ചുള്ള ഭാരം മുഴുവനും.'

'ഞാൻ ഒരുദ്യോഗസ്ഥനല്ല.'

'എന്നാലെന്താണു സാർ? സ്വസ്ഥമായിരുന്നു വിശ്രമിക്കേണ്ട കാലമല്ലേ വയസ്സുകാലം? അക്കാലത്തു മക്കളുവേണ്ടേ നമ്മെയൊന്നു സഹായിക്കാൻ? സാറിനാണെങ്കിൽ അപ്പോൾ മക്കൾക്കുവേണ്ടി കഷ്ടപ്പെടാനല്ലേ നേരമുണ്ടായിരിക്കയുള്ളു.

അയാൾക്കു മറെറാരു പ്രസംഗത്തിനുള്ള വിഷയം കൂടി ലഭിച്ചു. വൈവാഹികജീവിതത്തിൻെറ മേന്മ,

ആവശ്യകത, പ്രായം അതിക്രമിച്ചതിനുശേഷം വിവാഹം ചെയ്യുന്നതുകൊണ്ടു നേരിടാവുന്ന ബുദ്ധിമുട്ടുകൾ മുതലായവയെപ്പററി കവിവാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടും ചിലരുടെ അനുഭവങ്ങളെ വിശദീകരിച്ചുകൊണ്ടും ആ മനുഷ്യൻ നടത്തിയ ഈ പ്രസംഗവും സാമാന്യം ദീർഘമായ ഒന്നായിരുന്നു. പ്രസംഗാനന്തരം ഞാനും അങ്ങോട്ടു കൂടുതൽ അടുത്തു. അതോടെ എന്നെസ്സംബന്ധിച്ച പല ചോദ്യങ്ങളും തുരുതുരാ പുറപ്പെട്ടുതുടങ്ങി. ഞാൻ പല മടങ്ങു പൊലിപ്പിച്ച് അവയ്ക്കെല്ലാം മറുപടിയും തട്ടിവിട്ടു. മറെറാരു ചോദ്യത്തിനുത്തരമായി എൻെറ മേൽവിലാസവും അയാൾ മനസ്സിലാക്കി. പക്ഷേ, ഞാൻ പറഞ്ഞുകൊടുത്തത് ഏതോ ഒന്നായിരുന്നു. ഒരു കൊച്ചു ബുക്കിൽ അയാൾ അതു കുറിച്ചെടുക്കുന്നതുകണ്ടപ്പോൾ അറിയാതെ ഞാനൊന്നു ചിരിച്ചുപോയി.

'തിരിയെപ്പോകുംവഴി ഓച്ചിറെയൊന്നിറങ്ങണം സാർ.'

'ഈ യാത്രയിൽ അതിനു സൌകര്യമുണ്ടായെന്നു വരികയില്ല.'

'എന്നാൽ അടുത്തുതന്നെ വരണം സാർ. അവിടെയെവിടന്വേഷിച്ചാലും എന്നെക്കണ്ടുപിടിക്കുവാൻ പ്രയാസമില്ല.'

ആ ശല്യം അതോടെഅവസാനിക്കാൻ തുടങ്ങുകയാണെന്നുകരുതി ഞാൻ തെല്ലൊന്നാശ്വസിച്ചു എന്നാൽ അത്രയ്ക്കു ഭോഷനായിരുന്നില്ല അയാൾ. സ്വന്തം നാടിനേയും തൻെറ പൊതുകാര്യപ്രവൎത്തനങ്ങളേയും മറവു

'പൌരപ്രമാണി'കളേയും കുറിച്ചൊക്കെ അയാൾക്കു പല തും വൎണ്ണിക്കുവാനുണ്ടായിരുന്നു. ഭാഗ്യദോഷിയായ എനി ക്കു് അതൊക്കെ കേൾക്കേണ്ടതായും വന്നുചേൎന്നു. എങ്കി ലും എന്റെ മൂട്ടകളുടെ എണ്ണം കുറഞ്ഞുതുടങ്ങി. ഞാൻ അല്പം ഇടമുണ്ടാക്കി അവിടെ ചുരുണ്ടുകിടന്നു. മൂളാൻ താമസിച്ചുപോയാൽ 'അല്ല, ഇത്രവേഗം ഉറങ്ങിക്കഴി ഞ്ഞോ?' എന്ന ചോദ്യത്തോടുകൂടി വൎത്തമാനത്തിലേയ്ക്കെ ന്നെ വീണ്ടും വലിച്ചിഴയ്ക്കാൻ അയാൾ ശ്രമിച്ചുകൊണ്ടി രുന്നു. ഞാൻ തീരെ കേൾക്കുന്നില്ലെന്നു ബോദ്ധ്യമായതോ ടുകൂടി അങ്ങനെ ആ സംഭാഷണം നിലച്ചു.

അയാൾ ആ ബഞ്ചിലെ മൂട്ടകളേക്കാൾ ശല്യക്കാര നായി എനിക്കനുഭവപ്പെട്ടിരുന്നതുകൊണ്ടു ഞാൻ അനങ്ങാ തെ കിടന്നു. ഒളികണ്ണിട്ടുകൂടക്കൂടെ അയാളെ നോക്കുന്നു മുണ്ടായിരുന്നു. ഒരു മഹാസാമ്രാജ്യം പിടിച്ചടക്കാനൊരു ങ്ങുന്നവന്റെമട്ടിൽ ഗൌരവമേറിയ ഏതോ ആലോചന യിൽ മുഴുകി അയാൾ അവിടെയിരിക്കുകയായിരുന്നു. എ ത്രനേരം ഞാനങ്ങനെകിടന്നു എന്നു നിശ്ചയമില്ല. ഞാനു മൊന്നു മയങ്ങിപ്പോയി. എന്റെ സുഹൃത്തുക്കൾ ഉണൎന്നു മുറുക്കാൻ പൊതി തപ്പിനോക്കിയിട്ടു കാണായ്കയാൽ എന്നെ വിളിച്ചപ്പോഴാണു ഞാനുണൎന്നതു്. ഉറങ്ങാൻ തുടങ്ങുന്നതിനുമുൻപു ഭദ്രമായി സൂക്ഷിച്ചിരുന്ന മുറുക്കാൻ പൊതി നോക്കിയപ്പോൾ അവിടെക്കണ്ടില്ല. താഴെയെ ങ്ങാനും വീണിരിക്കാമെന്നു കരുതി അവിടെയൊക്കെ നോക്കി. തപ്പിയതുമാത്രം മിച്ചം. എന്റെ അഭ്യുദയകാം ക്ഷിയായ പൊതുക്കാൎയ്യപ്രസക്തൻ എടുത്തിരിക്കുമെന്നു

വിചാരിച്ചു് അദ്ദേഹമിരുന്നിടത്തേയ്ക്കു ഞാൻ തിരിഞ്ഞു. ആ മനുഷ്യനേയും അവിടെക്കാണ്മാനുണ്ടായിരുന്നില്ല. അയാൾ എവിടെയൊ ഇറങ്ങിയതായിരിക്കാം. ഇറങ്ങിയ നായ് യജമാനനെയെന്നപോലെ ആ പൊതി അയാളെ അനുഗമിച്ചതായിരിക്കാമെന്നു ഞാനൂഹിച്ചു. അത്രമാത്രമല്ലേ സംഭവിച്ചുള്ളു എന്നൊരു സമാധാനമാണു് എനിക്കപ്പോളുണ്ടായതു്. സ്നേഹിതന്മാർ തൽക്കാലം സിഗററുകൊണ്ടു തൃപ്തിപ്പെടേണ്ടതായും വന്നുകൂടി. കൊല്ലത്തെത്തുന്നതുവരെ മുഷിവുകൂടാതെ കഴിക്കാനുള്ള വകകിട്ടിപ്പോയതുകൊണ്ടു മുറുക്കാൻപൊതി നഷ്ടപ്പെട്ടതിൽ ഞങ്ങൾക്കു ശേഷം കുണ്ഠിതം തോന്നിയില്ല. മറിച്ചു്, എന്റെ ഗൃഹസ്ഥാശ്രമത്തെപ്പറ്റിക്കൊണ്ടു് മേ. വി. യെ അന്വേഷിച്ചു ചുററിക്കറങ്ങുവാൻ പോകുന്നതിന്റെ അനന്തര ഗതിയോർത്തു ഞങ്ങൾ വളരെ ചിരിക്കുകയാണുണ്ടായതു്.

# VII

## ഗാന്ധിജയന്തി.

ഗാന്ധിജിയെപ്പററിയുള്ള ഒരു ഗാനവും മൂളിക്കൊണ്ടു് ശാന്ത ചൎക്കയിൽ നൂലു നൂല്ക്കുകയാണു്. അവളുടെ ഗാനത്തെ അതിവർത്തിച്ചു ചൎക്കയുടെ നാദം അന്തരീക്ഷത്തിൽ ഉതിരുന്നുണ്ടു്. ചൎക്ക ത്വരിതമായി പ്രവൎത്തിച്ചു കൊണ്ടിരിക്കുന്നുണ്ടെങ്കിലും അവൾ മറെറന്തിലോ ലയിച്ചിരിക്കുകയാണു്. ഗാന്ധിജിയുടെ ആദർശങ്ങളിൽ അനല്പമായ ആദരവും അവ പ്രായോഗികമാക്കുന്നതിൽ അത്യധികമായ അഭിനിവേശവും അവൾക്കുണ്ടു്. ഖദർ കുപ്പായവും ഗാന്ധിത്തൊപ്പിയുമണിഞ്ഞു യാതനയുടെ വിലപേശലുമായി നടക്കുന്ന നേതൃമ്മന്യരിൽനിന്നും തികച്ചും വ്യത്യസ്തയാണവൾ. അവളുടെ ആത്മാൎത്ഥതയെ ചോദ്യം ചെയ്‌വാൻ ഇന്നോളം ഒരു ‘യാതനാമല്ലനും’ ധൈര്യപ്പെട്ടിട്ടുമില്ല.

സർവ്വദാ സുപ്രസന്നമായ അവളുടെ മുഖകാന്തി ഒരു ശോകത്തിൻെറ കരിനിഴൽ വ്യാപിച്ചു തെല്ലൊന്നു മങ്ങിയിരിക്കുകയാണ്. ആഗസ്റ്റ് പതിനഞ്ച്! ദീർഘകാലമായിപ്പേറിയിരുന്ന പാരതന്ത്ര്യശൃംഖല പൊട്ടിച്ചെറിഞ്ഞു് ഭാരതാംബ സ്വാതന്ത്ര്യ സൗരഭമണിഞ്ഞ പുണ്യദിനത്തിൻെറ വാർഷികോത്സവം! ഭാരതീയചരിത്രത്തിൽ തങ്കലിപികളാൽ അങ്കിതമായ ആ മഹിതാദ്ധ്യായം ഇത്ര വേഗത്തിൽ വലിച്ചുകീറി പിച്ചിച്ചീന്തി അഗണ്യകോടിയിൽ തള്ളപ്പെട്ടുവാൻ ഇടയാകുമെന്നു ശാന്ത തെല്ലും പ്രതീക്ഷിച്ചിരുന്നില്ല ആ സുദിനം ശോകമൂകമായി കഴിഞ്ഞതോർക്കുമ്പോളെല്ലാം അവളുടെ ഹൃദയം നൊന്തുപോകാറുണ്ടായിരുന്നു. 'അരവയർ കഞ്ഞിക്കുപോലും വക കിട്ടാതെ, നാമമാത്രമായിട്ടെങ്കിലും നഗ്നത മറയ്ക്കാൻ തുണി കാണാതെ, ഉഴലുന്ന ജനലക്ഷം ആഗസ്റ്റ് പതിനഞ്ച് ആഘോഷിക്കുന്നതെങ്ങനെ? ഗാന്ധിജിയുടെ അനുയായികളെന്നു വൃഥാഭിമാനം നടിക്കുന്നവരും കരിഞ്ചന്തയുടെ കൂട്ടുനിന്നു് സ്വന്തം പള്ള വീർപ്പിക്കുന്നവരുമായ കാൺഗ്രസ്സുകാരല്ലേ ഇന്നത്തെ ഈ വിഷമസ്ഥിതി വരുത്തിക്കൂട്ടുവാൻ ഉത്തരവാദികൾ? എന്നിങ്ങനെ ചില ചോദ്യങ്ങൾ അവളുടെ അന്തരാത്മാവു പലപ്പോഴും അവളോടു ചോദിക്കാറുണ്ടായിരുന്നു. ആ ചോദ്യംതന്നെയാണ് ഇപ്പോഴും അവളെ അലട്ടിക്കൊണ്ടിരുന്നതു്. തൃപ്തികരമായ ഉത്തരം ലഭിക്കാതെ അവൾ കുഴങ്ങി. അവളുടെ കണ്ണുകളിൽ അശ്രുകണങ്ങൾ ഉതിർന്നു.

ശാന്തയുടെ ഒരു പൂർവ്വസുഹൃത്തും സഹപ്രവർത്തകനു മായിരുന്ന രാജൻ അവിടെ വന്നുകയറി. കോൺഗ്രസ്സിന്റെ ഇന്നത്തെ ചില വഴിപിഴച്ച പോക്കുകളിൽ അസംതൃപ്തനും അവയിൽനിന്നും അതിനെ പിൻതിരിപ്പിച്ച് നേർവഴിയിൽ എത്തിക്കുവാൻ നടത്തിയ ശ്രമത്തിൽ തികച്ചും പരാജിതനും ആയിത്തീരുകയാൽ രാജൻ കോൺഗ്രസ്സ്പ്രവർത്തനങ്ങളിൽനിന്നും തൽക്കാലത്തേക്കു നിശ്ശേഷം വിരമിച്ചിരിക്കുകയാണ്. ഇത്ര നേരമായിട്ടും ശാന്ത തന്നെ കണ്ട ഭാവംപോലും നടിക്കാഞ്ഞതിൽ അയാൾ വിസ്മയിച്ചു. ഏതോ വിഷാദചിന്തയിൽ മുഴുകി മതിമയങ്ങിയിരിക്കുകയാണവളെന്ന് അയാൾക്കു ക്ഷണേന ബോദ്ധ്യമായി. "ശാന്ത ഇന്നേതോ സാമ്രാജ്യം പിടിച്ചടക്കുവാനുള്ള ചിന്തയിൽ മുഴുകിയിരിക്കുകയാണല്ലോ." എന്നു പറഞ്ഞുകൊണ്ട് രാജൻ അവളുടെ സമീപം തറയിൽ ഇരിപ്പുറപ്പിച്ചു.

പാട്ടു നിർത്തി മുഖഭാവം കഴിവതും ഗോപനം ചെയ്യുവാൻ ശ്രമിച്ചുകൊണ്ട് അവൾ പറഞ്ഞു-

"ഓ, ഒന്നുമില്ല."

"ഇന്നെന്താണിത്ര വ്യാകുലത?"

ചക്കയിൽത്തന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് അവൾ ഉദാസീനഭാവത്തിൽ ഇരുന്നതേയുള്ളു.

"ഏതോ ഒരു വലിയ ചിന്ത ശാന്തയെ അക്രമിച്ചിരിക്കുന്നതായി തോന്നുന്നല്ലോ."

“ഓ, ഒന്നുമില്ല” ആ പല്ലവിതന്നെ അവൾ ആവര്‍ത്തിച്ചു.

“എന്നെ മറയ്ക്കേണ്ട. ഞാൻ എല്ലാം അറിഞ്ഞുകഴിഞ്ഞു.”

“താങ്കളെ മറയ്ക്കത്തക്കവണ്ണം ഇപ്പോളൊന്നുമുണ്ടായിട്ടില്ല. പക്ഷെ, താങ്കൾക്കു തെററിപ്പോയി.”

“എനിക്കു തെററിപ്പോയെന്ന് ഞാൻ നേരത്തേ അറിഞ്ഞു. തെററു നിശ്ശേഷം തിരുത്തുകയും ചെയ്തു. ശാന്തയ്ക്ക് ഭീമമായ തെററു പററാനിരിക്കുന്നതേയുള്ളു. അതിൻെറ നാന്ദി ആരംഭിച്ചുകഴിഞ്ഞുതാനും.”

“അതെന്താണ്? എനിക്കിതൊന്നും മനസ്സിലാകുന്നില്ലല്ലോ?”

“ഗാന്ധിജയന്തി സമാഘോഷക്കമ്മററിയുടെ പ്രധാന ഭാരവാഹിത്വം ശാന്ത ഏറെറടുക്കേണ്ട കാര്യമില്ലായിരുന്നു.”

“എന്തുകൊണ്ട്?”

“അതെത്രത്തോളം വിജയിക്കുമെന്ന് കണ്ടറിയണം.”

“വിജയിക്കും. അങ്ങേ അററം വിജയിക്കും. എനിക്ക് നിശ്ചയമുണ്ട്.”

“എന്താ ഈ പറയുന്നതു്? ഇക്കഴിഞ്ഞ ആഗസ്റ്റ് പതിനഞ്ച് ഇത്രവേഗം മറന്നുപോയോ?”

“ഇല്ല, മറന്നില്ല. അത്ര വേഗത്തിൽ മറക്കുകയുമില്ല”

“അതുതന്നെ ഗാന്ധിജയന്തിയുടേയുമനുഭവം.”

"ഒരിക്കലുമല്ല. അതു തികച്ചും വ്യത്യസ്തമാണ്."

"എങ്ങനെ?"

"ഭാരത സ്വാതന്ത്ര്യത്തിൻെറ വാർഷികദിനമാണ് ആഗസ്റ്റ് പതിനഞ്ച്. ആ സ്വാതന്ത്ര്യം നേടിത്തന്ന ലോകൈക മഹാത്മാവിൻെറ ആദർശങ്ങളെ ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഏതൊരു ഭാരതീയനും എത്രയും ആഹ്ലാദമുളവാക്കുന്ന ഒന്നാണ് ഗാന്ധിജയന്തി. ആ സുദിനം ഭാരതം ഒട്ടാകെ സമുചിതമായി കൊണ്ടാടുകതന്നെ ചെയ്യും."

"ഇന്നലെവരെ ഗാന്ധിജിയെ പുച്ഛിക്കുകയും ആ മഹാത്മാവിൻെറ നിസ്തന്ദ്രമായ പ്രവർത്തനത്തിൻെറ ഫലമായി സ്വാതന്ത്ര്യം കരഗതമായപ്പോൾ ഖദർകുപ്പായവും ഗാന്ധിത്തൊപ്പിയുമണിഞ്ഞു് അധികാരസ്ഥാനങ്ങളിൽ പററിക്കൂടാൻ പരിശ്രമിക്കുകയും ചെയ്ത നേതൃമ്മന്യരാണ് നമ്മുടെ കാൺഗ്രസ്സ് പ്രമാണികളിലധികവും. കുടിപ്പകയും സ്വാർത്ഥലാഭവും അധികാര ദുർമ്മോഹവും മററുമാണ് അവർ ആദരിക്കുന്ന ആദർശങ്ങൾ. ഇവിടത്തെ ഗാന്ധിജയന്തി ആഘോഷക്കമ്മററിയിലെ അംഗങ്ങളിൽ ഭൂരിഭാഗവും ഇത്തരത്തിലുള്ള നേതാക്കളാണ്. അവരിൽനിന്നും ശാന്തയ്ക്കു ലഭിക്കുന്ന സഹകരണം എപ്രകാരമായിരിക്കുമെന്ന് ഏറെക്കുറെ ഊഹിക്കാവുന്നതാണല്ലോ".

"ആയിരിക്കാം. എങ്കിലും കാൺഗ്രസ്സിൽ പരമാർത്ഥമായ വിശ്വാസമുള്ളവർ, ഇന്ന് എവിടേയും വിരളമല്ല."

'കാൺഗ്രസ്സ് എന്നോ നശിച്ചുകഴിഞ്ഞു. കാൺഗ്രസ്സിൻെറ ജന്മോദ്ദേശ്യം സാധിച്ചുകഴിഞ്ഞു എന്നും ഇനി അതു പിരിച്ചുവിടുകയാണുത്തമമെന്നും ഗാന്ധിജി ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ളതു മറന്നുപോയോ? ആ ഉപദേശം അന്നേ ചെവിക്കൊണ്ടിരുന്നെങ്കിൽ ഇന്നു രാജ്യം ഇത്ര നരകയാതന അനുഭവിക്കേണ്ടി വരുമായിരുന്നില്ല. പക്ഷേ സ്വാർത്ഥതല്പരന്മാരായ മേധാവികളുണ്ടോ ആ ഉപദേശം ചെവിക്കൊള്ളുന്നു?"

"എങ്കിലും ഗാന്ധിജിയുടെ ആദർശങ്ങളിൽ അടിയുറച്ച വിശ്വാസമുള്ള നേതാക്കൾ ഇന്ന് എവിടേയുമുണ്ട്. ആ മഹാത്മാവിൻെറ സൃഷ്ടിപരങ്ങളായ പ്രവർത്തനങ്ങളിലാണു് രാജ്യത്തിൻെറ ക്ഷേമൈശ്വര്യങ്ങൾ നിലകൊള്ളുന്നതു് എന്നു് അവക്കു ദൃഢമായ വിശ്വാസവുമുണ്ടു്. കാൺഗ്രസ്സ് എന്നല്ല, ഏതു സംഘടനയും ദുഷിച്ചാലും നശിച്ചാലും ഗാന്ധിജിയുടെ ആദർശങ്ങൾ ഒരു കാലവും നശിക്കുകയില്ല. സാമാന്യ ജനങ്ങൾക്കു് അവയിലുള്ള വിശ്വാസവും പ്രായോഗികതയും നാൾക്കുനാൾ വർദ്ധിച്ചു വരികയേയുള്ളുതാനും."

"ശരിതന്നെ. ഗാന്ധിജിയുടെ ആദർശങ്ങളെപ്പോലും ചൂഷണത്തിനുള്ള ഉപാധികളായി നേതാക്കൾ സ്വീകരിക്കുമ്പോൾ സാമാന്യ ജനങ്ങൾക്കു് എങ്ങനെയാണു് അവയിൽ വിശ്വാസം അങ്കുരിക്കുക? അവ ഇന്നൊരു Trade mark ആയിത്തീർന്നിരിക്കയാണു്."

"താങ്കളെപ്പോലെയുള്ള നിസ്സ്വാർത്ഥമതികളായ ഗാന്ധിഭക്തന്മാർ ഇന്നും ആ മഹാത്മാവിൻെറ ആദർശങ്ങളെ ആദരിക്കുകയും വിലമതിക്കുകയും ചെയ്യുന്നുണ്ടല്ലോ. നിങ്ങളുടെയെല്ലാം സമ്പൂർണ്ണമായ സഹകരണത്തോടുകൂടി ഗാന്ധിജയന്തി സമുചിതമായി കൊണ്ടാടുന്നതിനും അവിടുത്തെ മഹനീയങ്ങളായ ആദർശങ്ങൾ പ്രായോഗികമാക്കുന്നതിനും തദ്വാരാ ജനസാമാന്യത്തിൻെറ ഇന്നത്തെ നരകയാതനയെ ലഘൂകരിക്കുന്നതിനുമുള്ള ശ്രമത്തിൽ ഞാൻ തികച്ചും വിജയിക്കുമെന്ന് എനിക്കു പൂർണ്ണ ബോദ്ധ്യമുണ്ട്."

"ഇന്നത്തെ നേതാക്കളുമായി സഹകരിച്ചുള്ള പ്രവൎത്തനങ്ങളിൽനിന്നും ഞാൻ വിരമിച്ചിരിക്കയാണെന്നു ശാന്തയ്ക്കറിഞ്ഞുകൂടേ?"

"എനിക്കറിയാം. ഗാന്ധിജിയുടെ ആദർശങ്ങൾക്കു മാത്രമേ ഇന്നത്തെ വിഷമപ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ സാദ്ധ്യമാകയുള്ളു എന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. താങ്കളുടെ വിശ്വാസവും അതുതന്നെയാണല്ലോ. അതിൻെറ പ്രായോഗികതയെപ്പററിയും അതിനുള്ള സഹപ്രവൎത്തകരെ തേടിപ്പിടിക്കുന്നതിനെപ്പററിയും ഞാൻ സമഗ്രമായി ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. താങ്കളെ ഞാൻ എൻെറ സഹപ്രവൎത്തകനായി നിശ്ചയിച്ചുകഴിഞ്ഞു. ഞാൻ അതിൽ വിജയിക്കുമെന്നും ഗാന്ധിജയന്തി ആഗസ്ററ് പതിനഞ്ചുപോലെ ആയിത്തീരുകയില്ലെന്നും എനിക്കുത്തമബോദ്ധ്യമുണ്ട്. അതുകൊണ്ടു

തന്നെയാണ് ഞാൻ ആ ഘോഷക്കമ്മററിയുടെ പ്രധാനചുമതല മുഴുവൻ സ്വയം ഏറെറടുത്തതും."

"ശാന്തയുടെ ഇന്നത്തെ സഹപ്രവത്തകർ അതിന്നവദിക്കുമോ? അതു കൂടുതൽ കലാപത്തിന്നു കാലുനാട്ടുകയല്ലേ ചെയ്യുക.?"

"അവർ അനുവദിക്കാതിരിക്കുവാൻ കാരണമില്ല് അവരുടെ അനുവാദം ഞാനൊട്ടു പ്രതീക്ഷിക്കുന്നുമില്ല. ഞാൻ അവരിലാർക്കും വിധേയയല്ല. എനിക്ക് എൻെറ സഹപ്രവത്തകരെ നിശ്ചയിക്കുവാനും അതനുസരിച്ചു പരിപാടികൾ രൂപീകരിക്കുവാനും പരിപൂണ്ണമായ സ്വാതന്ത്ര്യമുണ്ട്. ഞാൻ അങ്ങനെ ചെയ്യും. ആ വിഷയത്തിൽ താങ്കളുടെ ആത്മാത്ഥമായ സഹകരണം ഞാൻ പ്രതീക്ഷിക്കുന്നു"

"ഞാൻ എന്റെ സഹകരണം വാഗ്ദാനം ചെയ്താൽ?"

"അതു മതി. പരിപാടികളെല്ലാം ഞാൻ തയ്യാറാക്കി വരുന്നുണ്ട്. നമുക്കൊരുമിച്ചിരുന്ന് അവയുടെ പ്രായോഗികതയെപ്പററി ചിന്തിക്കാം. കൊള്ളേണ്ടതു കൊള്ളാം; തള്ളേണ്ടതു തള്ളാം."

"ഇന്നു വേഷംകെട്ടിനടക്കുന്ന ഗാന്ധിഭക്തന്മാരെ ജനസാമാന്യം വെറുക്കുകയും അവരുടെ പ്രവത്തനങ്ങളെ അവിശ്വസിക്കുകയും ചെയ്യുമ്പോൾ നമുക്കു ജനതയുടെ വിശ്വാസവും സഹകരണവും സമാർജ്ജിക്കുവാൻ കഴിയുമോ എന്നു ഞാൻ സംശയിക്കുന്നു."

"പൊതുജനങ്ങളുടെ മുൻപാകെ നമ്മുടെ പരിപാടികൾ സമർപ്പിച്ച്, പേരും പെരുമയും കാംക്ഷിക്കാതെ, സ്വാർത്ഥലാഭം മോഹിക്കാതെ, ആത്മാർത്ഥമായി പ്രവർത്തിക്കുക. ജനതയുടെ വിശ്വാസവും സഹകരണവും സമ്പാദിച്ചു വിജയിക്കുവാൻ ആ പ്രവർത്തനം നമ്മെ സഹായിക്കും."

"അതിലുമൊണ്ടൊരു പ്രതിബന്ധം. എല്ലാ പ്രവർത്തകരുടേയും സമ്പ്രദായം ഇതാണ്. പ്രാരംഭകാലങ്ങളിൽ നല്ലനല്ല വാഗ്ദാനങ്ങളുമായി പൊതുജനങ്ങളെ സമീപിക്കുക. ജനങ്ങളാകട്ടെ, ആ വാഗ്ദാനങ്ങളിൽ വിശ്വസിച്ചു നാട്ടിൽ തേനും പാലും ഒഴുകുമെന്നും ഉണ്ണാനും ഉടുക്കാനും ആവശ്യംപോലെ വക കിട്ടുമെന്നും വ്യാമോഹിക്കുകയും ചെയ്യുക. അനുഭവമോ നേരേ മറിച്ചും. ആ അനുഭവം മറന്നിട്ടില്ലാത്ത പൊതുജനങ്ങൾ ഇപ്പോൾ എങ്ങനെയാണു മറിച്ചു വിശ്വസിക്കുക?"

"അതുപോലുള്ള വാഗ്ദാനങ്ങളും പ്രലോഭനങ്ങളുമായി നാം ജനതയെ സമീപിക്കുവാൻ പോകുന്നില്ലല്ലോ. നമ്മുടെ പരിപാടികൾ–അവ തേനിലും പാലിലും കുളിപ്പിച്ചവയല്ല–പൊതുജനങ്ങളുടെ മുൻപാകെ സമർപ്പിക്കുക. അവർ അവയും ഭേസിക്കൊണ്ടു നാടുനീളെ ഓടണമെന്നാരും ആവശ്യപ്പെടുന്നില്ല സമയവും സൗകര്യവുമനുസരിച്ച് അവയിൽ കഴിവുള്ളവ അവർ അംഗീകരിച്ചു പ്രവർത്തിക്കട്ടെ. അവരുടെ പ്രവർത്തനം ആത്മാർത്ഥമാണെങ്കിൽ ഫലം അചിരേണ ലഭിച്ചുകൊള്ളും."

"സമയവും സൗകര്യവുമനുസരിച്ചു പ്രവൎത്തിക്കുന്ന പക്ഷം ഈവിധമുള്ള പ്രയോജനങ്ങൾ ലഭിക്കണമെങ്കിൽ കാലം കുറേ കൂടുതൽ കഴിയേണ്ടിവരുമല്ലോ. സാമാന്യജനങ്ങൾക്ക് അതുവരെ കാത്തിരിക്കാനുള്ള ക്ഷമയുണ്ടായിരിക്കുമോ?"

"വളരെക്കാലം കഴിയേണ്ടിവരികയില്ല. മുഴുവൻ സമയവും പ്രവൃത്തിയെടുക്കുവാൻ സന്നദ്ധരായി നമ്മെപ്പോലെ ഏതാനുംപേർ ഉണ്ടായിരിക്കുമല്ലോ. മററുള്ളവർ സൗകര്യാനുസരണം പ്രവൎത്തനം നടത്തിയാൽ മതിയാകും. നാം യഥാകാലം അവർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്നേയുള്ളു. ഇങ്ങനെയുള്ള പ്രവൎത്തനപരിപാടികൾ ഗാന്ധിജി വിഭാവനം ചെയ്ത രാമരാജ്യം സംസ്ഥാപിക്കുവാൻ സഹായകമായിരിക്കണം എന്നാണ് എന്റെ ആന്തരമായ ഉദ്ദേശം. രാമരാജ്യത്തിന്റെ സംസ്ഥാപനം കൊണ്ടു മാത്രമേ ഭാരതത്തിന് സ്വൎഗ്ഗീയമോക്ഷം ലഭിക്കുകയുള്ളുവെന്ന് എത്രയോ തവണ മഹാത്മാവ് വ്യക്തമാക്കിയിട്ടുണ്ട്. കുടിപ്പകയും സ്വാർത്ഥചിന്തയും വെടിഞ്ഞ് ജനങ്ങളെല്ലാം "ഒരു ചരടിലിണക്കിക്കോൎത്ത പുഷ്പങ്ങളെപ്പോലെ" പരസ്പരം യോജിച്ചും സ്നേഹിച്ചും കഴിയണം. അവിടുത്തെ ആദർശങ്ങൾ പ്രായോഗികമാക്കുകയും അഭിലാഷങ്ങൾ സാധിതപ്രായമാക്കുകയുമാണ് അദ്ദേഹത്തോടുള്ള സുഗമമായ മാർഗ്ഗം. മഹാത്മാവിന്റെ പേരിൽ നമുക്കുള്ള നിർവ്യാജമായ കൃതജ്ഞത പ്രദർശിപ്പിക്കുന്നതിനുള്ള മുഖ്യോപാധിയും ഇതല്ലാതെ മറെറാന്നുമല്ല. ഇത്ത

വന്നത്തെ ഗാന്ധിജയന്തി അതിൻെറ സമുദ്ഘാടനമായിരിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു."

"ശരി, അങ്ങനെതന്നെ. എൻെറ സകല കഴിവുകളും ഞാൻ ശാന്തയ്ക്കു് വാഗ്ദാനംചെയ്യുന്നു."

"ഞാൻ വിജയിച്ചുകഴിഞ്ഞു. എൻെറ അഭിലാഷങ്ങൾക്കു സവ്വഥാ അനുരൂപനായ ഒരു സഹപ്രവത്തകനെ ലഭിച്ചതിനാൽ എൻെറ പ്രവത്തനങ്ങൾ പകുതി വിജയിച്ചുകഴിഞ്ഞു. ഗാന്ധിജിയുടെ ചേവടികളെ അവലംബിച്ചു പുരോഗമനംചെയ്തു് അവിടുന്നു വിഭാവനംചെയ്ത രാമരാജ്യം സംസ്ഥാപിക്കുവാനുള്ള പ്രചരണപരിപാടികൾ ഈ ഗാന്ധിജയന്തിസുദിനത്തിൽ നമുക്കു് സമുദ്ഘാടനം ചെയ്യാം. ആ മഹാത്മാവിൻെറ ദിവ്യാനുഗ്രഹം നമുക്കു് അതിനെപ്പോഴും പ്രചോദനം നൽകട്ടെ! അങ്ങനെ ഇത്തവണത്തെ ഗാന്ധിജയന്തി ജനഹൃദയങ്ങളിൽ മായാത്ത മുദ്ര പതിച്ചു നിതരാം വിജയിക്കട്ടെ!!"

# VIII

## കുറപ്പിന്റെ ദുരവസ്ഥ.

എന്റെ ഭാൎയ്യ കമലം ഒരുയൎന്ന ഉദ്യോഗസ്ഥന്റെ മകളാണു്. ഞാൻ അവളെ വിവാഹം ചെയ്തിട്ടു് അഞ്ചു കൊല്ലമായെങ്കിലും എന്റെ ഉദ്യോഗംപ്രമാണിച്ചു് ഇവിടെ സ്ഥിരവാസമുറപ്പിച്ച ഈ രണ്ടു കൊല്ലക്കാലത്തിനിടയ്ക്കു അവളുടെ സ്വഭാവവിശേഷത്തെപ്പററി എനിക്കു ശരിയായി മനസ്സിലാക്കുവാൻ കഴിഞ്ഞുള്ളു. വിവാഹത്തിനു മുൻപു കമലത്തേയോ അവളുടെ ബന്ധുക്കളേയോ ഞാൻ ഒരു വിധത്തിലും അറിയുകയില്ലായിരുന്നു. നാഗരികനായ ഒരുദ്യോഗസ്ഥന്റെ മകളെ ഞാൻ വിവാഹംചെയ്യുന്നതിൽ കേവലം ഗ്രാമീണരായ എന്റെ മാതാപിതാക്കൾ അല്പം പോലും അനുകൂലിച്ചില്ല. എങ്കിലും കമലത്തിന്റെ അച്ഛന്റെ ഉദ്യോഗനിലയേയും അതുകൊണ്ടുലഭിക്കാവുന്ന മേന്മയേയുംകരുതിയും അവളുടെസൌന്ദൎയ്യത്തിൽ ഭ്രമിച്ചും ഞാൻ എന്റെ മാതാപിതാക്കളുടെഅഭിപ്രായത്തെ വിഗണിച്ചു്

വിവാഹത്തിൽ തികച്ചും അനുകൂലിക്കയാണുണ്ടായത്. അവരുടെ അഭിപ്രായത്തെ അവഗണിച്ചതിൻെറ ഫലമായിരിക്കാം, ഞാനിപ്പോൾ അനല്പമായ അന്തസ്താപം അനുഭവിക്കുകയും ചെയ്യുന്നു. ആദ്യകാലങ്ങളിൽ ഞങ്ങളുടെ ദാമ്പത്യജീവിതം ആനന്ദഭൂയിഷ്ഠമായിക്കഴിഞ്ഞുകൂടി. രണ്ടു കുട്ടികളുടെ മാതാവായിക്കഴിഞ്ഞ അവൾക്ക് ഈ അടുത്തകാലത്തുണ്ടായ 'മാനസാന്തര'ത്തേപ്പററി ചിന്തിച്ചു ഞാൻ അത്യധികമായി വിസ്മയിക്കുകയും ഖേദിക്കുകയും ചെയ്യാറുണ്ട്.

കമലത്തിൻെറ സ്വഭാവമഹിമ നിമിത്തം ഈയിടെ പലപ്പോഴും ഞാൻ വെറുംവയറോടെയാണ് ആഫീസിൽ പോകാറുള്ളത്. ചിലപ്പോഴെല്ലാം വളരെ താമസിച്ചും അവിടെ കയറിച്ചെല്ലാൻ ഇടയായിട്ടുണ്ട്. ആഫീസ് മാനേജരാണെങ്കിൽ ഒരു വലിയ 'ശുണ്ഠിയും' ദുർവ്വാസാവും. ജോലി ശരിയായി നടക്കുന്നതിനേക്കാൾ അദ്ദേഹത്തിനു വളരെ നിർബന്ധമാണ് ഉദ്യോഗസ്ഥന്മാർ കൃത്യസമയത്തു ഹാജരാകുന്നതിൽ. കൃത്യം പത്തുമണിക്ക് ആഫീസിലെത്തുന്ന അദ്ദേഹം ആറുമണി കഴിഞ്ഞിട്ടേ അവിടെ നിന്നു പോവുക പതിവുള്ളൂ. താമസിച്ചു ചെല്ലുകയും ക്യാഷ്വൽ അവധി ഉപയോഗിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ എത്രതന്നെ സമർത്ഥന്മാരായിരുന്നാലും അവരേപ്പററി അദ്ദേഹത്തിനു വളരെ വെറുപ്പാണുള്ളത്. പതിനൊന്നുമണിയായാലുടൻ അദ്ദേഹം ചുററിനടന്ന് എല്ലാവരും വന്നിട്ടുണ്ടോ എന്നു സാധാരണ പരിശോധിക്കുകയും താമസിച്ചു ചെല്ലുന്നവരോട് കയർക്കുകയും ചെയ്യാറുണ്ട്.

ആഫീസ് ജോലികളിൽ ഞാൻ പലരേയുമപേക്ഷിച്ചു സമർത്ഥനാണെന്നാദ്ദേഹത്തിനഭിപ്രായമുണ്ടെങ്കിലും പലപ്പോഴും താമസിച്ചു ചെല്ലുകയുംകൂടെക്കൂടെ അവധിക്കപേക്ഷിക്കുകയും ചെയ്യാറുള്ളതുകൊണ്ട് എന്നെപ്പററി നല്ല അഭിപ്രായമില്ലെന്നും എനിക്കറിയാം. കീഴ്സിൽബന്തികളോട് അതൃപ്തി തോന്നിയാൽ അവരെ ദ്രോഹിക്കുന്നതിനും അശേഷം മടിക്കാത്ത ഒരാളാണദ്ദേഹം. എൻെറ ഏക ജീവിതമാർഗ്ഗം ഈ ഉദ്യോഗമാണുതാനും. എങ്കിലും അദ്ദേഹത്തേക്കാൾ എനിക്കു ഭയം എൻെറ ഭാര്യയേയാണ്. ഞാൻ ഭാര്യനും അവൾ ഭർത്രിയുമാണെന്നു പറഞ്ഞു് ആഫീസിൽ എൻെറ സ്നേഹിതന്മാർ കൂടെക്കൂടെ എന്നെ പരിഹസിക്കാറുണ്ട്. അതേതാണ്ടു വാസ്തവമാണുതാനും.

എൻെറ ഭാര്യയ്ക്കു കോപംവരാൻ വിശേഷിച്ചു കാരണമൊന്നും വേണ്ട. അതുകൊണ്ട് അവൾ എപ്പോഴെല്ലാമാണ് എന്നോടു കോപിക്കുന്നതെന്നു നിശ്ചയിക്കാനും നിവൃത്തിയില്ല ആഹാരം കഴിക്കുന്നതുപോലെതന്നെ ഭർത്താവിനോടു കയർക്കുന്നതും ഏതാനും നാളുകളായി അവളുടെ ദൈനന്ദിനകൃത്യങ്ങളിൽ ഒന്നായിത്തീർന്നിരിക്കുകയാണ്. അവളുടെ ചിലപ്പോഴത്തെ മട്ടുകണ്ടാൽ തോന്നും, ഞാൻ അവളുടെ ചെലവിൽമാത്രം കഴിഞ്ഞുകൂടുന്ന ഒരാളാണെന്ന്. ഈ ഭാവം എന്നോടു മാത്രമല്ല, എന്നെ സംബന്ധിച്ച് അവിടെ വരുന്നവരോടും അവൾ പ്രകടിപ്പിക്കാറുണ്ട്. അതുകൊണ്ട് എൻെറ ബന്ധുക്കളിൽ ഒന്നിലധികം പ്രാവശ്യം അവിടെ വന്നിട്ടുള്ളവർ വളരെ

വിരളമാണ്. എൻെറ ഇവിടത്തെ താമസത്തിനിടയ്ക്ക് അവളോ അവളുടെ ബന്ധുക്കളോ ഒരൊററ പൈ പോലും ഇതുവരെ ഇവിടെ ചെലവാക്കാനിടവന്നിട്ടില്ലെന്നുള്ളതാണ് വാസ്തവം. ചിലപ്പോഴെല്ലാം അവളുടെ ബന്ധുക്കൾ ഇവിടെ വരാറുണ്ട്. അപ്പോൾ അവളുടെ സന്തോഷം ഒന്നു കാണേണ്ടതുതന്നെ. അവർ പോകുന്നതുവരെ എന്നും തിരുവോണമാണ്. യാത്രാസമയത്തു പല സംഭാവനകളും നൽകണം. എനിക്കിതെല്ലാം സന്തോഷത്തോടുകൂടി ക്ഷമിക്കുകയേ നിവൃത്തിയുള്ളു. ആ ഘട്ടങ്ങളിലൊന്നും ഞാൻ അതൃപ്തിയുടെ കണികപോലും പ്രദർശിപ്പിക്കുകയില്ല. എൻെറ മുഖഭാവത്തേയും പ്രവൃത്തിയേയുമെന്നു മാത്രമല്ല, ഓരോവാക്കുപോലും അപ്പോൾ അവൾ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. ഗണ്യമായ ഒരു തുക എനിക്കു പ്രതിമാസം ശമ്പളമുണ്ടായിട്ടും അവളുടെ ബന്ധുസൽക്കാരം നിമിത്തവും മററും ഞാൻ കടംകേറി വിഷമിച്ചു. എന്നാലും അവളുടെ ഹിതത്തിനു വിപരീതമായി ഞാൻ എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുകയില്ല. എനിക്കതിനു ധൈര്യവുമില്ല. അങ്ങനെയൊന്നുണ്ടായിപ്പോയാൽ പിന്നത്തെ ഭൂകമ്പമൊന്നും വർണ്ണിക്കാൻ എളുപ്പമല്ല. ഞാൻ അതൊക്കെ കണ്ടും കേട്ടും സഹികെട്ടു.

മറേറതിനേയുംകാൾ എന്നെ വളരെക്കൂടുതൽ വേദനിപ്പിച്ച ഒരു സംഭവം ഈ അടുത്ത് ഒരവസരത്തിലുണ്ടായി. എൻെറ ഒരു പഴയ സുഹൃത്തിനെ ഇവിടെവച്ചു കാണാനിടയായി. വളരെ ഉയർന്ന

നിലയിലുള്ള ഒരാളായിരുന്നു അദ്ദേഹം. ഞങ്ങൾ തമ്മിൽ ഏററവും ആത്മാത്ഥമായി അധികംനാൾ കഴിഞ്ഞിട്ടുമുണ്ട്. അവളുടെ അച്ഛൻെറ വീട്ടിൽ പലപ്പോഴും വരാറുണ്ടായിരുന്ന അദ്ദേഹത്തിനെ അവൾക്കും പരിചയമുണ്ട്. അദ്ദേഹത്തെ എൻെറ വസതിയിലേയ്ക്കു ക്ഷണിക്കേണ്ട കടമ എനിക്കുണ്ടായിരുന്നെങ്കിലും കമലത്തിനെ ഭയന്നു ഞാൻ അതിന്നു ധൈയ്യപ്പെട്ടില്ല. സംഭാഷണത്തിനിടയിൽ, എൻെറ വസതിയിൽ വന്നു ഭായ്യയേയും കുട്ടികളേയും കാണ്മാൻ ആഗ്രഹിക്കുന്നതായി അദ്ദേഹം സൂചിപ്പിച്ചു. ഞാൻ സന്തുഷ്ടനെന്നപോലെ അദ്ദേഹവുമൊരുമിച്ചു വീട്ടിലേയ്ക്കു തിരിച്ചു. അവൾക്കു പ്രത്യേകം താല്പര്യമില്ലാത്ത ഒരാളിനേക്കൂടി എന്നോടൊരുമിച്ചു കാണുമ്പോൾ അവളുടെ മനോഭാവമെന്തായിരിക്കുമെന്നുള്ള ചിന്തയാൽ എൻെറ ഹൃദയം തരളിതമായിത്തീൻ. അതിനാൽ അദ്ദേഹത്തിൻെറ പല ചോദ്യങ്ങൾക്കും ശരിയായ ഉത്തരം നൽകുവാൻ എനിക്കു കഴിവില്ലാതെ വന്നു. വീട്ടിൽ ചെന്നു കയറിയപ്പോൾ വളരെ സന്തോഷത്തോടുകൂടിയാണ് അവൾ അദ്ദേഹത്തെ സ്വീകരിച്ചതു്. എൻെറ ജീവൻ നേരെ വീണു. കുശലപ്രശ്നാദികൾ കഴിഞ്ഞു കാപ്പി തയ്യാറാക്കുവാൻ അവൾ ഉള്ളിലേക്കു പോയി. 'അതിഥി യാത്രയാകുന്നതുവരെ അവളുടെ ഈ സ്വഭാവത്തിനു മാററമൊന്നും വരരുതേ ഭഗവാനേ' എന്നു ഞാൻ ഉള്ളഴിഞ്ഞു പ്രാത്ഥിച്ചു. ഇതിനിടക്കു ഞങ്ങളുടെ കുടുംബജീവിതത്തെപ്പററി അദ്ദേഹം പലതും ചോദിക്കുകയും ഞാൻ എങ്ങും തൊടാതെ

ഒട്ടൊക്കെ മറുപടി പറയുകയും ചെയ്തു. ഇത്ര അനുകൂല
യായ ഒരു 'സഹധർമ്മിണി'യെലഭിച്ച ഭാഗ്യാതിരെകത്തെ
അദ്ദേഹം പ്രശംസിച്ചു. 'ഇങ്ങനെയൊരു ഭാഗ്യം മററാക്കും
വരുത്തൊല്ലേ ഭഗവാനേ' എന്നു ഞാനും പ്രാർത്ഥിച്ചു. അ
പ്പോഴേക്കും അവിചാരിതമായ ഒരു ഗ്രഹപ്പിഴ നേരിട്ടു.
തൊട്ടിലിൽ ഉറങ്ങിക്കിടന്നിരുന്ന എൻെറ ഇളയകുട്ടി
ഉണർന്നു കരയാൻ തുടങ്ങി. ആരേയും കാണായ്കയാൽ
കുട്ടിയുടെ കരച്ചിൽ ഉച്ചത്തിലായി. വളരെ ഘനഭാവ
ത്തിൽ സുഹൃത്തുമായി സംസാരിച്ചുകൊണ്ടിരുന്ന ഞാൻ
ഇതത്ര ഗണ്യമാക്കിയില്ല. അവൾ ഭദ്രകാളിയേപ്പോലെ
അലറിക്കൊണ്ടു് ഓടിവന്നു തൊട്ടിലിൽ നിന്നും കുഞ്ഞി
നെ വാരിയെടുത്തു. പിന്നീടവിടെ നടന്ന കോലാഹല
ങ്ങളെല്ലാം എൻെറ സ്നേഹിതാ എന്തുപറയാനാണു്, ഊ
ഹിക്കുകയേ വേണ്ടൂ. ഞാനൊന്നു ചോദിക്കട്ടെ, ഇതിനു
തക്കകാര്യങ്ങൾ വല്ലതും അവിടെയുണ്ടായോ? ഞാൻ ജീവ
ച്ഛവമായി. ആ വീടുമുഴുവൻ പമ്പരംപോലെ കറങ്ങുന്ന
തായി എനിക്കുതോന്നി. അപ്പോൾ ഏതെങ്കിലും വിധ
ത്തിൽ അവളെ സമാധാനിപ്പിക്കാൻ ശ്രമിക്കുന്നതു മൗ
ഢ്യമാണെന്നു മുന്നനുഭവങ്ങൾകൊണ്ടു ഞാൻ മനസ്സിലാ
ക്കിയിരുന്നു. ഞാൻ സ്വസ്ഥത നടിക്കാൻ ശ്രമിച്ചു.
ഇതെല്ലാംകൊണ്ടു് ഇതികർത്തവ്യതാമൂഢനായിത്തീർന്ന അ
തിഥി എന്തൊക്കെയോ എന്നോടു പറയുന്നുമുണ്ടായി
രുന്നു. അദ്ദേഹത്തിനു ദുശ്ശങ്ക ജനിക്കാതിരിക്കാൻ ചില
സമാധാന വാക്കുകൾ പറഞ്ഞാൽ കൊള്ളാമെന്നു് എ
നിക്കുണ്ടായിരുന്നെങ്കിലും അതിനു നാവു ചലിച്ചില്ല.

അദ്ദേഹം യാത്ര പറഞ്ഞോ എന്തോ, അവിടെ നിന്നും ഇറങ്ങിപ്പോയി. നഷ്ടപ്പെട്ട ജീവൻ തിരിച്ചു കിട്ടിയാലെന്നപോലെ എനിക്കു് അവാച്യമായ, ഒരാശ്വാസമുണ്ടായി. അഭിമാനം ലവലേശമില്ലാത്ത ഒരാശ്വാസം. അപ്പോഴും അവൾ അതിപരുഷമായി എന്നെ ഭർത്സിച്ചുകൊണ്ടിരിക്കുകയായിരുന്നു. കാപ്പിയും പലഹാരവും മററും മുററത്തു കിടക്കുന്നതായും കാണപ്പെട്ടു. താങ്ങാൻ വയ്യാത്ത ഹൃദയഭാരം നിമിത്തം ഞാൻ ശയ്യയെ ശരണംപ്രാപിച്ചു. അന്നത്തെ നിരാഹാരവ്രതത്തോടുകൂടി ആ രോഗവും തെല്ലൊന്നു ശമിച്ചു.

ഇപ്രകാരം എനിക്കു് അടിക്കടി നേരിട്ടുകൊണ്ടിരിക്കുന്ന ഈ ദുരവസ്ഥയിൽ സഹതാപം തോന്നി 'ഇതു വല്ലതും ഉപദ്രവമായിരിക്കാം, ഒരു ജ്യോത്സ്യനെക്കൊണ്ടു് ഇതിനെന്തെങ്കിലും 'ഒഴിവു' നോക്കിച്ചാൽ കൊള്ളാം എന്നു് ഒരു സ്നേഹിതൻ അഭിപ്രായപ്പെട്ടു. ആ അഭിപ്രായം എനിക്കു സ്വീകാര്യമായിത്തോന്നി. അധികം താമസിയാതെ, അവളറിയാതെ, ഞാൻ ആ സ്നേഹിതനമൊരുമിച്ചു് അകലെയുള്ള ഒരു ജ്യോത്സ്യനെപ്പോയിക്കണ്ടു. അയാൾ നീണ്ട ഒരു ചാർത്തും എഴുതിത്തന്നു. എങ്ങനെയോ ഈ വിവരം അവൾക്കറിവുകിട്ടി. ആഫീസിൽ നിന്നു വന്നു് ഉടുപ്പഴിച്ചിട്ടാലുടൻ അവൾ അതു പരിശോധിക്കുക പതിവാണു്. അതുകൊണ്ടു് പലപ്പോഴും ഞാൻ അക്കാര്യത്തിൽ ശ്രദ്ധിക്കാറുണ്ടു്. എങ്കിലും അബദ്ധം നേരിടുകയും കുറവല്ല. ആ ചാർത്തു് അവൾ കണ്ടുപിടിച്ചു തുണ്ടുതുണ്ടായി വലിച്ചു കീറി എനിക്കു് അതുകൊണ്ടൊരു

പുഷ്പവൃഷ്ടിയും നാക്കുകൊണ്ടൊരു ശകാരവൃഷ്ടിയും നടത്തി സംതൃപ്തിയടഞ്ഞു.

ഈയിടയ്ക്കു് എന്റെ അമ്മയുടെ എഴുത്തനുസരിച്ചു ഞാൻ ഇരുപത്തിയഞ്ചുരൂപാ അയച്ചുകൊടുത്തു. അതിന്റെ രസീതു കിട്ടിയ ഉടൻതന്നെ ഞാൻ അതു നശിപ്പിച്ചുകളഞ്ഞെന്നായിരുന്നു എന്റെ ഓർമ്മ. എന്നാൽ എന്റെ കാലക്കേടിന് ഇന്നു രാവിലെ അതു് അവളുടെ കൈയിൽ കിട്ടി. വീട്ടിൽനിന്നും എഴുത്തു വരുന്നതും വീട്ടിലേക്കു് എഴുത്തയയ്ക്കുന്നതും കൂടി വെറുത്തിരിക്കുന്ന അവൾക്കു് ഇതു മതിയായിരുന്നു ഒരു വലിയ ഭൂകമ്പത്തിന്. എന്റെ അമ്മയ്ക്കാണു് പണമയച്ചുകൊടുത്തതെന്നോ ഇതുപോലെ എത്ര ഇരുപത്തഞ്ചാണു് അവളുടെ ബന്ധുക്കൾക്കായി പൊയ്ക്കൊണ്ടിരിക്കുന്നതെന്നോ ചിന്തിക്കത്തക്ക ധർമ്മബുദ്ധി അവൾക്കുണ്ടായിരുന്നില്ല. ഉടനെ അവൾ 'വായ്ത്താരി' തുടങ്ങി. അടുക്കള അടച്ചുപൂട്ടി കുഞ്ഞിനേയുമെടുത്തുകൊണ്ടു് ഒരിടത്തുപോയി ഇരിപ്പുമുറപ്പിച്ചു. വെറും വയറോടെയാണു് ഇന്നാഫീസിൽ പോകേണ്ടിവരുന്നതെന്നു് ഞാൻ വിധിയുമെഴുതി. മണി പത്താകാറായിരുന്നെങ്കിലും പെട്ടെന്നവിടെനിന്നും ഇറങ്ങിപ്പോകുന്നതു് അവൾക്കു കൂടുതൽ വൈരാഗ്യത്തിനു കാരണമായിത്തീരുമെന്നനുഭവമുണ്ടായിരുന്നതിനാൽ കുറേനേരം അവിടെയിരുന്നു. ആഫീസിലേക്കു പോകേണ്ട സമയം അതിക്രമിച്ചു. മുണ്ടു മാറാനായിച്ചെന്നു നോക്കിയപ്പോൾ അലമാരി പൂട്ടി താക്കോലും അവൾ കരസ്ഥമാക്കിയിരുന്നതായി ബോദ്ധ്യപ്പെട്ടു. ഗത്യന്തരമില്ലാതെ ഈ മുഷിഞ്ഞ വേഷ

ത്തിൽ ഇറങ്ങിത്തിരിച്ചു. വിശപ്പോ അതികഠിനം. ഹോട്ടലിൽ കയറി ആഹാരം കഴിക്കാനാണെങ്കിൽ സമയവുമില്ല. എങ്ങനെയാണിത്രയും താമസിച്ച് ആ 'ശുണ്ഠി'യുടെ മുൻപിൽ ചെന്നു കയറുക? ഈ ചിന്തയായിരുന്നു എന്നെ അപ്പോൾ കൂടുതൽ പീഡിപ്പിച്ചതു്. ഇതിലും ഭേദം അവധിയെടുക്കുകയാണെന്നെനിക്ക് തോന്നിയെങ്കിലും ആണ്ടവസാനമാകയാൽ ക്യാഷ്വൽ അവധി മുഴുവൻ തീർന്നിരുന്നതുകൊണ്ട് അതിനും നിവൃത്തിയില്ലായിരുന്നു. ഓടിക്കിതച്ച് വിയർത്തൊലിച്ച് ആഫീസിലെത്തി. എന്റെ അസാന്നിദ്ധ്യംമൂലം മാനേജർ ക്ഷുബ്ധനായി എന്നെപ്പററി എന്തൊക്കെയോ സംസാരിച്ചുകൊണ്ടു നില്ക്കുമ്പോഴായിരുന്നു ഞാൻ അവിടെ കയറിച്ചെന്നതു്. എന്നെക്കണ്ടതോടുകൂടി അദ്ദേഹത്തിന്റെ ക്ഷോഭം ഇരട്ടിച്ചു. എനിയ്ക്ക് അഞ്ചുരൂപാ ഫൈൻ ഇട്ടിരിക്കുന്നതായി അവിടെവച്ചു പരസ്യമായി പ്രസ്താവിച്ചിട്ട് അദ്ദേഹം സ്വന്തം മുറിയിലേക്കു പോയി. മദ്ധ്യമപ്രായത്തിലുള്ള എന്റെ ദുർവ്വിധിയെ പഴിച്ചുകൊണ്ടു ഞാൻ സ്വസ്ഥാനം പ്രാപിച്ചു ജോലിയാരംഭിച്ചുതുടങ്ങി. വിവിധചിന്തകൾ എന്നെ പൂർവ്വാധികം അലട്ടിയതുനിമിത്തം ഒന്നിനും ഒരുന്മേഷം തോന്നിയില്ല. ആഫീസുസമയം മുഴുവൻ ഞാൻ ഒരുവിധത്തിൽ അവിടെ കഴിച്ചുകൂട്ടി. അവിടെനിന്നും ഇറങ്ങിവരുന്ന വഴിയാണിതു്. എന്റെ ഈ ദുരവസ്ഥയ്ക്കൊരു പരിഹാരമാർഗ്ഗം, കമലത്തിന്റെ ബുദ്ധി നേർവഴിക്കാക്കുന്നതിനൊരുപായം, ഞാൻ എപ്പോഴും പലവിധത്തിൽ തേടാറുണ്ട്. അതു കണ്ടെത്തുവാൻ ഇതുവരെ എനിക്കു

കഴിഞ്ഞിട്ടില്ല. എൻെറ ഭാര്യയുടെ സ്വഭാവത്തിനു കൂടെ കൂടെ ഇങ്ങനെയൊരു മാററമുണ്ടാകുന്നതൊഴിച്ചാൽ ഒരു 'കുലധർമ്മപത്നി'ക്കു വേണ്ട എല്ലാ ഗുണങ്ങളുമിണങ്ങിയ ഒരുവളാണുതാനും അവൾ. പോരെങ്കിൽ നിരപരാധികളായ രണ്ടു പിഞ്ചുപൈതങ്ങളും. ഒരു പോംവഴി മാത്രമേ എൻെറ ബുദ്ധിയിൽ പെടുന്നുള്ളു. 'എൻെറ ഭാര്യയ്ക്കു നല്ല ബുദ്ധി തോന്നിക്കണേ' എന്നു പ്രാർത്ഥിക്കുക. അതു ഞാനെപ്പോഴും ചെയ്യാറുമുണ്ട്. അതിനതിന് അവളുടെ ബുദ്ധി കൂട്ടതൽകൂടുതൽ തിരിയുകയുമാണ്. എൻെറ തലേലെഴുത്തു്!'

'എന്താണ് സ്നേഹിത, ഇന്നിത്ര വലിയ ഒരു മ്ലാനത?' എന്നു ഞാൻ ചോദിച്ച ചോദ്യത്തിനുത്തരമായി കുറുപ്പ് എൻെറ കൈക്കു പിടിച്ചുകൊണ്ട് ഒരൊഴിഞ്ഞ കോണിൽചെന്നിരുന്നു തൻെറ ദയനീയസ്ഥിതിയേപ്പററി ദീർഘമായ ഒരു പ്രസംഗം തുടങ്ങി. ഇടയ്ക്കിടയ്ക്ക് അദ്ദേഹത്തിൻെറ ശബ്ദമിടറുകയും കണ്ണുകൾ നിറയുകയും ചെയ്യുന്നുണ്ടായിരുന്നു. കുറുപ്പിൻെറ ഈ ദുരവസ്ഥയിൽ എനിക്കും അവാച്യമായ അന്തസ്താപം തോന്നി. അദ്ദേഹത്തെ ഇക്കാര്യത്തിലൊന്നു സഹായിച്ചാൽ കൊള്ളാമെന്നു ഞാൻ ആത്മാർത്ഥമായി ആഗ്രഹിച്ചു. 'ഈ മനുഷ്യൻെറ കൊള്ളരുതായ്മയാണ് ആ സ്ത്രീയെ ഇത്ര ദൂഷിപ്പിച്ചതു്' എന്ന് എൻെറ അന്തഃകരണം ഉപദേശിക്കുന്നതുപോലെ എനിക്കു തോന്നി അതുകൊണ്ട് എത്രതന്നെ ആലോചിച്ചിട്ടും അതിനൊരു പോംവഴി കണ്ടുപിടിക്കുവാൻ ഉടനെ എനിക്കു കഴിഞ്ഞില്ല. അല്പസമയം രണ്ടുപേരും മൗന

മായിരുന്നു. സ്നേഹിതൻ ഗാഢചിന്തയിൽ മുഴുകിയിരിക്കു ന്നതുപോലെ കാണപ്പെട്ടു. ഞാൻ പറഞ്ഞു "താങ്കൾ ഇന്നു വീട്ടിലേക്കു പോകണ്ട. നമുക്കൊരുമിച്ച് ഇന്നു കഴിയാം. ദേഹംകൊണ്ടും മനസ്സുകൊണ്ടും താങ്കൾ അവിടെനിന്നും അകലുന്നുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ ഒരുപക്ഷേ, കുട്ടികളെക്കരുതിയെങ്കിലും താങ്കളുടെ ഭാര്യ ഈ പ്രകൃതം മാററിയെന്നു വന്നേയ്ക്കാം."

"ഇല്ല, ഒരിക്കലുമില്ല" കുറുപ്പു ദൃഢസ്വരത്തിൽ പറ ഞ്ഞു. 'ഞാൻ താമസിച്ചു വീട്ടിൽ ചെല്ലുന്ന ദിവസങ്ങളി ലെ അനുഭവവും ഇതുതന്നെ. അപ്പോൾ അവൾക്കു മററും പല സംശയങ്ങൾ ഉണ്ടാകാറുണ്ട്. ഇന്നാണെങ്കിൽ, ഒരു പക്ഷേ, വളരെ സന്തോഷത്തോടുകൂടി അവൾ എന്നെ പ്രതീക്ഷിച്ചിരിക്കുകയായിരിക്കാം. ചിലപ്പോൾ അത്രയ്ക്കു സ്നേഹസമ്പന്നയാണവൾ. സ്നേഹിത, ഇപ്പോൾതന്നെ സമയം വളരെ അതിക്രമിച്ചിരിക്കുന്നു. ഞാൻ ചെല്ലട്ടെ. നമസ്കാരം.'

കുറുപ്പ് എൻെറ മറുപടി പ്രതീക്ഷിക്കാതെ അവി ടെനിന്നും എഴുന്നേററു ധൃതിയിൽ നടന്നു. ആ ഗൃഹപ്പി ഴക്കാരനെ നോക്കി ഞാൻ അല്പസമയം നിശ്ചലനായിരു ന്നുപോയി. എൻെറ ഹൃദയം ചിന്താഗ്രസ്തമായിത്തീർന്നു. ദുരിതഭരിതമായ ആ കുടുംബജീവിതത്തേക്കാൾ കൂടുത ലായി എൻെറ ചിന്തയിൽ പെട്ടതു് ആ സാധുവിൻെറ പൗരുഷരാഹിത്യമായിരുന്നു. ദീർഘനേരം ആ ചിന്ത യിൽ മുഴുകി ചുററുപാടും മറന്നു ഞാൻ അവിടെയിരുന്നു

പോയി. ഒരു കരച്ചിൽ കേട്ടു ഞാൻ ഞെട്ടിയുണർന്നു. കണ്ണു തുറന്നു നോക്കിയപ്പോൾ കണ്ടതു് അടുത്തുകിടന്നിരുന്ന കുഞ്ഞുണർന്നു കരയുന്നതാണു്. ആ കരച്ചിൽ കേട്ടു് അവളുടെ അമ്മ ഓടിവന്നു് 'ഹൂം, നല്ല മനുഷ്യൻ! കുഞ്ഞിപ്പോൾ ഉരുണ്ടു താഴെ വീണേനെയല്ലോ.' എന്നു പറഞ്ഞുകൊണ്ടു് അവളെയെടുത്തു താലോലിച്ചാശ്വസിപ്പിച്ചു.

# IX

## 'ആലത്തൂർകാക്ക.'

ഭാര്യ മരിച്ച ഒരു ഭാഗ്യദോഷിയാണു് രാമൻപിള്ള. അക്കാലം മുതലുള്ള ഒരുക്കമാണു രണ്ടാം സ്വയംവരത്തിന്. നടക്കാത്ത നാടില്ല; പെണ്ണുകാണാൻ പോകാത്ത വീടില്ല; ഏർപ്പാടു ചെയ്യാത്ത കൂട്ടുകാരില്ല. എന്തോ ഈ അഞ്ചുകൊല്ലക്കാലത്തിനിടയ്ക്കു രാമൻപിള്ളയ്ക്കതു സാധിച്ചില്ലെന്നു പറയുകയാണു പരമാർത്ഥം. രണ്ടാം സ്വയംവരമാണെങ്കിലും വിവാഹകാര്യത്തെപ്പററി പിള്ളയ്ക്കു വ്യക്തമായ ചില ആശയങ്ങളുണ്ടു്. 'പെൺകുട്ടിയുടെ ആദ്യത്തെ വിവാഹമായിരിക്കണം. ഇരുപത്തിയഞ്ചുവയസ്സിൽ കവിയരുതു്. നാലുപേരു കണ്ടാലും കേട്ടാലും ആക്ഷേപിക്കാത്ത രൂപഗുണവും ശീലഗുണവും ഉണ്ടായിരിക്കണം. സർക്കാരുദ്യോഗമുണ്ടെങ്കിൽ ഏററവും നന്നു്, ഇല്ലെങ്കിൽ ഉദ്യോഗം കിട്ടത്തക്ക പരീക്ഷായോഗ്യത സമ്പാദിച്ചിരിക്കണം. കാലക്ഷേപത്തിനുള്ള സ്വത്തുണ്ടായി

രിക്കേണ്ടതു് ആവശ്യവുമാണല്ലോ.' തന്റെ ഈ വ്യവസ്ഥകൾ ഏററവും ഉദാരവും പരിമിതവുമാണെന്നു രാമൻപിള്ള തന്നെ കൂട്ടുകാരോടു പറഞ്ഞിട്ടുമുണ്ടു്. എന്നിട്ടും പുനർവിവാഹം നടക്കാൻ ഇടയാകാഞ്ഞ സാഹചര്യങ്ങൾ അയാൾക്കജ്ഞാതമായിത്തന്നെ ഇരിക്കുന്നതേയുള്ളു.

നാല്പത്തിയെട്ടു വയസ്സു കഴിഞ്ഞ ഒരു യുവാവാണു രാമൻപിള്ള. തലമുടിയെല്ലാം നരച്ചു. എങ്കിലും ഒരു മുപ്പത്തിയഞ്ചിന്റെ പടുക്കയേയുള്ളു എന്നാണു സ്വന്തം അഭിപ്രായം. വിവാഹപ്രായമതിക്രമിച്ച ഒരു മകളുൾപ്പെടെ അഞ്ചു മക്കളുടെ സംരക്ഷണഭാരം താങ്ങുന്നതുകൊണ്ടാണു താനിത്ര വേഗത്തിൽ നരച്ചുപോയതെന്നു തന്റെ ദുർവ്വിധിയെപ്പററി പഴിച്ചു പറയുന്ന കൂട്ടത്തിൽ ഏററവും അടുത്ത സ്നേഹിതന്മാരോടു് അയാൾ പറയാറുണ്ടു്. ഒരു വലിയ കമ്പനിയുടെ എതിർവശത്തുള്ള ഒരു ചെറിയ മുറി വാടകയ്ക്കെടുത്തു് അവിടെ തയ്യൽക്കട നടത്തുകയാണയാൾ. ആറുപേരുടെ നിത്യവൃത്തിക്കു വേണ്ടുന്ന വരുമാനം തൊഴിലിൽനിന്നും പലപ്പോഴും ലഭിക്കുന്നില്ലാത്തതുകൊണ്ടു് അയാൾ വളരെ വിഷമിക്കുന്നുമുണ്ടു്. എങ്കിലും എങ്ങനെയോ ദിവസങ്ങൾ തള്ളിനീക്കിക്കൊണ്ടു പോകുന്നു.

രാമൻപിള്ളയുടെ ഇരുപത്തിനാലാമത്തെ വയസ്സിലാണു് അയാൾ പിതാവായിത്തീർന്നതു്. അയാൾക്കൊരാൺകുട്ടി പിറന്ന ആ സുദിനം അയാൾക്കു മാത്രമല്ല, സ്നേഹിതന്മാർക്കും ഒരു ഉത്സവദിനമായിരുന്നു. അന്നു്

അങ്ങനെയൊക്കെക്കൊണ്ടാടുവാനുള്ള ചുററുപാടുകളും അയാൾക്കുണ്ടായിരുന്നു. തൊഴിലിൽനിന്നുമുള്ള വരുമാനം, സ്വന്തം പുരയിടത്തിലെ ആദായം, ഒരു ഗ്രാൻറുപള്ളിക്കൂടത്തിലെ മിസ്റ്റ്റസ്സായ ഭാര്യയുടെ ശമ്പളം ഇവയെല്ലാം കൂടിച്ചേർന്നപ്പോൾ രണ്ടുപേർ മാത്രമുൾപ്പെട്ട ആ കുടുംബത്തിലെ നിത്യത സുഭിക്ഷമായിത്തന്നെ കഴിഞ്ഞുകൂടി. അതുകൊണ്ടു പുത്രജന്മമഹോത്സവം അയാൾ സമുചിതമായിക്കൊണ്ടാടി. ദൈവം വേണ്ടത്ര ആയുസ്സു തരുന്നപക്ഷം, തൻെറ ഓമനപ്പുത്രനെ പൊന്നുപോലെ സൂക്ഷിച്ചു വളർത്തുമെന്നും ശരിയായ വിദ്യാഭ്യാസം ചെയ്യിച്ച് ഒരു യന്ന നിലയിലെത്തിക്കുമെന്നും അയാൾ അന്നേ സ്വയം പ്രതിജ്ഞചെയ്തു. മകനെ അയാൾ അങ്ങേയററം സ്നേഹിക്കുകയും ചെയ്തു. എന്നാൽ രണ്ടു വർഷത്തിനു ശേഷം പിറന്ന പെൺകുട്ടി ആ പിതൃസ്നേഹത്തെ പങ്കുവെച്ചു പകുതി കരസ്ഥമാക്കി. എങ്കിലും തൻെറ പ്രതിജ്ഞ ലംഘിക്കാതെ പാലിക്കണമെന്നു തന്നെ അയാൾ അപ്പോഴും ഉറച്ചിരുന്നു. തുടരെയുണ്ടായ ഭാര്യയുടെ പ്രസവങ്ങളും കുടുംബാംഗങ്ങളുടെയെല്ലാം അരിഷ്ടതകളും മററും അയാൾ കെട്ടിപ്പടുത്തിരുന്ന ആശാസൗധത്തെ പാടേ തകർത്തു നിലംപരിശാക്കിത്തീർത്തു. അതോടെ മക്കളുടെ വിദ്യാഭ്യാസകാര്യം വീട്ടിനടുത്തുള്ള പ്രൈമറിസ്കൂളിൻെറ പരിധിവരെ മാത്രം ചെന്നൊതുങ്ങുന്നതിനേ ഇട വന്നുവുള്ളു.

ജീവിതത്തിലെ തിക്തകാനുഭവങ്ങൾ പലതും മുറയ്ക്കു മുറയ്ക്കു രാമൻപിള്ളയ്ക്കനുഭവപ്പെട്ടുതുടങ്ങി. താങ്ങാൻ വയ്യാത്ത ഋണഭാരം അയാളെ സർവ്വദാ അലട്ടി

ക്കൊണ്ടിരുന്നു. മകൻ ആദായകരമായ എന്തെങ്കിലും ഒരു തൊഴിലിലും മകൾ എല്ലാവിധത്തിലും അനുയോജ്യനായ ഒരു പുരുഷൻെറ ഗൃഹിണീപദത്തിലും പ്രവേശിക്കുന്നതു കാണ്മാൻ അയാളും ഭാര്യയും അധികമായ ആകാംക്ഷയോടെ കൊതിച്ചിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ്, ഒരു പിഞ്ചുകുഞ്ഞുൾപ്പെടെയുള്ള അഞ്ചു മക്കളുടെ ഭാരം അയാളുടെ ശിരസ്സിൽ മാത്രം താങ്ങിവച്ചിട്ട ഭാര്യയും അവരുടെ ജീവനെ രക്ഷിക്കുവാനുള്ള ശ്രമത്തിൽ ക്കൂടിയുൾപ്പെട്ട ഫലിക്കാതെ പുരയിടവും എന്നേയ്ക്കുമായി അയാളെ വിട്ടു പിരിഞ്ഞത്. അതോടൊപ്പം അയാളുടെ അഭിലാഷങ്ങളുടെ ആക്കെത്തുകയും വർദ്ധിച്ചു; മകനൊരു തൊഴിൽ, മകൾക്കൊരു വരൻ, തനിക്കൊരു 'ദമയന്തി'! ദരിദ്രന്മാരുടെ മനോരഥം അവരിൽത്തന്നെ ലയിക്കുകയേയുള്ളു എന്ന തത്വം അയാൾക്കൊരു സാധനപാഠംപോലെയായിത്തീർന്നു. കുടുംബത്തിലേയ്ക്കു കാൽ പൈസയുടെപോലും ആദായമുണ്ടാക്കാൻ കഴിവില്ലാതെ, താൻ വളരെ പണിപ്പെട്ടു തേടിക്കൊണ്ടുവരുന്നതു നിത്യവും തിന്നുമുടിക്കുക മാത്രം ചെയ്യുന്ന ആ പുത്രനെ കണക്കററ ഭർത്സിക്കുക ഈയിടയ്ക്കു രാമൻപിള്ളയുടെ ദൈനന്ദിന കൃത്യങ്ങളിൽ ഒന്നായിത്തീർന്നുകഴിഞ്ഞു. ഏതെങ്കിലും ഒരു പുരുഷൻെറ പുറകെ പറഞ്ഞയയ്ക്കാൻ കഴിഞ്ഞെങ്കിൽ മതിയായിരുന്നു പെണ്ണിനെ എന്നായി ഇപ്പോൾ അയാളുടെ ചിന്ത. എന്നാൽ സ്വയംവരകാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും അയാൾ തയ്യാറല്ലായിരുന്നുതാനും. പുനർവിവാഹത്തെപ്പററിയുള്ള തൻെറ അഭിപ്രായം അചിരേണ

സാധിതപ്രായമാകുമെന്ന് എന്തുകൊണ്ടോ അയാൾ ഈ യിടയ്ക്കു ദൃഢമായി വിശ്വസിക്കുന്നുമുണ്ട്.

തയ്യൽപ്പണിയിൽ രാമൻപിള്ള അതിവിദഗ്ദ്ധന ല്ലെങ്കിലും ഒട്ടും മോശക്കാരനല്ല. ആരേയും വെറുപ്പിക്കാ തിരിക്കാനുള്ള കഴിവുണ്ടയാൾക്ക്. കൂലിയെപ്പോഴും മുൻ പേറു കിട്ടണമെന്നുള്ളതു് അയാളുടെ ഒരലിഖിതനിയമ മാണെങ്കിലും എൻെറ തയ്യല് മുഴുവൻ അയാൾക്കാണ്. അതുകൊണ്ടോ എന്തോ, എന്നെക്കുറച്ചു താല്പര്യമാണെ ന്നാണു വയ്പ്. എത്ര വലിയ ജോലിത്തിരക്കിൽ മുഴുകി യിരിക്കുകയാണെങ്കിലും കടയുടെ മുൻപിൽക്കൂടി ഞാൻ പോകുന്നതു കണ്ടാൽ പണി നിർത്തി കുറെ സംസാരിക്കാ തെന്നെ വിടുകയില്ല. എന്നെപ്പോലെ രാമൻപിള്ളയുടെ ആക്രമണത്തിനിരയായിത്തീരാറുള്ള ഭാഗ്യദോഷികൾ വേ റേ ചിലരുമില്ലാതില്ല.

രാമൻപിള്ളയ്ക്കു് ഈയിടെയായി ജ്യോതിഷത്തിൽ മികച്ച വിശ്വാസമാണ്. അടുത്തകാലത്തു പതിവായി തയ്യൽക്കടയിൽ കാണാറുള്ള ആ പുതിയ മനുഷ്യൻ ആ രാണെന്നൊരന്വേഷണം നടത്തിയപ്പോഴാണ് ഈ വ സ്തുത വെളിപ്പെട്ടതു്. ഈയിടയ്ക്കൊരു പ്രണയക്കുടുക്കിൽ അകപ്പെട്ടു തല വലിച്ചൂരാൻ ത്രാണിയില്ലാതെ കുഴങ്ങുക യാണു രാമൻപിള്ളയെന്നും അതോടെ മനസ്സിലാക്കുവാ നിടയായി.

രാമൻപിള്ളയ്ക്കു് അന്നു പിടിപ്പതു പണിയുണ്ട്. ആ രോടും ഉരിയാടുവാൻപോലും സമയമെടുക്കാതെ അയാൾ

പണിയിൽത്തന്നെ മുഴുകിയിരിക്കുകയാണ്. എതിരേയു
ള്ള കമ്പനിയുടെ പടിക്കൽ ഒരു യുവതി ഏകയായി നി
ല്ക്കുന്നതു് അയാളുടെ ദൃഷ്ടിയിൽപ്പെട്ടിരുന്നു. സത്യഗ്രഹം
അനുഷ്ഠിക്കുന്ന ഒരു സ്ത്രീത്തൊഴിലാളിയായിരിക്കാമതെ
ന്നയാൾ സ്വാഭാവികമായി വിചാരിച്ചുപോയി. വേണ്ട
തിനും വേണ്ടാത്തതിനുമൊക്കെ സത്യഗ്രഹമനുഷ്ഠിക്കുന്ന
ഇന്നത്തെ സമ്പ്രദായത്തോടു രാമൻപിള്ളയ്ക്കു കഠിനമാ
യ വെറുപ്പാണ്. അതുകൊണ്ടയാൾ അതിൽ അശേഷം
ശ്രദ്ധ ചെലുത്താതെ പണിയിൽ ഏർപ്പെടുകയാണുണ്ടാ
യതു്. ഏതാനും സമയത്തിനു ശേഷം പണിയുടെ വൻ
പൊന്നൊതുങ്ങിയപ്പോൾ രാമൻപിള്ള ഇരിപ്പിടത്തിൽ
നിന്നൊന്നെഴുനേററു. അപ്പോഴും ആ യുവതി പൂർവ്വസ്ഥാ
നത്തുതന്നെ നിൽപ്പുണ്ടായിരുന്നു. അയാളുടെ ശ്രദ്ധ ആ
വഴിക്കു തിരിഞ്ഞു. ആ യുവതി വളരെനേരമായി അവി
ടെ അങ്ങനെ കാത്തുനില്ക്കുന്നതിൻെറ ഉദ്ദേശ്യം ഗ്രഹിക്കു
വാൻ അയാൾക്കു താല്പര്യമുളവായി. ഏതായാലും അ
ങ്ങോട്ടു ചെല്ലുകതന്നെയെന്നുറച്ച് യുവതിയെ സമീപിച്ചു
സംഭാഷണം തുടങ്ങി. 'മാനേജരെക്കാണാൻ വന്നതാണ്.
ഉടൻ വരുമെന്നു പറയുകയാൽ ഇവിടെ നിന്നു. രണ്ടു
മണിക്കൂറോളമായി ഞാൻ കാത്തുനില്ക്കാൻ തുടങ്ങിയിട്ടു്.
അദ്ദേഹം ഇതുവരെ വന്നുമില്ല.' എന്നവൾ മറുപടി പ
റഞ്ഞു. 'വിരോധമില്ലെങ്കിൽ അങ്ങോട്ടു കയറി നില്ക്കാം.
റോഡിൽ ഇവിടെയിങ്ങനെ നില്ക്കേണ്ടല്ലോ. അദ്ദേഹം
വരുന്നതുകാണുകയുംചെയ്യാം.' എന്നു രാമൻപിള്ള ഉദാസീ
നഭാവത്തിൽ പറഞ്ഞു. യുവതി ആ ക്ഷണം സ്വീകരിച്ചു.

കമ്പനിയിൽ ഒരൊഴിവുണ്ടെന്നറിവുകിട്ടുകയാൽ മാനേജരെക്കാണാനായി ആറു മൈൽ അകലെനിന്നു വരികയാണെന്നും കണ്ടു വിവരം അറിഞ്ഞാലുടൻ തിരിയെപ്പോകാമെന്നുകരുതി തനിയെ പുറപ്പെട്ടതാണെന്നും മററുമുള്ള വിവരങ്ങൾ ചോദിച്ചും അല്ലാതേയും അറിഞ്ഞതോടുകൂടി രാമൻപിള്ളയുടെ ഉള്ളൊന്നു കുളിർത്തു. അവളെ സംബന്ധിച്ചുള്ള പല വിവരങ്ങളും അയാൾ കൂടുതൽ താല്പര്യത്തോടെ തിരക്കുകയും ചെയ്തു. 'സക്കാരുദ്യോഗമില്ലെങ്കിലെന്തു്? പരീക്ഷായോഗ്യതയുണ്ടല്ലോ ഏതു നിമിഷത്തിലും ഉദ്യോഗം കിട്ടാവുന്നതല്ലേ? എന്റെ ആശയങ്ങൾക്കു തികച്ചും അനുരൂപതന്നെ.' അയാൾ മുറയ്ക്കു മനഃപായസം കുടിക്കുവാൻ തുടങ്ങി. ആ ചിന്ത ക്രമേണ വളൎന്നു വളൎന്നുവരികയാൽ അയാൾ മതിമറന്നങ്ങനെ ഇരുന്നുപോയി. യുവതിയാകട്ടെ, മാനേജരുടെ വരവിനെത്തന്നെ ശ്രദ്ധിച്ചുകൊണ്ടു നിലകൊണ്ടതേയുള്ളു. 'അതാ, ഒരു വണ്ടി അകത്തേയ്ക്കു കടക്കുന്നു. മാനേജരായിരിക്കാം. ഞാൻ ചെല്ലട്ടെ'യെന്ന വാക്കുകൾ കേട്ടാണു രാമൻപിള്ള ചിന്തയിൽനിന്നും ഉണൎന്നതു്. 'പോയിട്ടിതിലെ വരുമല്ലോ' എന്നയാൾ അനുവാദവും നൽകി.

'തൽക്കാലം ഒഴിവൊന്നുമില്ല' എന്ന മറുപടിയാണു മാനേജരിൽ നിന്നും ലഭിച്ചതു്. യുവതിയുടെ വരവുകണ്ടു് മനേജരുടെ മറുപടിയെന്തായിരിക്കാമെന്നു് അയാൾ ഊഹിച്ചു. അവൾ വിവരം അയാളെ ഗ്രഹിപ്പിക്കുകയും ചെയ്തു. ആ സ്വരത്തിലും ഭാവത്തിലും അല്പം കുണ്ഠിതച്ഛായ കലൎന്നിട്ടില്ലേ എന്നു രാമൻപിള്ളയ്ക്കു സംശയം

തോന്നി. അനുകമ്പാർദ്രനായി അയാൾ പറഞ്ഞു:–'ആ കട്ടെ, വിഷമിക്കേണ്ട: എനിക്ക് ഒരു സ്നേഹിതനുണ്ട്. അദ്ദേഹം വിചാരിച്ചാൽ ഇതിലും ഗുണകരമായ ഒരു ജോലി തരുവിക്കുവാൻ പ്രയാസമില്ല. ഒരപേക്ഷയെഴുതി ഇങ്ങോട്ടയച്ചുതരിക. ഒന്നുരണ്ടു മാസത്തിനകം ഉദ്യോഗം നിശ്ചയം.' ആ സാധു അതു വിശ്വസിച്ചിരിക്കാം. തന്റെ കാലദക്കേടിൽ കരുണതോന്നിയ ദൈവം ഒരഭയസ്ഥാനം കാണിച്ചുതന്നതായി അവൾ കരുതിയിരിക്കാം. അത്ര കൃതജ്ഞതാനിർഭരമായിരുന്നു അവളുടെ നോട്ടം. ആ നോട്ടവും അപ്പോഴത്തെ ഭാവഭേദങ്ങളും രാമൻപിള്ളയുടെ ആശാമുകുളത്തെ വികസ്വരമാക്കിത്തീർക്കതന്നെ ചെയ്തു. യുവതി സമാധാനത്തോടെ യാത്ര പറഞ്ഞിറങ്ങി. മേൽവിലാസം അവളെ ഏല്പിക്കാൻ അയാൾ വിസ്മരിച്ചില്ല. അവൾ തന്നിൽ അതീവ ഭ്രമിച്ചിരിക്കുകയാണെന്നയാൾ വ്യാമോഹിച്ചുപോയി. ഉദ്യോഗത്തിനുള്ള അപേക്ഷയും പ്രണയപ്രാർത്ഥനയെ പേറിക്കൊണ്ടുള്ള കത്തും പ്രതീക്ഷിച്ച് അയാൾ ദിവസങ്ങൾ എണ്ണിയെണ്ണിത്തള്ളിനീക്കി. അവളുടെ മേൽവിലാസം ഗ്രഹിക്കാൻ കഴിയാതെപോയ ബുദ്ധിശൂന്യതയെ അയാൾ പഴിച്ചു. ഒടുവിൽ; ഒരാഴ്ചയ്ക്കുശേഷം, ആശിച്ചതു ഫലിച്ചു. കത്തു കിട്ടി. അയാളുടെ ദേഹമാസകലം കോരിത്തരിച്ചു. അത്യാകാംക്ഷയോടെ അതു പൊട്ടിച്ചു. ആ ഉരുണ്ട കൈപ്പടയിൽ അയാളുടെ ദൃഷ്ടികൾ തിരക്കുകൂട്ടി. 'അല്പസമയത്തെ പരിചയം മാത്രമുള്ള എനിക്കുവേണ്ടി താങ്കൾ ചെയ്യുന്ന ഉപകാരത്തിന് അളവററ കൃതജ്ഞത' എന്നു

എഴുതിയ ഒരു തുണ്ടുകടലാസു മാത്രമേ അപേക്ഷയോടൊന്നിച്ചുണ്ടായിരുന്നുള്ളൂ. രാമൻപിള്ള ജീവച്ഛവമായി. ഏതാനും ദിവസങ്ങൾകൊണ്ടു കെട്ടിപ്പടുത്തിരുന്ന ആശാസൌധം തകൎന്നുപോകുന്നതായി അയാൾക്കുതോന്നി. വളരെ പണിപ്പെട്ട് അയാൾ സ്വാസ്ഥ്യതയവലംബിച്ചു. ആ ഒററ വാക്യം വീണ്ടുംവീണ്ടുംവായിച്ച് അയാൾ ആലോചനയിൽ മുഴുകി. ഒടുവിൽ അനുകൂലമായ ഒരു വ്യാഖ്യാനം അതിനുള്ളിൽനിന്നും അയാൾ ചികഞ്ഞെടുത്തു. അതോടെ പൂൎവ്വാധികം ഉന്മേഷഭരിതനായിത്തീരുകയും ചെയ്തു.

വായിക്കുംതോറും പുതിയ പുതിയ ആശയങ്ങൾ തോന്നിക്കുന്ന കാവ്യം പോലെയുള്ള ആ 'സൂത്രവാക്യ'ത്തിന് അയാൾ സ്വാഭിലാഷമനുസരിച്ചൊരു വ്യാഖ്യാനം ചമച്ചു. ആ ചുരുങ്ങിയ വാക്കുകളിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന വിസ്തൃതമായ ആശയം അയാളെ ആനന്ദസമുദ്രത്തിൽ ആറാടിച്ചു. കൃതജ്ഞതാനിർഭരമായ ആ വാക്യവും അതിനു സ്വയം കണ്ടെത്തിയ വ്യാഖ്യാനവും ചിലരെയെല്ലാം കേൾപ്പിച്ച് അവരുടെ സമ്മതി സമ്പാദിക്കുകകൂടി ചെയ്തതോടെ രാമൻപിള്ളയുടെ മട്ടൊന്നുമാറി. തുടൎന്നു കാൎയ്യങ്ങൾ പലതും ആലോചിച്ചു തീരുമാനിക്കുവാനുള്ളതിനാൽ ഉടനെ മറുപടി അയയ്ക്കണമെന്നയാൾ തീരുമാനിച്ചു. പല മറുപടിക്കുത്തുകളും തയ്യാറാക്കിനോക്കി. ഓരോന്നിനും ഓരോവിധത്തിൽ കുറവുണ്ടെന്നു സംശയം തോന്നുകയാൽ, ആദ്യത്തെ കത്തല്ലേ, ആരുടെയെങ്കിലും സഹായം തേടുകയാണുത്തമമെന്നയാൾ ഉറച്ചു.

ഗ്രഹപ്പിഴയ്ക്കു ഞാൻ അതിലെ പോകാൻ ഇടയായി. എന്നെവിളിച്ചുകയററി രാമൻപിള്ള തന്റെ പ്രണയ ഭാണ്ഡമഴിച്ച് ഓരോന്നായി പെറുക്കി നിരത്താൻ തുടങ്ങി. എനിക്കതെത്രയും വിരസമായിരുന്നെങ്കിലും എന്നെക്കുറിച്ചുള്ള മതിപ്പിനു ഭംഗം വരുത്തേണ്ടെന്നു കരുതി അങ്ങേയററം ശ്രദ്ധചെലുത്തുന്ന ഭാവം നടിക്കേണ്ടിവന്നു. ഒടുവിൽ ആ ഗൌരവമേറിയ ഭാരം എന്റെ തലയിൽക്കയററിവച്ചിട്ട് എന്റെ ഇംഗിതമറിയുവാൻ അയാൾ കാത്തിരിപ്പായി. അതിൽനിന്നും തലവലിച്ചു രക്ഷപ്പെടേണ്ടതെങ്ങനെയെന്നായി എന്റെ ആലോചന. ഞാൻ ആലോചനയിൽ മുഴുകിയിരിക്കുന്നതു കണ്ടപ്പോൾ അയാൾ ഉൽക്കണ്ഠാതരളിതനായി എനിക്കൊരു യുക്തി തോന്നി. അതു ഞാൻ തട്ടിവിട്ടു. ഭാഗ്യത്തിന് അതു ഫലിക്കുകയും ചെയ്തു. ഞങ്ങളുടെ സുചിന്തിതമായ ആലോചനയുടെ ഫലമായി അടുത്ത ദിവസം അയാൾ തനിച്ചു യുവതിയുടെ വീടുവരെ പോകുകതന്നെയെന്നുറച്ചു.

സമയം തെററിക്കാതെ രാമൻപിള്ള തന്റെ പ്രണയഭാജനത്തിന്റെ വീട്ടിലേയ്ക്കു പുറപ്പെട്ടു. ബസ്സിൽനിന്നും ഇറങ്ങിപലരോടും വഴിചോദിച്ചറിഞ്ഞ് അയാൾ വീടിനു സമീപമെത്തി. ആ വീട്ടിൽ മററാരുടേയും പേരു നിശ്ചയമില്ലാതിരുന്നതും ഒരനുഗ്രഹമായിട്ടയാൾ കരുതി. അയൽവീട്ടിലെ ഒരു കുട്ടി അയാളെ വീട്ടിലെത്തിച്ചു. അയാൾക്കു കാണേണ്ടയാൾ അപ്പോൾ അവിടെയുണ്ടായിരുന്നില്ല പുരുഷന്മാരും ഇല്ലായിരുന്നു. അധികം താമസിയാതെ അവൾ വന്നുചേർന്നു. ഉദ്യോഗവിഷയത്തെപ്പററി

ആയിരുന്നു അവരുടെ ആദ്യസംഭാഷണം. അങ്ങോട്ടാവ ശ്യപ്പെടാതെ ഈ വിഷമഘട്ടത്തിൽ തനിക്കുവേണ്ടി നി ഷ്കാമമായി പ്രവർത്തിക്കുവാനും ആത്മാർത്ഥമായ സഹാ യം നൽകുവാനും തയ്യാറായ ആ മനുഷ്യനെ അവൾ പിതൃതുല്യം കരുതി. 'കൊച്ചമ്മയെക്കാണാൻ വന്നതാ' എന്നൊരശരീരിയും അകത്തുനിന്നും അയാൾ കേൾക്കുക യുണ്ടായി. ഇതിനിടയ്ക്ക് അവളുടെ പിതാവും വന്നുചേർന്നു. മകളിൽനിന്നും വിവരമെല്ലാമറിഞ്ഞ വൃദ്ധൻ വളരെ സ ന്തുഷ്ടനായിത്തീർന്നു. 'ഭവാനിയുടെ കാര്യം ഞാൻ അങ്ങോ ട്ടേല്പിച്ചിരിക്കുന്നു' എന്നു ശുദ്ധഗതിക്കാരനായ ആ ഗ്രാ മീണന്റെ വായിൽനിന്നും പുറപ്പെട്ട വാക്കുകൾ അയാ ളുടെ കണ്ണുകളിൽ അമൃതസേചനം ചെയ്യുകതന്നെ ചെ യ്തു. മറുപടി പറയാൻ വാക്കുകൾകിട്ടാതെ രാമൻപിള്ള കുഴങ്ങി. ഏതാനുംനേരത്തെ സംഭാഷണത്തിനുശേഷം ആ സാധുകുടുംബത്തിന്റെ ഹൃദ്യമായ സൽക്കാരവും സ്വീ കരിച്ചു കൃതാർത്ഥനായി രാമൻപിള്ള മടങ്ങി. താൻ കേട്ട അശരീരി, തന്റെ ഭവാനിയുടെ ഭാവപ്രകടനങ്ങൾ, അ വളുടെ പിതാവിന്റെ സംസാരം ഇവയെല്ലാം ചിന്തിച്ച് അയാൾ പരമാനന്ദത്തിൽ മുഴുകിപ്പോയി. ഭവാനിയെ ക്കൂടാതെ ഒരു നിമിഷംപോലും ജീവിക്കുവാൻ അസാദ്ധ്യം എന്നുള്ള നിലവരെ എത്തിയതായിട്ടയാൾക്കുതോന്നി. മേൽനടക്കേണ്ടും കാര്യങ്ങളെല്ലാം സംസാരിച്ചുറയ്ക്കുവാൻ മറെറാരാൾകൂടി കൂടെയില്ലാത്ത പോയതുകൊണ്ടു നേരി ടാൻ പോകുന്ന കാലദൈർഘ്യത്തെയോർത്ത് അയാൾ കഠിനമായി പശ്ചാത്തപിച്ചു. ഏതായാലും അടുത്ത

ദിവസം നേരിട്ടെഴുതിക്കളയാമെന്നുറച്ചു രാമൻപിള്ള സമാധാനം പൂണ്ടു.

അയാൾ തിരിച്ചെത്തി എന്നെ കാത്തു കടയിൽ ഇരിപ്പായി. എൻെറ യാത്ര അന്നു് അതുവഴിയല്ലായിരുന്നു. ഇരുന്നിരുന്നു മനസ്സുമുട്ടി എന്നെത്തിരക്കി അയാൾ എൻെറ വീട്ടിലേയ്ക്കു പുറപ്പെട്ടു. ഞാൻ അപ്പോൾ തിരിച്ചെത്തിയിരുന്നില്ല. അയാൾ അവിടെനിന്നും ഇറങ്ങി പടിക്കൽ നിലയായി. 'നമുക്കിനിയെന്തായിരിക്കാം വന്നു ചേരാൻപോകുന്ന പുതിയജോലി'എന്നു പടിക്കൽ കാത്തു നിൽക്കുന്ന രാമൻപിള്ളയെക്കണ്ടപ്പോൾ ഞാൻ ഓർത്തുപോയി. യാത്രയിലുണ്ടായ അനുഭവങ്ങളെല്ലാം അയാൾ തികഞ്ഞ വിശ്വാസത്തോടും സന്തോഷത്തോടുംകൂടി വിസ്തരിക്കാൻ തുടങ്ങി. ഭവാനിയുടെ ഓരോ പെരുമാററത്തേയും അവളുടെ അച്ഛൻെറ സംസാരത്തേയും വിവരിച്ചുതു കേട്ടപ്പോൾ വിവാഹനിശ്ചയം മാത്രമല്ല, വിവാഹം പോലും നടന്നുകഴിഞ്ഞതായി ഞാൻ സംശയിച്ചു. 'കാര്യങ്ങളെല്ലാം തീരുമാനിക്കുന്നതിനായി നാളെത്തന്നെ ഒരെഴുത്തയച്ചാലെന്താ?' എന്ന ചോദ്യം കേട്ടപ്പോഴാണു് എൻെറ സംശയം അസ്ഥാനത്താണെന്നെനിക്കു തോന്നിയതു്. 'വല്ലവരും കല്യാണം കഴിക്കാൻ പോകുന്നതിനു ഞാനാണല്ലോ കാര്യമില്ലാതെ ബുദ്ധിമുട്ടേണ്ടിവരുന്നതു്' എന്നു സ്വയം പിറുപിറുത്തുകൊണ്ടു് 'അതുവേണോ?' എന്നൊരു സംശയം ഞാൻ പ്രകടിപ്പിച്ചു. 'അല്ലാതിനിയെന്തു ചെയ്യാനാണു്? ഞാൻ തനിച്ചല്ലേ പോയിരുന്നതു്? മററു കാര്യങ്ങൾ പലതും തീരുമാനിക്കേണ്ടേ?

അതിനിനി അവരറിയിക്കാതെ ഉടനെ അങ്ങോട്ടു ചെല്ലു ന്നതു ശരിയാണോ?' എന്നായി രാമൻപിള്ള. ഞാൻ അ യാളുടെ അഭിപ്രായം ശരിവച്ചു-'നാളെത്തന്നെ ഒരെഴു ത്തയ്ക്കുക. അതുകൊണ്ടു ദോഷമൊന്നും വരാനില്ലല്ലോ.' വീണ്ടും സംസാരത്തിനിടം കൊടുക്കാതെ ഞാൻ നടന്നു. രാമൻപിള്ള അയാളുടെ വഴിക്കും പോയി.

അന്നു രാത്രി എല്ലാംകൊണ്ടും അയാൾക്കു ശിവരാ ത്രിയായിരുന്നു. ദീർഘമായ ആലോചന ചെലുത്തി അയാൾ നീണ്ട ഒരു കത്തു തയ്യാറാക്കി. എഴുതിയിട്ടും എഴുതിയിട്ടും ഒക്കുന്നില്ല; എന്തെല്ലാമോ ചില പോരാ യ്മകൾ. എങ്കിലും തൻെറ മനോഭാവവും തമ്മിൽക്കാ ണാൻ ഇടയായ സന്ദർഭങ്ങളിലുണ്ടായ അനുഭവ വിശേഷ ങ്ങളും വ്യക്തമായി പ്രദർശിപ്പിക്കുവാൻ കഴിഞ്ഞതിൽ അയാൾ കൃതാൎത്ഥതപൂണ്ടു. തൻെറ സ്വന്തം ഭവാനിക്കയ യ്ക്കുന്ന കത്തുകൾ ഇനിമേൽ മററാരും കാണാൻ ഇടയാക രുതെന്ന് അയാൾക്കു പ്രത്യേകം നിർബന്ധമുണ്ടായിരുന്നു. അതിനാൽ ഇത്തവണ കത്തെഴുതുവാൻ എൻെറ സഹാ യം ആവശ്യപ്പെടുകയുണ്ടായില്ല. യഥാസമയം കത്തയ യ്ക്കപ്പെട്ടു. വൻപിച്ച ഒരു ഭാഗ്യക്കുറിയിൽ ഒന്നാം സമ്മാ നം പ്രതീക്ഷിക്കുന്ന ഭാഗ്യവാൻെറ ഭാവത്തിൽ അയാൾ മറുപടി കിട്ടുന്ന സുദിനം പാർത്തുകഴിച്ചുകൂട്ടി. പ്രതീക്ഷാ നുസരണം മറുപടിയും ലഭിച്ചു. അത്യാൎത്തിയോടെ അതു പൊട്ടിച്ചു. വായിച്ചുതീരുംമുമ്പേ ആ ശപിക്കപ്പെട്ട കട ലാസ്സ് അയാളുടെ വിറയ്ക്കുന്ന കൈകളിൽനിന്നും താഴെ വീണു. അയാളുടെ മുഖം വിളറി. 'നിങ്ങൾക്കും ഒരു

പിതൃഹൃദയമുണ്ടായിരിക്കാമെന്നു ഞാൻ കരുതിപ്പോയി. മേലാൽ എനിക്കുവേണ്ടി നിങ്ങൾ ക്ലേശിക്കേണ്ട.' എന്നു മാത്രമേ ആ കടലാസിലുണ്ടായിരുന്നുള്ളു. താൻ വഞ്ചിതനും അപമാനിതനും ആയിത്തീൎന്നു എന്നൊരു തോന്നലാണു് സ്വാസ്ഥതയവലംബിച്ചപ്പോൾ അയാൾക്കുണ്ടായതു്.

ഏതാനും നാളുകളായി വിവാഹകാര്യത്തിൽ മാത്രം അഹോരാത്രം മുഴുകിക്കഴിഞ്ഞിരുന്ന രാമൻപിള്ളയ്ക്കു വീട്ടുകാര്യത്തിൽക്കൂടി ശ്രദ്ധ പതിപ്പിക്കാൻ സമയമോ സൗകര്യമോ ലഭിച്ചില്ല. വീട്ടിലെ കാര്യങ്ങൾ കുഴപ്പത്തിൽനിന്നു കൂടുതൽ കുഴപ്പത്തിലേയ്ക്കു പുരോഗമിച്ചുകൊണ്ടിരുന്നു. പലപ്പോഴും പട്ടിണികിടക്കേണ്ടിവന്നിട്ടും ഉപജീവനമാൎഗ്ഗമന്വേഷിക്കാതെ വീട്ടിൽത്തന്നെ കുത്തിയിരുന്നു സമയം പാഴാക്കുന്ന മകനെ അയാൾ മനസാ ശപിച്ചു. ഈ അരക്ഷിതാവസ്ഥയ്ക്കൊരു പരിഹാരം കണ്ടെത്തണമെന്നു കരുതിയായിരുന്നു അയാളുടെ ഇത്രയും നാളത്തെ പരിശ്രമം. അതേതാണ്ടൊക്കെ ഫലിച്ചുവരുന്നതായി അയാൾ സങ്കല്പിക്കുകയും ചെയ്തിരുന്നു. ആ സങ്കല്പത്തെ തട്ടിത്തകൎത്തുകൊണ്ടു നിരാശ തന്റെ മുമ്പിൽ നഗ്നനൃത്തം ചെയ്യുന്നതായിട്ടയാൾക്കു തോന്നി.

ജ്യോതിഷത്തിൽ രാമൻപിള്ളയ്ക്കു് അടിയുറച്ച വിശ്വാസം വന്നുതുടങ്ങിയിട്ടു നാളുകൾ അഞ്ചെട്ടായി. ജ്യോത്സ്യന്റെ പ്രവചനമനുസരിച്ചു് ഗ്രഹനിലയ്ക്കു മാററം വരുവാൻ ഇനിയും ദിവസം എട്ടുപത്തു കഴിയണം. അതു കഴിഞ്ഞാലുടൻ പ്രണയപ്രാൎത്ഥനയുമായി ഭവാനി

ങ്ങോട്ടുതന്നെ വരുമെന്നും ഭവാനി തന്റെ സ്വന്തമാണെ ന്നും അയാഠം ദൃഢമായി വിശ്വസിച്ചു. അങ്ങനെ ആ ദിവസങ്ങളും വിശേഷമൊന്നും കൂടാതെ കടന്നുപോയി. ഭവാനി വരികയോ അവഠം രാമൻപിള്ളയുടെ സ്വന്തമായി ത്തീരുകയോ ചെയ്തില്ല. വീണ്ടും ജ്യോത്സ്യൻെറ സഹായമപേക്ഷിക്കാതെ നിവൃത്തിയില്ലെന്നു വന്നുകൂടി. 'ഇടയിൽക്കടന്നു ഗുളികൻ വഴി തടഞ്ഞുപോയി. അതുകൊണ്ടു് ഇനി മൂന്നാംദിവസം നേരിട്ടങ്ങോട്ടു ചെന്നാൽ കാര്യസാദ്ധ്യമുണ്ടാകുമെന്നുതന്നെ ലഗ്നവശാൽ കാണുന്നു' എന്നു ജ്യോത്സ്യൻ ഉറപ്പുപറഞ്ഞു. അതു വിശ്വസിക്കാതിരിക്കാൻ രാമൻപിള്ളയ്ക്കു നിവൃത്തിയില്ലാതായി. മൂന്നാം ദിവസം അയാഠം ഭവാനിയുടെ വീട്ടിലേയ്ക്കു പുറപ്പെട്ടു. അവളുടെ വീട്ടിൽച്ചെന്നു കയറുന്നതിനു് അയാഠക്കല്പം മടിയുണ്ടായിരുന്നെങ്കിലും ജ്യോതിഷം തെററുകയില്ലെന്നുള്ള വിശ്വാസവും തൻെറ സ്നേഹിതൻെറ കഴിവിലുള്ള മതിപ്പും അയാളെ അതിനു ധൈര്യപ്പെടുത്തി. എന്നാൽ ഭാഗ്യവശാൽ അയാഠക്കു ഭവാനിയുടെ വീട്ടിൽ ചെല്ലേണ്ടി വന്നില്ല. ഭവാനി അവിടെനിന്നും ഏതാനും മൈൽ അകലെ പാക്കുന്ന സഹോദരൻെറ വീട്ടിൽ പോയിട്ടു മൂന്നു ദിവസമായെന്നു് ഇടയ്ക്കുവച്ചു് അയാഠക്കറിയുവാൻ കഴിഞ്ഞു. ഇടയിൽക്കടന്നു വഴി തടഞ്ഞ ഗുളികനെ കണക്കററു ശപിച്ചുകൊണ്ടു് അയാഠം മടങ്ങി. തൻെറ സുഹൃത്തായ ജ്യോത്സ്യൻെറ നിർദ്ദേശമനുസരിച്ചു പുരോഗമിക്കുന്നപക്ഷം കാര്യം സാധിക്കുകതന്നെ ചെയ്യുമെന്നയാഠക്കുണ്ടായിരുന്ന വിശ്വാസം ഇപ്പോഠം സ്ഥിരപ്പെട്ടു.

തിരിയെ വന്നു വിവരം ഗ്രഹിപ്പിച്ച് മേൽ വേണ്ടും കാര്യങ്ങളെപ്പററി സ്നേഹിതൻെറ ഉപദേശം ആരാഞ്ഞു. പ്രശ്നഫലം രാമൻപിള്ളയ്ക്കു ബോദ്ധ്യം വരുമാറ് ആശാൻ വിശദീകരിച്ചു. 'വ്യാഴം ഇപ്പോൾ മറഞ്ഞുനില്ക്കുകയാണ്. സ്വന്തം രാശിയിൽ എത്താൻ ഇനിയും പതിനെട്ടു നാൾ കൂടി കഴിയണം. അതിനിപ്പുറം ഒന്നും നടക്കാൻ യോഗം കാണുന്നില്ല. എന്നാൽ അതിനു ശേഷം മൂന്നാഴ്ച കഴിഞ്ഞാൽ വ്യാഴം നീചബലവാനാകും; കുജൻെറ വക്രഗതി ആരംഭിക്കുകയും ചെയ്യും. അതിനനുകമായി കാര്യം സാധിക്കണം; സാധിക്കും. ലഗ്നം തെളിഞ്ഞുതന്നെ നില്ക്കുന്നു.' ഗ്രഹങ്ങളുടെ ആനുകൂല്യം ലഭിക്കുന്നതിനായി, ഒഴിവു കണ്ടതനുസരിച്ച് ഒരു നീണ്ട ചാത്തും തയ്യാറാക്കപ്പെട്ടു. അപ്രതിവിധികളുടെ ചുമതല മുഴുവൻ വിശ്വസ്തനായ സ്നേഹിതനെത്തന്നെ ഏല്പിച്ച് രാമൻപിള്ള വ്യാഴത്തിൻെറ മാററം നോക്കിയിരിക്കുവാനും തുടങ്ങി.

അന്യ ദിക്കിൽ പഠിച്ചു താമസിക്കുന്ന കുട്ടികൾ അവധി തുടങ്ങുന്നതിനടുത്തു മുൻപുള്ള ദിവസങ്ങൾ തള്ളിനീക്കുന്നതുപോലെ രാമൻപിള്ള രണ്ടുമൂന്നു ദിവസം തള്ളിനീക്കി. അന്നു ഞാൻ അയാളുടെ കടയുടെ മുൻപിൽക്കൂടി കടന്നുപോകാൻ ഇടയായി. കടയിൽ അയാളുണ്ട്. തുണികൾ അവിടവിടെ കൂടിക്കിടപ്പുണ്ടെങ്കിലും പണിയിൽ അശേഷം ശ്രദ്ധ ചെലുത്താതെ ആരേയോ പ്രതീക്ഷിച്ചെന്നപോലെ അയാൾ നിശ്ചലനായിരിക്കുകയാണ്. ഞാൻ അങ്ങോട്ടു കുശലപ്രശ്നം തുടങ്ങുന്നതിനു മുൻപുതന്നെ എന്നെ അകത്തേയ്ക്കു ക്ഷണിച്ചു. ഞാൻ കയറിയിരിപ്പു

റപ്പിച്ചു. അയാൾ കഥ തുടങ്ങി. അയാളുടെ കത്തിനു കിട്ടിയ മറുപടി മുതൽ അതുവരെയുള്ള കഥകൾ ഒന്നൊഴിയാതെ മുറയ്ക്കു വിസ്തരിച്ചു. അയാൾക്കു മാറിമാറിയുണ്ടായിക്കൊണ്ടിരുന്ന ഭാവഭേദങ്ങൾ എന്നെ കൂടുതൽ രസിപ്പിച്ചു. കഥയവസാനിച്ചതോടെ രണ്ടു ചോദ്യശരങ്ങളും എൻെറ നേർക്കു തൊടുത്തുവിട്ടു 'വ്യാഴത്തിൻെറ മാററത്തോടുകൂടി എല്ലാം മംഗളമായിക്കലാശിക്കുകയില്ലേ? പ്രതിവിധികൾ ഇച്ചെയ്യുതൊക്കെപ്പോരേ?' അവയേററു ഞാൻ അല്പനേരം നിശ്ചലനായിരുന്നുപോയി. ഇലയ്ക്കും മുള്ളിനും കേടുവരാതെ വേണമല്ലോ തട്ടിവിടാൻ 'ജ്യോതിഷം തെററുകയോ? പോരെങ്കിൽ, ആശാനാണെങ്കിൽ ഒട്ടും പോരാതേയുമില്ല. ഏതായാലും അതുവരെ കാത്തിരിക്കുകതന്നെ.' എൻെറ മറുപടി കണക്കിനു പററിയതായി എനിക്കു തോന്നി. സാധു! അയാൾ അറിയാതെ ഇരുന്നിടത്തുനിന്നും എഴുനേററുപോയി. അവിടെനിന്നും രക്ഷപ്പെടുവാൻ ഇതുതന്നെ അവസരമെന്നുകരുതി ഞാനും എഴുനേററു നടന്നു. അന്യാശ്രയമില്ലാത്ത ഒരു കൊച്ചു കുടുംബത്തെ നാശഗർത്തത്തിൻെറ അടിത്തട്ടിലെത്തിച്ചു വ്യാഴത്തിൻെറ മാററവും കാത്തിരിക്കുന്ന ഈ 'ആലത്തൂർ കാക്ക'യുടെ ഭാവിയേപ്പററിയുള്ള ചിന്ത എത്രതന്നെ ശ്രമിച്ചിട്ടും എൻെറ ഹൃദയത്തിൽനിന്നും വിട്ടുമാറിയില്ല.

# X

# ബാലയോഗിനി.

## I

ഞാനും വൈദ്യനും ആത്മസുഹൃത്തുക്കളായിരുന്നു. ഉദ്യോഗം പ്രമാണിച്ചു സ്വന്തം നാടുകൾ വിട്ടു മിക്കവാറും അടുത്തകാലങ്ങളിലായി ആ നാട്ടിലെത്തിയ ഞങ്ങൾ അചിരേണ പരിചയപ്പെടുകയും ആ പരിചയം ആത്മാർത്ഥമായ സ്നേഹമായി പരിണമിക്കുകയും ചെയ്തു. ഞങ്ങളുടെ ഔദ്യോഗികവൃത്തങ്ങൾ വിഭിന്നങ്ങളായിരുന്നെങ്കിലും ഞങ്ങൾ ഒരേസ്ഥാപനത്തിലെ ഉദ്യോഗസ്ഥന്മാരാണെന്നാണു് അധികമാളുകളും ധരിച്ചിരുന്നതു്. ആഫീസിലേയ്ക്കു പോകുന്നതും തിരിയെ വരുന്നതുമെല്ലാം ഞങ്ങൾ ഒരുമിച്ചുതന്നെ. മററു സമയങ്ങളിലാണെങ്കിൽ ഞങ്ങളിൽ ഒരാളിനെ മാത്രമായി ഒരിടത്തും കാണാറുമില്ല. ഞങ്ങളുടെ ഈ മൈത്രീബന്ധത്തെക്കുറിച്ചു വിമർശിക്കാത്തവരായിഅവിടെ ആരുംതന്നെ ഉണ്ടായിരുന്നെന്നുതോന്നുന്നില്ല.

ഈ സൗഹൃദം എല്ലാവിധത്തിലും ഉപപന്നമായിരുന്നെന്നും ആത്മാർത്ഥമായിരുന്നെന്നും ഞങ്ങളെ അടുത്തറിയാവുന്നവർക്കെല്ലാം അറിയുകയും ചെയ്യാം. തികഞ്ഞ യൗവനം, ആരേയും ആകർഷിക്കുന്ന സംസാരം, ആരുടേയും ആദരം അർഹിക്കുന്ന പെരുമാററം, എത്രയും അഭികാമ്യമായ സക്കാരുദ്യോഗം ഇവയെല്ലാമൊത്തിണങ്ങുക അസുലഭമായ സുകൃതവിശേഷം തന്നെയാണ്. ഭാഗ്യവശാൽ ഞങ്ങൾക്കിവയെല്ലാമിണങ്ങിയിരുന്നുതാനും. അതുകൊണ്ട് ഞങ്ങളുടെ വിമർശകന്മാരെല്ലാം ഞങ്ങളോടു ബഹുമാനമോ താല്പര്യമോ ഉള്ളവരായിരുന്നു എന്നു വിചാരിക്കുന്നതബദ്ധമായിരിക്കും. അസൂയയുടെ പ്രചോദനത്താലും ഞങ്ങളെ വിമർശിച്ചിരുന്നവർ വിരളമല്ലായിരുന്നു. അറിഞ്ഞുകൊണ്ട് അന്യരുടെ വിമർശനത്തിനു ഞങ്ങൾ ഇടം കൊടുത്തിട്ടുള്ള സന്ദർഭങ്ങൾ വളരെയുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

ഞങ്ങളുടെ ജോലിസ്ഥലം നഗരത്തിനടുത്തുള്ള ഒരു നാടാണ്—ഒരു കൊച്ചു നഗരം ഐശ്വര്യദേവതയുടെ അനുഗ്രഹത്തിനു പാത്രമായിട്ടുള്ള ആ കൊച്ചുനഗരത്തിൽ ഏതാനും സക്കാർ സ്ഥാപനങ്ങളുമുണ്ട്. നാട്ടുകാരിൽ നല്ലൊരു പങ്ക് സമ്പത്തിലും സംസ്കാരത്തിലും മികച്ചു നില്ക്കുകയും ചെയ്യുന്നു. അവിടെ വിദേശികളായ ഞങ്ങൾ പലരുടേയും സ്നേഹാദരങ്ങൾക്കു പാത്രമായിത്തീന്നു ഞങ്ങളുടെ ഭാഗ്യാതിരേകം നിമിത്തമെന്നല്ലാതെ യോഗ്യത നിമിത്തമാണെന്നു കരുതിക്കൂടാ. എന്നാൽ അതിൽ അന്തർല്ലീനമായി മറെറാരു രഹസ്യവസ്തുതകൂടിയുണ്ടായിരുന്നു

എന്നു ഞങ്ങൾക്കു കാലക്രമത്തിൽ ബോദ്ധ്യമായി. ഞങ്ങൾ സാമാന്യം അന്തസ്സും ആഭിജാത്യവുമുള്ള രണ്ടു കുടുംബങ്ങളിലെ അംഗങ്ങളും അവിവാഹിതരും അല്ലലും അലച്ചിലും അനുഭവിക്കുവാൻ ഇട വന്നിട്ടില്ലാത്തവരുമാണെന്ന് എങ്ങനെയോ ചിലർക്കറിയുവാൻ കഴിഞ്ഞു. അതോടെ ഞങ്ങളെ വീശിയെടുക്കാൻ ഒരു കൂട്ടർ ലാക്കുനോക്കി ചുററിപ്പററിക്കൂടുന്നുമുണ്ടായിരുന്നു. ഞങ്ങളെ അങ്ങനെ ചുളുവിൽ വലയിൽ അകപ്പെടുത്തുവാൻ ആക്കും എളുപ്പമായിരുന്നില്ല. ഞങ്ങളോടുള്ള മമതകൊണ്ടെന്ന മട്ടിൽ വിശ്രമാവസരങ്ങളിൽ ഞങ്ങളെ ശല്യപ്പെടുത്താനായി ചിലപ്പോൾ ചിലരെല്ലാം കൂടാറുണ്ടായിരുന്നു. പലപ്പോഴും അവരുടെ സംസാരവിഷയം ഗൃഹസ്ഥാശ്രമമായിരുന്നുതാനും. പലരും കൂടെക്കൂടെ ഞങ്ങളെ അവരുടെ വസതികളിലേയ്ക്കു ക്ഷണിക്കാതേയുമിരുന്നിട്ടില്ല.

വിവാഹകാര്യത്തേപ്പററി ഞങ്ങൾക്കു ചില ആശയങ്ങളുണ്ട്. തൽക്കാലം ഞങ്ങൾ രണ്ടുപേരും സന്ന്യസിക്കണമെന്നൊട്ടുദ്ദേശിച്ചിട്ടുമില്ലായിരുന്നു. ഞങ്ങൾ തമ്മിൽ ഈ വിഷയത്തേപ്പററി സംസാരിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ഈ പുതിയ സായന്തന സുഹൃത്തുക്കളുടെ അന്തർഗ്ഗതങ്ങളും ഞങ്ങളുടെ സംസാരത്തിനു വിഷയമായിട്ടുണ്ട്. ആന കൊടുത്താലും ആശ കൊടുക്കരുതെന്നു ഞങ്ങൾക്കു നിർബ്ബന്ധമുണ്ടായിരുന്നു. എങ്കിലും ദോഷരഹിതമായ ഒരു നേരമ്പോക്കിൻെറ നിലയിൽ മാത്രം കണക്കാക്കി ഞങ്ങൾ ചിലപ്പോഴെല്ലാം അവരുടെ ക്ഷണം സ്വീകരിക്കുകയും അവരോടൊന്നിച്ചും അല്ലാതേയും അവരുടെ വീടുകളിൽ

പോകുകയും ചെയ്തിട്ടുണ്ട്. പലരും സൽക്കാരത്തിൻെറ മാററുകൂട്ടി ഞങ്ങളെ വ്യാമോഹിപ്പിക്കാൻ ശ്രമിക്കാതെയുമിരുന്നിട്ടില്ല. അപ്പോഴെല്ലാം നയതന്ത്രപരമായി പിൻമാറുന്നതിൽ തികച്ചും വിജയം വരിച്ചിട്ടുണ്ടെന്നു ഞങ്ങൾ അഭിമാനിക്കാറുണ്ട്. ഞങ്ങൾക്ക് ആ നാട്ടിലെ ജീവിതം എത്രയുംആഹ്ളാദഭൂയിഷ്ഠമായിരുന്നെന്നു തീർത്തുപറയാം.

## II

അന്നു ചിത്രാപൗർണ്ണമിയായിരുന്നു. നഗരത്തിലെ മഹാക്ഷേത്രത്തിൽ വമ്പിച്ച പരിപാടികളുണ്ട്. ദീപാരാധനയ്ക്കുമുൻപായി ഞങ്ങൾ ക്ഷേത്രത്തിലെത്തി. ക്ഷേത്രമതില്ക്കെട്ടിനകത്തെ ജനപ്രവാഹത്തിൽപ്പെട്ടു ഞങ്ങളും ഒഴുകിപ്പോയി. ദീപാരാധന കഴിഞ്ഞു് ഒരൊഴിഞ്ഞസ്ഥാനത്തുനിന്ന് ഞങ്ങൾ അടുത്ത പരിപാടിയിൽ രസിക്കുകയായിരുന്നു. കണ്ണും കരളും കാതും കുളിർപ്പിക്കുന്ന കലാപരിപാടി. അപ്പോൾ ഞങ്ങളുടെ ഒരു സ്നേഹിതൻ അവിടെ വന്നു. ഞങ്ങളുടെ മേൽ അദ്ദേഹത്തിനല്പം സ്വാതന്ത്ര്യമുണ്ടായിരുന്നു. പലകാര്യങ്ങളെപ്പററിയും സംസാരിച്ചുകൊണ്ട് ഞങ്ങൾ ഏതാനും സമയം അവിടെ ചുററി നടന്നു. ഒടുവിൽ ഞങ്ങൾ മൂന്നുപേരുൾപ്പെട്ട ആ മഹാസദസ്സിൽ ഒരു പ്രമേയം അവതരിപ്പിക്കപ്പെട്ടു. അതു ഭൂരിപക്ഷമനുസരിച്ചു പാസ്സായി. പ്രമേയം പാസ്സായാലും അതനുസരിച്ചു പ്രവർത്തിക്കണമെന്നില്ലെന്നുള്ള നിയമം അന്നു നടപ്പിൽ വന്നിട്ടില്ലാതിരുന്നതിനാൽ ഞങ്ങൾ മൂവരും കൂടി അപ്പോൾ ഒരു യാത്ര പുറപ്പെടേണ്ടതായി വന്നുകൂടി.

യാത്രയ്ക്കുള്ള ഒരുക്കങ്ങളോടു കൂടിഞങ്ങൾ തിടുക്കത്തിൽ ബസ്സ്സ്റ്റാൻഡിലേയ്ക്കു നടന്നു. നിർഭാഗ്യവശാൽ, ഞങ്ങൾ അവിടെയെത്തുന്നതിനല്പം മുൻപ് അവസാനത്തെ ബസ്സും പോയിക്കഴിഞ്ഞിരുന്നു. 'നല്ല നിലാവാണല്ലോ. വഴിയും ഭേദപ്പെട്ടതാണ്. നടക്കുകതന്നെ' എന്നു സ്നേഹിതൻ അഭിപ്രായപ്പെട്ടപ്പോൾ ഞങ്ങൾക്കതനുസരിക്കാതെ നിവൃത്തിയില്ലെന്നായി. സ്നേഹിതൻ മാർഗ്ഗദർശിയായി മുൻപേ നടന്നു. ഞങ്ങൾ പിൻപേയും. ഏതോ ചില വഴികളിൽ കൂടെ വളരെ ദൂരം നടന്ന് ഒരു നദിയുടെ തീരത്തിലെത്തി. അപ്പോൾ മണിപന്ത്രണ്ടു കഴിഞ്ഞിരുന്നു. എൻെറ സുഹൃത്തിന് അടുത്തദിവസം വന്നുചേരാൻ പോകുന്ന മഹാഭാഗ്യത്തെപ്പററിയായിരുന്നു ഞങ്ങളുടെ സംസാരം. അതുകൊണ്ടു നേരം പോയതു ഞങ്ങളും വഴിതെററിപ്പോയതു സ്നേഹിതനും അറിഞ്ഞില്ല. ആററുതീരത്തുകൂടി രണ്ടുമൂന്നു പ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും നടക്കേണ്ടിവന്നപ്പോളാണു വഴിതെററിയതായി ഞങ്ങൾ മനസ്സിലാക്കിയതു്. ആററിൽ അരയ്ക്കുതാഴെമാത്രമേ വെള്ളമുണ്ടായിരിക്കുകയുള്ളു എന്നും അടുത്ത ഒരു ദിവസം അദ്ദേഹം ഇറങ്ങിക്കയറിയതാണെന്നും സ്നേഹിതൻ അല്പം മുൻപ് സൂചിപ്പിച്ചിരുന്നു. അദ്ദേഹം മുൻപേഇറങ്ങി. ഞങ്ങളും അനുഗമിച്ചു. വെള്ളത്തിൽകൂടി എട്ടുപത്തടി മുൻപോട്ടു നടന്നപ്പോൾ ഇറങ്ങേണ്ട സ്ഥാനത്തല്ല ഇറങ്ങിയതെന്നു ബോദ്ധ്യമായി. തിരിയെനടന്നു വീണ്ടും നടപ്പുതുടങ്ങി. ഇരുട്ടത്തു കൊണ്ട അടി വെട്ടത്തുമിണ്ടാതെ തിരിച്ചുനടന്നാലെന്താ എന്നായി ഞങ്ങൾ. സ്നേഹിതൻ

അതുക്രൂട്ടാക്കാതെ അപ്പോഴും വഴിതപ്പുകയാണ്. ഗത്യ ന്തരമില്ലായ്കയാൽ എങ്ങനെയെങ്കിലും മറുകരയ്ക്കു കടക്കു കതന്നെയെന്നുറച്ചു. സകലതും പറിച്ചു കൈയിൽ പൊ ക്കിപ്പിടിച്ചുകൊണ്ടു് ആററിലേയ്ക്കിറങ്ങി നടന്നു. ഭാഗ്യ വശാൽ, കഴുത്തിനുമേൽ വെള്ളമുണ്ടായിരുന്നില്ല. അതു കൊണ്ടു് അപകടം പററാതെ മറുകരപററി. അതിനു ശേഷവും വഴികണ്ടുപിടിക്കുവാൻ കുറേനേരം ശ്രമിക്കേ ണ്ടിവന്നു. കണ്ടെത്തിയ വഴിയിൽക്കൂടി യാത്രതുടർന്നു. കുറച്ചു ദൂരം ചെന്നപ്പോഠം വഴിതെററിയിട്ടില്ലെന്നു സ്നേ ഹിതൻ ഉറപ്പുപറഞ്ഞു. ഞങ്ങഠംക്കല്പം സാമാധാനമായി.

മണി രണ്ടുകഴിഞ്ഞു. യാത്രാക്ലേശം അനുഭവപ്പെടാ തിരിക്കാനായി ഞങ്ങഠം സംഭാഷണത്തിൽ മുഴുകിയാണു നടക്കുന്നതെന്നു വരികിലും വളരെനേരമായുള്ള നടപ്പു്, ഉറക്കമിളപ്പു്, വഴിതെററിയോ എന്ന ശങ്ക മുതലായവ യാൽ ഞങ്ങഠം നന്നേ ക്ഷീണിച്ചിരുന്നു. അല്പം ചൂടുകാപ്പി കിട്ടിയാൽ അതിനെന്തുവിലയും കൊടുക്കാൻ അപ്പോഠം തയ്യാറായിരുന്നു. ജനബാഹുല്യമോ മററു പ്രാധാന്യമോ ഇ ല്ലാത്ത ഒരു നാടാണതു്. പോരെങ്കിൽ, ഞങ്ങഠം യാത്ര ചെയ്യുന്നതോ അസമയത്തും. എങ്ങനെയാണു ഞങ്ങഠം ക്കവിടെ ചൂടുകാപ്പി കിട്ടുക? ഞാൻ കൂടെ ക്കൂടെ രണ്ടുവേ രേയും ശപിക്കുകയും ചെയ്യുന്നുണ്ടു്. സ്നേഹിതൻ കരുതി യിരുന്ന സിഗററും മുറുക്കാനും തീരാറായിരിക്കുകയും ചെയ്യുന്നു. മുമ്പോട്ടുപോകുകയല്ലാതെ നിവൃത്തിയില്ലല്ലോ. ഒരു വളവുതിരിഞ്ഞപ്പോഠം ദൂരത്തായി ഒന്നുരണ്ടു മങ്ങിയ ദീപങ്ങഠം ഞങ്ങളുടെ ദൃഷ്ടിയിൽപ്പെട്ടു. ഞങ്ങഠംക്കുന്മേഷം

വർദ്ധിച്ചു. നടന്നിട്ടും നടന്നിട്ടും വെളിച്ചം അടുക്കുന്നില്ല. അതു 'മന്ദന്മാരുടെ ബുദ്ധിപോലിളകിയും തട്ടിത്തടഞ്ഞും കുഴങ്ങുന്ന മൃതുകാളവണ്ടി'കളാണെന്നു മനസ്സിലായി. ഞങ്ങൾ മുറുകിനടന്നു വണ്ടിയുടെ സമീപമെത്തി. വണ്ടിക്കാർ സുഖമായിക്കിടന്നുറങ്ങുന്നു. കാളകൾ അവയുടെ പരിചയമനുസരിച്ചു മുൻപോട്ടു നീങ്ങുന്നു. ഞങ്ങൾ ഒരു വണ്ടിക്കാരനെ വിളിച്ചുണർത്തി അടുത്തു കാപ്പിക്കടയെവിടെക്കാണുമെന്നു ചോദിച്ചു. 'നാളെ ചന്തദിവസമായതുകൊണ്ട് അല്പം കൂടി മുന്നോട്ടുപോയാൽ കാപ്പിക്കടയിൽ ആളുകളുണ്ടായിരിക്കും' എന്നു നല്ലവനായ ആ വണ്ടിക്കാരൻ മറുപടിപറഞ്ഞു. അയാൾ നിർദ്ദേശിച്ചതുപോലെ ആദ്യം കണ്ട കാപ്പിക്കടയിൽ ഞങ്ങൾ കയറി.

## III

ആഴ്ചയിൽ രണ്ടുദിവസം അവിടെ അടുത്തൊരു ചന്തയുണ്ട്. ആ ദിവസങ്ങളിൽ മാത്രം കച്ചവടമുള്ള രണ്ടുമൂന്നു കാപ്പിക്കടകളുമുണ്ടവിടെ. അവയിലൊന്നിലാണു ഞങ്ങൾ ചെന്നുകയറിയതു്. കാപ്പിക്കടക്കാരനും ഭാര്യയും കൂടി അടുത്തദിവസത്തെ കച്ചവടത്തിനുള്ള പലഹാരങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കയാണു്. സ്ത്രീകൾ കൂടിയുൾപ്പെട്ടുനടത്തുന്ന കടകളിൽ നിന്നും ആഹാരം വാങ്ങിക്കഴിക്കുന്നതു് എനിക്കത്ര ഇഷ്ടമുള്ള ഒന്നല്ല; വിശേഷിച്ചും ഒരു കുഗ്രാമത്തിൽ. എങ്കിലും, 'ഗതികെട്ടാൽ പുലി പുല്ലും തിന്നു'മല്ലോ.

കാപ്പിയുണ്ടോ എന്നു സ്നേഹിതൻ ചോദിച്ചു, 'ഇല്ലല്ലോ. അല്പം അവിടെയിരിക്കാമെങ്കിൽ കാപ്പിയുണ്ടാക്കി

ത്തരാം' എന്നു കാപ്പിക്കടക്കാരൻ ആദരവോടെ പറഞ്ഞു. ഞങ്ങൾ അവിടെയിരുന്നു. അയാളുടെ ഭാര്യ കാപ്പി തയാറാക്കുവാൻ ഒരുങ്ങി. ഞാനും വൈദ്യനും ബെഞ്ചിലിരുന്നു തൂങ്ങാനും തുടങ്ങി. സ്നേഹിതൻ അയാളുമായി സംഭാഷണത്തിലേർപ്പെട്ടു. പെട്ടെന്നവർ കാപ്പി തിളപ്പിച്ചുതന്നു നല്ലചൂടുള്ള കരുപ്പട്ടിക്കാപ്പി. ചില പലഹാരങ്ങളും ഞങ്ങൾ വാങ്ങിത്തിന്നു. ഇത്ര രുചികരമായ കാപ്പി അതിനു മുൻപോ പിൻപോ ഞാൻ കുടിച്ചിട്ടുള്ളതായി ഓർക്കുന്നില്ല.

അതിനിടയിൽ കാപ്പിക്കട മാനേജർ ഞങ്ങളുടെ വിവരങ്ങളറിയുവാൻ താൽപ്പര്യം പ്രദർശിപ്പിച്ചു. ഞങ്ങൾ പുറപ്പെട്ട സ്ഥലവും എത്തേണ്ട സ്ഥലവും സ്നേഹിതൻ അയാളെ ധരിപ്പിച്ചു. രാത്രി ഒൻപതു മണിക്കുമുൻപായി ഞങ്ങൾ അവിടെ നിന്നും പുറപ്പെട്ടതാണെന്നറിഞ്ഞപ്പോൾ 'നിങ്ങൾ വഴിതെററി ഒരുപാടു ദൂരം നടന്നല്ലോ' എന്നയാൾ പറയുകയുണ്ടായി. അയാളുടെ അഭിപ്രായത്തിൽ, ഞങ്ങൾക്കെത്തേണ്ട സ്ഥലത്തേയ്ക്കു് ഇനിയും അഞ്ചുനാഴിക ദൂരമേയുള്ളു. സ്നേഹിതൻ അയാളോടു ചോദിച്ചു ശരിയായ വഴിമനസ്സിലാക്കി. അയാളുടെ പണം കൊടുത്തു ഞങ്ങൾ യാത്രതുടർന്നു. അൽപദൂരം നടന്നപ്പോൾ ഞങ്ങൾ കുററിക്കാടുകൾ നിറഞ്ഞ വിശാലമായ ഒരു മൈതാനത്തിലെത്തി. അതൊരെളുപ്പവഴിയായിരുന്നു. മൈതാനത്തിൽക്കൂടിപ്പോയാൽ വഴിക്കെളുപ്പമുണ്ടെന്നും എന്നാൽ വഴിതെററാനും എളുപ്പമുണ്ടെന്നും കാപ്പിക്കട മാനേജർ പറഞ്ഞിട്ടുണ്ടായിരുന്നു. ചിര

പരിചിതനേപ്പോലെസ്സേഹിതൻനടന്നു. ഞങ്ങൾ പിന്നാലെയും. കുറെ ചെന്നപ്പോൾ വഴി പലതായി തിരിയുന്നതു കണ്ടു. അദ്ദേഹം അല്പമൊന്നു സംശയിച്ചിട്ടു വീണ്ടും നടന്നു. വഴിതെററാനിടയാകരുതെന്നു ഞങ്ങൾ ഓർമ്മപ്പെടുത്തിയപ്പോൾ 'ഇതുതന്നെ ശരിയായവഴി'യെന്നദ്ദേഹം തീർത്തുപറഞ്ഞു. ഞങ്ങൾ നടന്നു. കിഴക്കു വെള്ളവീശിത്തുടങ്ങി. എന്നിട്ടും ആ വഴിയവസാനിക്കുന്ന മട്ടു കണ്ടില്ല. കാപ്പിക്കടക്കാരൻ പറഞ്ഞ കണക്കു ശരിയാണെങ്കിൽ ഞങ്ങൾ കമ്പോളവും കഴിഞ്ഞു് ഉദ്ദേശിച്ച സ്ഥലത്തു മിക്കവാറും എത്താറായിരിക്കണം. എന്നാൽ ആ കുററിക്കാട്ടുകളുടെയിടയ്ക്കു് ഒരു കമ്പോളവും ഞങ്ങൾ കണ്ടില്ല. കുറേക്കഴിഞ്ഞപ്പോൾ ചന്തയിൽ സാമാനങ്ങൾ വില്ക്കാൻ കൊണ്ടുപോകുന്ന ചില ചുമട്ടുകാരെക്കാണാനിടയായി. അവരോടു വഴി ചോദിച്ചു. ഞങ്ങൾ നേർവഴിയിൽ നിന്നും തെററി മൂന്നുനാഴികയിൽ കൂടുതൽ നടന്നു കഴിഞ്ഞതായി അപ്പോൾ ബോധ്യമായി. അത്രയും ദൂരം അവരുമൊത്തു തിരിയെനടന്നു. ഞങ്ങളെ നേർവഴിയിലെത്തിച്ചിട്ടു് അവർ അവരുടെ വഴിക്കുപോയി. നേരം വെളുത്തുകഴിഞ്ഞിരുന്നതിനാൽ മാർഗ്ഗഭ്രംശത്തെപ്പററിയുള്ള ഞങ്ങളുടെ ഭയം നിശ്ശേഷം നീങ്ങി.

## IV

ഒൻപതുമണിക്കു തുടങ്ങിയ നടപ്പു് അടുത്ത ഒൻപതുമണിയായിട്ടും അവസാനിച്ചില്ല. ഉറക്കമിളപ്പും തുടർച്ചയായ നടപ്പും ഇളവെയിലും ഞങ്ങളെ വല്ലാതെ തളർത്തി. ഞങ്ങൾ കമ്പോളത്തിലെത്തി ആഹാരം

കഴിഞ്ഞു് അല്പമൊന്നു വിശ്രമിച്ചതിനുശേഷം അവിടെ നിന്നും ഇറങ്ങി ഒരന്വേഷണം നടത്തി. തൽഫലമായി ഞങ്ങളുടെ ഈ ബദ്ധപ്പാടു നിഷ്ഫലമായി പരിണമിക്കാനാണു സാദ്ധ്യതയെന്നു ബോദ്ധ്യമായി. അതിനിടവരുത്തിയ സ്നേഹിതൻെറ മേൽ ഞങ്ങൾ കയർത്തു. ഉടനെ തിരിയെപ്പോകണമെന്നായി വൈദ്യൻ. ഏതായാലും ഇത്രയും ക്ലേശം സഹിച്ചു് ഇത്രയും അടുത്തുവരെ വന്നനിലയ്ക്കു് അവിടെയൊന്നു കയറിക്കണ്ടിട്ടു പോകാമെന്നു സ്നേഹിതൻ അഭിപ്രായപ്പെട്ടതു സ്വീകാര്യമാണെന്നെനിക്കും തോന്നി. ഞങ്ങൾ ആ വീട്ടിലെത്താൻ കുറെക്കൂടി നടന്നു. സ്നേഹിതൻ ഞങ്ങളെ ഗൃഹനാഥനു പരിചയപ്പെടുത്തിക്കൊടുത്തു അവർ തമ്മിലുണ്ടായ രഹസ്യസംഭാഷണത്തിൽ ഞങ്ങളുടെ ആഗമനോദ്ദേശ്യവും വൈദ്യനെ സംബന്ധിച്ചുള്ള വിശദവിവരങ്ങളും ഗൃഹനാഥൻ ഗ്രഹിച്ചു കഴിഞ്ഞെന്നു് അനന്തരമുണ്ടായ പെരുമാററത്തിൽ നിന്നും ഞങ്ങൾക്കൂഹിക്കുവാൻ കഴിഞ്ഞു. അവിടെ നിന്നും ഉടനെ - കൂടുതൽ സൽക്കാരങ്ങൾ സ്വീകരിക്കാൻ ഇടവരുന്നതിനു മുൻപു് - പുറപ്പെട്ടാൽ കൊള്ളാമെന്നു് വൈദ്യനും എനിക്കും ഒന്നുപോലെ ഉദ്ദേശമുണ്ടായിരുന്നു. എന്നാൽ സ്നേഹിതൻ കൂടി അതു സമ്മതിക്കേണ്ടേ? തന്നെയുമല്ല, അവിടെച്ചെന്ന നിലയ്ക്കു പെണ്ണിനെയൊന്നു കാണാതെ പോരാൻ ഇടവരുന്നതു കുറവുമല്ലേ? ഇതിനകം, കാരണവരെല്ലാം ഞങ്ങളെക്കണ്ടു. ചില എത്തിനോക്കലും കുശുകുശുക്കലുമല്ലാതെ മറെറാന്നും ഞങ്ങൾക്കനുഭവപ്പെട്ടില്ല. കളികഴിഞ്ഞു് ഊണിനുള്ള ഒരുക്കമായി.

ഊണിനോടൊപ്പം 'പെണ്ണുകാണലും' നടന്നു. ഇടത്തേ കരണത്തു് നമ്മുടെ ചത്തുപോയ കാൽച്ചക്രത്തിൻെറ വലിപ്പത്തിൽ ഒരു കറുത്ത മറുകുണ്ടെന്നല്ലാതെ മററു പറയത്തക്ക വിശേഷമൊന്നും പെൺകുട്ടിക്കുള്ളതായിട്ടെനിക്കു തോന്നിയില്ല.

ഒരു ചെറിയ വിശ്രമം കഴിഞ്ഞു് ആ നട്ടുച്ചയ്ക്കു് ഞങ്ങൾ യാത്രയ്ക്കൊരുങ്ങി. 'കാപ്പികുടിക്കേണ്ടേ? വെയിലാറിയിട്ടു പോയാൽ പോരേ?' എന്നൊക്കെ പല ചോദ്യങ്ങളും ഗൃഹനാഥനിൽ നിന്നും പുറപ്പെട്ടെങ്കിലും, ഞങ്ങളുടെ സ്നേഹിതനും ഏതാണ്ടു് ആ അഭിപ്രായത്തോടല്പം ആനുകൂല്യമുണ്ടായിരുന്നെങ്കിലും, ഇത്തവണ ഞങ്ങൾ തന്നെ വിജയിച്ചു. പരമസന്തുഷ്ടനായ ഗൃഹനാഥനോടു യാത്ര പറഞ്ഞു ഞങ്ങൾ നടന്നു. നാട്ടിലെത്തിയാലുടൻ കത്തുമൂലം തീരുമാനം അറിയിക്കാമെന്നു ഗൃഹനാഥനെ ധരിപ്പിച്ചിട്ടുള്ളതായി സ്നേഹിതൻ ഞങ്ങളോടു പറഞ്ഞു. 'എന്തിനാണു് അവധി വച്ചതു്? എൻെറ അഭിപ്രായം ഞാൻ നേരത്തേ പറഞ്ഞില്ലേ? അതു് ഉടൻ തന്നെ അങ്ങു് അറിയിക്കാമായിരുന്നില്ലേ?' എന്നു് അല്പം നീരസത്തോടെ വൈദ്യൻ ചോദിക്കാതേയുമിരുന്നില്ല. 'ഒരു വലിയ ഗുണമുണ്ടു വൈദ്യനേ. പെണ്ണിനെ വല്ലെടത്തും വച്ചു കാണാതെ പോയാൽ കണ്ടുപിടിക്കാൻ പ്രയാസമില്ലല്ലോ. പിന്നെന്താണിങ്ങനെ പറയുന്നതു്?' എന്നായി ഞാൻ. അതോടുകൂടി വൈദ്യനു് അദ്ദേഹത്തോടു തോന്നിയ നീരസം അല്പമൊന്നു വർദ്ധിക്കുകയും ചെയ്തു. എങ്കിലും അതൊന്നും കാര്യമാക്കാതെ പല

വിനോദഭാഷണങ്ങളിലും മുഴുകി രണ്ടുമൂന്നു ബസ്സുകളിൽ കയറി കഷ്ടപ്പെട്ടു് സന്ധ്യയോടുകൂടി ഞങ്ങൾ തിരിച്ചെത്തി. 'നാളെത്തന്നെ എഴുതത്തയ്ക്കണം. കാര്യം നടപ്പില്ലെന്നു തീർത്തെഴുതിയേക്കുക' എന്നു വൈദ്യൻ അദ്ദേഹത്തെ പ്രത്യേകം ചുമതലപ്പെടുത്തുകയും ചെയ്തു.

V

കാലചക്രഭ്രമണത്തിൽപ്പെട്ടു ഞങ്ങൾക്കും ചില പരിവർത്തനങ്ങൾ സംഭവിച്ചു. ഞാനും വൈദ്യനും ഇപ്പോൾ കുടുംബസമേതം രണ്ടു ദിക്കിലാണു താമസിക്കുന്നതു്. അടുത്ത ഒരവസരത്തിൽ ഒരു കാര്യം പ്രമാണിച്ചു് എനിക്കു് ഒരു സ്ഥലത്തു പോകേണ്ട ആവശ്യം നേരിട്ടു. അവിടെ വച്ചു യാദൃച്ഛികമായി കണ്ടെത്തിയ ഒരു സുഹൃത്തിന്റെ സ്നേഹപൂർവ്വമായ നിർബ്ബന്ധമനുസരിച്ചു് അദ്ദേഹത്തോടൊന്നിച്ചു പോകേണ്ടിവന്നു. അടുത്ത പ്രഭാതത്തിൽ ഞങ്ങൾ സ്വാമി ദർശനത്തിനായി അടുത്തുള്ള ദേവാലയത്തിൽ പോയി. അവിടെ യുവതിയായ ഒരു യോഗിനി കാഷായവസ്ത്രവും രുദ്രാക്ഷമാല്യങ്ങളുമണിഞ്ഞു് ഭസ്മചന്ദനാദികൾ ലേപനം ചെയ്തു് ഈശ്വരഭജനത്തിൽ മുഴുകിയിരിക്കുന്നതു് എന്റെ ശ്രദ്ധയെ ആകർഷിച്ചു. ആ യുവതിക്കു് ജീവിതത്തിൽ ഇപ്പോഴേ ഇത്രമാത്രം വൈരാഗ്യം തോന്നുവാനുള്ള കാരണം അറിയുവാൻ എനിക്കു തിടുക്കമായി. പ്രണയനൈരാശ്യമായിരിക്കാം സന്യാസവൃത്തിയവലംബിക്കുവാൻ ആ യുവതിയെ പ്രേരിപ്പിച്ചതെന്നും ഞാൻ ഊഹിക്കാതിരുന്നില്ല. എന്റെ അന്തർഗ്ഗതം അറിഞ്ഞിട്ടെന്നപോലെ സ്നേഹിതൻ പറഞ്ഞു.

‘കണ്ടിട്ടില്ല. ഒരു ബാലയോഗിനി!’ ‘സ്നേഹിതാ ഞാനും അതുതന്നെ ചോദിക്കാൻ തുനിയുകയായിരുന്നു. എന്തായിരിക്കാം ഇത്ര ചെറുപ്പത്തിൽ ഈ യുവതി സന്ന്യാസജിവിതം സ്വീകരിക്കാൻ ഇടയാക്കിയ ചുററുപാടുകൾ?’ ‘അതോ? അതു് പ്രണയനൈരാശ്യമല്ലാതെ മറെറാന്നുമല്ല’. എൻെറ ജിജ്ഞാസ അതിരു കവിഞ്ഞു.

ഞങ്ങൾ ദേവാലയത്തിൽനിന്നും മടങ്ങി. സ്നേഹിതൻ കഥ പറയാൻ തുടങ്ങി.

‘ഇവിടെ ഒട്ടടുത്താണു് ആ ബാലയോഗിനിയുടെ വീട്. ധനസ്ഥിതിയിലും കുടുംബമഹിമയിലും മികച്ചുനില്ക്കുന്ന ഒരു വീട്ടിലെ അംഗമായതുകൊണ്ടു പല സ്ഥാനങ്ങളിൽ നിന്നും പല വിവാഹാലോചനകളും വരികയുണ്ടായി. അവയൊന്നുംതന്നെ ആ യുവതിക്കു ഹിതമായില്ല. രക്ഷകർത്താക്കൾ വളരെ നിർബ്ബന്ധിച്ചു: ചതുരുപായങ്ങളും പ്രയോഗിച്ചുനോക്കി. എന്നിട്ടും യുവതി സ്വന്തം നിശ്ചയത്തിൽനിന്നും അണുപോലും വ്യതിചലിച്ചില്ല.’ ‘പൂർവ്വജന്മത്തിലെ കർമ്മഫലമായിരിക്കാം’ ഞാൻ ഇടയ്ക്കു കയറി പറഞ്ഞു. ‘അങ്ങനെ സംശയിക്കേണ്ട. പ്രണയനൈരാശ്യമാണെന്നു ഞാൻ ആദ്യമേ സൂചിപ്പിച്ചല്ലോ.’ സ്നേഹിതൻെറ ഈ അമാന്തം എൻെറ ജിജ്ഞാസയെ പൂർവ്വാധികം ഉദ്ദീപിപ്പിച്ചു. ‘അതെങ്ങനെ’യെന്നു ഞാൻ ചോദിച്ചു. ‘അതല്ലേ പറയാൻ തുടങ്ങുന്നതു്. ഈ യുവതി ഈ ജീവിതരീതി സ്വീകരിച്ചിട്ടു മൂന്നു വർഷമായിക്കാണും. അതിനുമുൻപായിരുന്നു വിവാഹാലോചനകൾ. ഒരിക്കൽ ഈ പെൺകുട്ടിയെക്കാണാൻ കുറച്ചകലെനിന്നും ഒരുകൂട്ടർ

വന്നിരുന്നു. വിവാഹം ചെയ്യാൻ ഉദ്ദേശിച്ചുവന്ന 'ചെറുക്കനെ' കൂടെ രണ്ടുപേരും. എന്തുകൊണ്ടോ അവർക്കു ഹിതമാകായ്കയാൽ ആ ആലോചന പുരോഗമിച്ചില്ല. അതോടുകൂടിയാണ് ഈ യുവതിക്കു നൈരാശ്യം പിടിപെട്ടതു്' 'ആ യുവാവിൽ ഈ കുട്ടി അത്യധികം ഭ്രമിച്ചിരിക്കാം' എന്നു ഞാൻ അഭിപ്രായപ്പെട്ടു. 'അതല്ല അതിലെ നേരമ്പോക്ക്', സ്നേഹിതൻ തുടൻ്റ–'കൂടെ രണ്ടുപേരുണ്ടായിരുന്നെന്നു പറഞ്ഞില്ലേ? അവരിൽ ഒരാളും അവിവാഹിതനായിരുന്നു. ആ വിദ്വാനിലാണ് ഈ സാധു ഭ്രമിച്ചുപോയതു്. ആ വിവാഹം നടപ്പില്ലെന്നു ബോദ്ധ്യമായതോടുകൂടി ഈ യുവതിയുടെ ജീവിതത്തിനു പാടേ ഒരു മാററം നേരിട്ടു. അതിനുശേഷം എത്രയോ ഭേദപ്പെട്ട വിവാഹാലോചനകൾ വന്നു. എല്ലാം നിരസിക്കുകയാണുണ്ടായതെന്നു മുൻപു പറഞ്ഞല്ലോ. രക്ഷകർത്താക്കൾ നേരിട്ടും മററു വിധത്തിലും പ്രേരിപ്പിച്ചുനോക്കി. ഫലിച്ചില്ല. പെട്ടെന്നുണ്ടായ ഈ മാനസാന്തരത്തിനു കാരണമെന്തെന്നവർ ആരാഞ്ഞു. ഒടുവിൽ ഗത്യന്തരമില്ലാതെയായപ്പോൾ കാരണം വ്യക്തമാക്കേണ്ടിവന്നു. അതോടെ രക്ഷകർത്താക്കൾ ആ വിദ്വാനെ സമീപിക്കുവാനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചുതുടങ്ങി. അതും ഫലിച്ചില്ല. അപ്പോഴേയ്ക്കും അവരുടെ രണ്ടുപേരുടേയും വിവാഹം നടന്നുകഴിഞ്ഞിരുന്നു. ഈ വിവരം ഗ്രഹിച്ചതോടുകൂടി ഈ യുവതി ലൗകിക കാര്യങ്ങളിൽ ലേശവും ആസക്തി കാണിക്കാതായിത്തുടങ്ങി. എന്നിട്ടും അവളുടെ മനസ്സിനെ നേർവഴിക്കു തിരിക്കുവാൻ വീട്ടുകാർ പിന്നേയും

പരിശ്രമിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു പൊറുതിമുട്ടിയി ട്ടാണെന്നു തോന്നുന്നു ഈ രൂപത്തിൽ ക്ഷേത്രത്തിൽ കഴി ച്ചുകൂട്ടുന്നതു്. നിർമ്മാല്യം തൊഴാൻ ക്ഷേത്രത്തിലെത്തി യാൽ അത്താഴപ്പൂജ കഴിഞ്ഞു നടയടയ്ക്കുന്നതുവരെ മിക്ക വാറും അവിടെത്തന്നെ. പകലെങ്ങാനും ഇടയ്ക്കു വീട്ടി ലേയ്ക്കൊന്നു പോയെങ്കിലായി. അവിടെച്ചെന്നാൽ കിട പ്പും മററും പ്രത്യേകം ഒരു കെട്ടിടത്തിലാണ്. ആ ഹാരകാര്യത്തിൽ വലിയ നിർബ്ബന്ധമൊന്നുമില്ല. വ ല്ലപ്പോഴും അമ്പലത്തിൽനിന്നും ഉണക്കച്ചോറു വാങ്ങിക്ക ഴിച്ചെങ്കിലായി.

എനിക്കു പലതും ചോദിച്ചറിയാനുണ്ടായിരുന്നു. എ ന്തോ വലിയ ഒരസ്വസ്ഥത ഞാൻ അറിയാതെ എന്നെ ബാധിച്ചിരുന്നതുകൊണ്ട് ഒന്നും ചോദിക്കുവാൻ എനി ക്കു കഴിവുണ്ടായില്ല. 'ഇപ്പോഴം വീട്ടുകാർ ഈ യോഗിനി യെ ഒരുവിധത്തിലും ശല്യപ്പെടുത്താറില്ല. വീട്ടിനടുത്തു് അവർക്കൊരു ചെറിയ വീടുണ്ട്. അതു് യോഗിനിക്കായി ഒഴിഞ്ഞുകൊടുത്തിരിക്കുകയാണ്. മാസത്തിൽ നാലഞ്ചു ദിവസം അവിടെത്തന്നെയാണു താമസം.'

സ്നേഹിതൻ കഥ പറഞ്ഞവസാനിപ്പിച്ചതായിത്തോ ന്നി അവരുടെ വീട്ടുപേരെന്താണെന്നു ഞാനന്വേഷി ച്ചു. അദ്ദേഹം അതു പറഞ്ഞിട്ട് 'പരിചയമുണ്ടോ' എന്നു ചോദിച്ചു. വളരെ വിഷമിച്ചാണ് 'ഇല്ല' എന്ന രണ്ടക്ഷ രം എന്നിൽനിന്നും പുറപ്പെട്ടതു്. എനിക്ക് അടക്കാൻ വയ്യാത്ത ഭാവഭേദമുണ്ടായി. സ്നേഹിതൻ അതു ലേശവും

ഗ്രഹിക്കാതിരിക്കുവാൻ ഞാൻ വളരെ പണിപ്പെടേണ്ടിവ ന്നു. പണ്ടു ഞങ്ങൾ വൈദ്യനുവേണ്ടി കാണാൻവന്ന പെ ണ്ണായിരിക്കാമതെന്നെനിക്കു സംശയമുണ്ടായി ആ ബാല യോഗിനിയെ വീണ്ടുമൊന്നു കണ്ടിരുന്നെങ്കിൽ സംശയം തീക്കാൻ മാർഗ്ഗമുണ്ടായിരുന്നല്ലോ എന്നു ഞാൻ ഓർമ്മി ച്ചു. സ്നേഹിതനോടെങ്ങനെയാണ് ആ വിവരം പറയുക? ആ പെൺകുട്ടിയുടെ ജീവിതം പാഴാക്കിയ ഭയങ്കരൻ ഞാ നായിരുന്നു എന്നദ്ദേഹം അറിയുകയില്ലേ? ആ വസ്തുത സ്നേഹിതൻ അറിയാതെ കഴിച്ചുകൂട്ടിയാൽ കൊള്ളാം എന്നെനിക്കുദ്ദേശമുണ്ടായിരുന്നു. അതുകൊണ്ടു യോഗിനി യെ വീണ്ടും കാണണമെന്നു പറയുവാൻ എനിക്കു ധൈ ര്യമുണ്ടായില്ല എങ്കിലും ആ ആഗ്രഹം എന്റെ ഹൃദയ ത്തെ ബലമായി മഥിച്ചുകൊണ്ടിരുന്നു. അപ്പോഴേയ്ക്കും ഞങ്ങൾ സ്നേഹിതന്റെ വീട്ടിൽ എത്തിയിരുന്നു. എനി ക്കൊന്നിനും ഒരുന്മേഷം ഇല്ലാതായി. അദ്ദേഹത്തിനു സംശയം തോന്നാതിരിക്കാൻ വേണ്ടി മാത്രം ഞാൻ ആ ഹാരം കഴിച്ചു എന്നു വരുത്തി യോഗിനിയെ വീണ്ടുമൊ ന്നു കാണാനുള്ള ആഗ്രഹത്താൽ പ്രേരിതനായ ഞാൻ അദ്ദേഹത്തിന്റെ നിർബ്ബന്ധത്തിനു കീഴ്പ്പെട്ടവനെന്ന പോലെ യാത്ര അല്പം നീട്ടിവച്ചു.

വെയിലാറി. സ്നേഹിതന്റെ ആത്മാർത്ഥമായ സ ല്ക്കാരത്തിനു നന്ദിപറഞ്ഞു ഞാൻ യാത്രയ്ക്കൊരുങ്ങി. അ ദ്ദേഹം എന്നെ അനുയാത്രചെയ്തു. നേർവഴിയേ പോയാൽ ബാലയോഗിനിയെക്കാണാൻ തരമില്ല. അതുകൊണ്ട്

'നമുക്ക് ആ ക്ഷേത്രത്തിൽ കയറിപ്പോകാം' എന്നു പറയാതിരിക്കുവാൻ എനിക്കു മനസ്സു വന്നില്ല. അങ്ങനെ ഞങ്ങൾ വീണ്ടും ബാലയോഗിനിയുടെ സങ്കേതത്തിലെത്തി. ക്ഷേത്രത്തിൽ പ്രദക്ഷിണം ചെയ്യുന്ന യോഗിനിയെ കണ്ടപ്പോൾ എൻെറ ദൃഷ്ടി പതിഞ്ഞതു് അവരുടെ ഇടതേ കരണത്തായിരുന്നു. ആ മറുക് എനിക്കൊരുൾക്കിടിലമുണ്ടാക്കി. എൻെറ ഭാവഭേദങ്ങളെ ഗോപനം ചെയ്യുന്നതിൽ ഞാൻ പരാജിതനാകയാൽ പോകാൻ തിടുക്കം കൂട്ടി. നേർവഴിയിലെത്തി സ്നേഹിതൻ യാത്രപറഞ്ഞപ്പോൾ മാത്രമാണു് എനിക്കു ജീവൻ നേരേ വീണതു്. അടക്കാൻ വയ്യാത്ത ഹൃദയവ്യഥയോടെ ഞാൻ നടന്നു. എനിക്കൊന്നു പൊട്ടിക്കരയണമെന്നു തോന്നി. പെരുവഴിയല്ലേ? ആളുകൾ എന്തു കരുതും? ഞാൻ പണിപ്പെട്ടു് ആ തോന്നലടക്കി. കാലുകൾ എന്നെ ബസ്സ് സ്റ്റാൻഡിലേയ്ക്കു് ഒരു വിധത്തിൽ വലിച്ചുകൊണ്ടുപോയി.

PRINTED AT
SARVODAYAM PRESS, KOTTAYAM.

**KOTTAYAM PUBLIC LIBRARY**
KOTTAYAM

Cl. No. MF9 Acc. No. 81686

This book should be returned on or before the date last stamped below.

- 4 JAN 2001

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9 81686

കേശവൻ നായർ. എൻ

ആലത്തൂർ കാരക്ക

## പ[illegible]ിയ പ്രസിദ്ധീകരണങ്ങൾ

([illegible]) [illegible]വിവ[illegible] (ജീവചരിത്രം)

മാവേലിക്കര [illegible] ണപിള്ള. 1-

ഡോ. സ[illegible]ാമ്മൻ [illegible]പിള്ള. (ജീവചരിത്രം)

[illegible] 1-

കാളി[illegible]

M. R. വേലുപ്പിള്ളശാസ്ത്രി B. A. 1-

ആവല്ലൂർക്കാക്കൾ. ([illegible]കഥ.)

[illegible]പാദ്ധ്യായൻ N. [illegible] 1-

[illegible] ചരിത്രം. [illegible] വൃത്ത[illegible]

എഴുത്തച്ഛന്റെ 24 വൃത്ത[illegible]

[illegible]ൽ നിർമ്മിച്ചതു്. 1-

മ[illegible] (ജീ[illegible] ചരിത്ര[illegible]കൾ.)

തിരുവാങ്കുളം അനുജൻ M. A. 1-

എന്നി[illegible] ഞാനേ സ്നേഹിക്കുന്നു.

[illegible]ടകം ([illegible] ഈ. [illegible]

എന്റെ [illegible]ട്ടുകേസ്. (ബാലമുര[illegible] 1-

പ[illegible]ന്റ്. ചെറുകഥാസമാഹാരം. [illegible]ടിയ.

എഴുതാത്ത കാർഡു്. ടി ടി

[illegible]ളി[illegible] സാഹിത്യവും. (നിരൂപണം) ടി

മാടശ്ശേരി മാധവവാര്യർ.

[illegible] ഗ്രന്ഥശാലകൾക്ക [illegible]

[illegible]

[illegible] ക്കുക.

[illegible]

[illegible]മിത്ര[illegible] പുസ്തക[illegible] [illegible]